# ഏലിയാവിന്റെ ദൈവം എവിടെ?

## പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# ഏലിയാവിന്റെ ദൈവം എവിടെ?

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

Email: meringraphics@gmail.com

●

*copy right reserved*

●

## അവതാരിക

ബഹുമാനപ്പെട്ട യോഹന്നാൻ സാർ എഴുതിയ ഈ പുസ്തകത്തിന് അവതാരിക എഴുതുവാൻ എന്നെ നിയോഗി ച്ചത് ഒരു ഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. കാരണം എന്റെ അദ്ധ്യാപകനും ആത്മീയ ഗുരുവുമായ അദ്ദേഹത്തിന്റെ പുസ്തകത്തിന് അവതാരിക എഴുതുക എന്നുള്ളത് ഒരു അംഗീ കാരമായി ഞാൻ കരുതുന്നു. തന്നെയുമല്ല ഈ പുസ്തകം വായിച്ചപ്പോൾ ഇതിൽ പരമാർശിക്കപ്പെട്ടിരിക്കുന്ന ഗുരുശിഷ്യ ആത്മബന്ധം ഞങ്ങൾ തമ്മിലുണ്ടെന്നുള്ളതും എനിക്ക് ചാരി താർത്ഥ്യം നൽകി.

“ഏലിയാവിന്റെ ദൈവം എവിടെ?” എന്ന ഈ പുസ്ത കത്തിന്റെ പേരുതന്നെ വളരെ അനുയോജ്യമാണ്. ഏലിയാ എന്ന പേരിന്റെ അർത്ഥം ഏൽ+യാഹ് = എന്റെ ദൈവം യഹോവ എന്നാണ്. ജനം ബാൽ ആരാധനയിലേയ്ക്ക് അധ:പതിച്ചുകൊണ്ടിരുന്നപ്പോൾ യിസ്രായേലിന്റെ ദൈവം യഹോവ മാത്രമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്ത സംഭവം ഏലിയാവിന്റെ സമർപ്പണ ജീവിതത്തിന്റെ ഉത്തമദൃഷ്ടാന്ത മാണ്.

രക്ഷാകര ചരിത്രത്തിൽ ഏലിയാവിന് നിർണ്ണായകമായ സ്ഥാനമാണുള്ളത്. യേശുവിന്റെ മനുഷ്യാവതാരം ഏലിയാവിന്റെ പുനരവതാരമായിപ്പോലും യഹൂദന്മാർ കാണുന്നുണ്ട്.

“വരുവാനുള്ള ഏലീയാ അവൻ തന്നെ” മത്തായി 11:14 എന്ന തിരുവചനം ഇതിന് തെളിവാണ്.

ഒരിക്കൽ കർത്താവ് തന്റെ ശിഷ്യന്മാരോട്, ജനം എന്നെ ആരെന്നാണ് പറയുന്നത് എന്ന് ചോദിച്ചു. അതിന് ചിലർ യോഹന്നാൻ സ്നാപകൻ എന്നും ചിലർ ഏലിയാ എന്നും ശിഷ്യന്മാർ ഉത്തരം പറയുന്നതായി കാണുന്നു. യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ വേഷവിധാനമായിരുന്നു സ്വീകരിച്ചിരുന്നതെന്നാണ് മനസ്സിലാകുന്നത്. അപ്പോൾ ഏലീയാവിന്റെ സ്വാധീനം രക്ഷാകരസംഭവത്തിൽ എത്രമാത്രമായിരുന്നു എന്ന് മനസ്സിലാക്കാം.

ഈ പുസ്തകത്തിലുടനീളം ഏലീയാവിന്റെ പരിശുദ്ധാത്മാഭിഷേകവും ഏലീശാ അതിൽ ആകൃഷ്ടനായി ഇരട്ടി ശക്തി ആഗ്രഹിക്കുന്നതുമാണ് പരമാർശിക്കപ്പെട്ടിരിക്കുന്നത്. ഏലിയാവ് ദൈവത്തോടുകൂടെ യാത്ര ചെയ്യുന്നതായി ഇവിടെ വിവരിക്കുന്നു. കർത്താവിനോടു കൂടെ യാത്ര ചെയ്യുവാനുള്ള നമ്മുടെ ഉത്തരവാദിത്വമാണ് ഇവിടെ വെളിപ്പെടുന്നത്.

ഏലിയാവ് ആദ്യമായി പോകുന്നത് ഗിൽഗാലിലേയ്ക്കാണ്. ഗിൽഗാൽ എന്ന പദത്തിന്റെ അർത്ഥം നിന്ദ നീക്കിക്കളഞ്ഞിരിക്കുന്നു എന്നാണ്. യിസ്രായേൽ മിസ്രയീമിന്റെ അടിമത്തത്തിലും ഫറവോന്റെ പീഡനത്തിലുമായിരുന്നു. അവിടെ നിന്നുള്ള രക്ഷയാണ് ഗിൽഗാലിൽ സംഭവിക്കുന്നത്. പൈശാചിക ബന്ധനത്തിൽ നിന്നുള്ള വിടുതലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. നാം ശത്രുവിന്റെ ബന്ധനത്തിൽ നട്ടം തിരിയുവാ

നല്ല അവിടെ നിന്ന് രക്ഷ പ്രാപിക്കണമെന്നാണ് ദൈവം ആഗ്ര ഹിക്കുന്നത്.  സ്വർഗ്ഗീയനാകാൻ ലക്ഷ്യമാക്കിയുള്ള ഈ പാലായനത്തിൽ പല പടികളും കയറേണ്ടവരാണ് നാം.

ഗിൽഗാൽ സഭയുടെ പ്രതീകമാണ്.  അവിടത്തെ മതപര മായ ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളും സഭയുടെ സ്വഭാ വമാണ്. ഗിൽഗാൽ നമ്മുടെ മാമോദീസായുടെ അനുഭവമാ ണ്.  ഗിൽഗാലിൽ നിൽക്കുവാനല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്.  നാം ഗിൽഗാലിന്റെ സുഖ ജീവിതം കൊണ്ട് സംതൃപ്തരായാൽ പോരാ  ഇത് യാത്രയുടെ ആരംഭം മാത്ര മാണ്.

വീണ്ടും ബേഥേലിലേയ്ക്ക് യാത്ര ചെയ്യണം.  ബേഥേൽ വളർച്ചയുടെ പാതയാണ്.  ബേഥേൽ ദേവാലയത്തിന്റെ മുന്നോടിയാണ്.  ബേഥേൽ ആരാധനയുടെ സ്ഥലമാണ്.  ആരാ ധനയിൽ മഹത്വം ദർശിക്കുന്ന അനുഭവം നമുക്കുണ്ടാവണം.

വീണ്ടും യറീഹോവിൽ എത്തുകയാണ്.  യറീഹോ പോരാട്ടത്തിന്റെ, കീഴടക്കലിന്റെ അനുഭവമാണ്.  ക്രിസ്തീയ ജീവിതം ജയജീവിതമായിരിക്കണം.  പാപത്തോടുള്ള പോരാ ട്ടത്തിൽ ജയം കണ്ടെത്തുവാൻ സാധിക്കണം.

തുടർന്ന് യോർദ്ദാനിലേയ്ക്കുള്ള യാത്രയാണ്.  യോർദ്ദാൻ കുരിശിന്റെ പീഡയുടെ, സഹനത്തിന്റെ സ്ഥലമാണ്. യോർദ്ദാന്റെ അനുഭവത്തിലൂടെ നമ്മിലുള്ള പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ട് ക്രിസ്തുവിൽ ജീവിക്കുന്ന അനുഭവം നാം പ്രാപിക്കണം.

ഏലിയാവിന്റെ അഭിഷേകത്തിന്റെ ഇരട്ടി ശക്തി ലഭി ക്കുക എന്നതാണ് ഏലീശായുടെ ആഗ്രഹം എന്ന് കണ്ടല്ലോ.

ദൈവം ഏലിയാവിനു കൊടുക്കുന്ന ഒരു നിർദ്ദേശമാണ് "സാഫാത്തിന്റെ മകനായ ഏലീശായെ നിനക്കു പകരം പ്രവാചകനായി അഭിഷേകം ചെയ്യുക." (1 രാജാക്കന്മാർ 19:16) എന്നത്.

ദൈവത്തിന്റെ നിർദ്ദേശമനുസരിച്ച് ഏലിയാവ് ഏലീശയെ കണ്ടെത്തുന്നു. പന്ത്രണ്ട് ഏർ കാളകളുമായി നിലം ഉഴുതുകൊണ്ടിരിക്കുന്ന ഏലീശയെയാണ് കാണുന്നത്. പ്രാർത്ഥനയിൽ മുഴുകിയ പ്രവാചകനെയാണ് ഏലിയ പ്രതീക്ഷിച്ചതെങ്കിലും പ്രവർത്തന നിരതനായ വ്യക്തിയെയാണ് കണ്ടെത്തുന്നത്. കർത്താവ് ശ്ലീഹന്മാരെ വിളിക്കുന്നതും ഇതേ സ്വഭാവത്തിലാണ്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെയാണ് കർത്താവ് വിളിച്ച് നിയോഗിക്കുന്നത്. ഏതായാലും ഏലീശാ ഏലിയാവിന്റെ വിളി കേൾക്കുന്നതായും അനുഗമിക്കുന്നതായും കാണുന്നു.

> "പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു."
>
> ഫിലിപ്പിയർ 3:13

ഓരോ ക്രൈസ്തവന്റേയും വിളിയാണിത്. വിളിക്കപ്പെട്ട വിളിയ്ക്കനുസരിച്ച് പ്രതികരിക്കുവാൻ സാധിക്കുന്നുണ്ടോ? ചിന്തിക്കുക. ഏലീശാ പിന്നീട് ഏലിയാവിന്റെ സന്തത സഹചാരിയായിത്തീരുന്നു. ഏലിയാവിന്റെ സ്വർഗ്ഗാരോഹണ സമയം അടുത്തപ്പോൾ ഏലീശായെ തന്നിൽ നിന്നും അകറ്റുവാൻ ഏലിയാ ശ്രമിക്കുന്നുണ്ട്. പക്ഷേ, "യഹോവയാണ, നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല" എന്ന ഏലീശാ

പറയുന്നതായി കാണുന്നു.

ചുരുക്കിപ്പറഞ്ഞാൽ ഏലിയാവ് ചുഴലിക്കാറ്റിൽ എടുക്കപ്പെടുന്നതുകണ്ട ഏലീശായ്ക്ക് ഏലിയാവിന്റെ പുതപ്പ് ലഭിക്കുകയും അത് ലഭിച്ച ഏലീശാ ഏലിയാവിന്റെ പുതപ്പുകൊണ്ട് യോർദ്ദാൻ നദിയെ അടിക്കുകയും വെള്ളം രണ്ടായി പിരിഞ്ഞ് അത്ഭുതം സംഭവിക്കുകയും ചെയ്യുന്നു. ഇതുകണ്ട പ്രവാചക ശിഷ്യന്മാർ ഏലിയാവിന്റെ ആത്മാവ് ഏലീശായുടെ മേൽ അധിവസിക്കുന്നു എന്ന് പറഞ്ഞ് അവനെ എതിരേറ്റ് ചെന്ന് അവന്റെ മുൻപിൽ സാഷ്ടാംഗം വീഴുന്നു. (2 രാജാക്കന്മാർ 2:14–15)

ഒരു ദൈവപൈതലിനു സംഭവിക്കേണ്ട അനുഭവങ്ങളാണ് ഈ സംഭവത്തിന്റെ വ്യാഖ്യാനത്തിലൂടെ ഈ പുസ്തകത്തിൽ ബഹുമാനപ്പെട്ട യോഹന്നാൻ സാർ വിവരിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ശക്തമായ തൂലികയിലൂടെ അത് തികച്ചും വിജയിച്ചു എന്നാണ് എന്റെ കണ്ടെത്തൽ. ഈ പുസ്തകം വായിക്കുന്നവർക്ക് പരിശുദ്ധാത്മാഭിഷേകത്തിന്റേയും ശക്തീകരണത്തിന്റേയും അനുഭവം കരസ്ഥമാക്കുവാൻ സാധിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ആത്മാവിന്റെ നിറവിലും അഭിഷേകത്തിലും എത്തുവാൻ ഈ ഗ്രന്ഥം പാരായണം ചെയ്യുന്ന എല്ലാവർക്കും സാധിക്കട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**ഫാദർ ജോൺ വള്ളിക്കാട്ടിൽ**
ഡയറക്ടർ
സുഖദ റീട്രീറ്റ് സെന്റർ
കോലഞ്ചേരി

കോലഞ്ചേരി
10–04–2005

# മുഖമൊഴി

സമർത്ഥനും സാഹസികനുമായ ഒരു യുവാവുണ്ടായിരുന്നു. അമേരിക്കയിലെ ഇല്ലിനോയ്സ് എന്ന സ്ഥലത്തെ ജന പ്രതിനിധി സഭയിലേയ്ക്ക് അവൻ മത്സരിച്ചു. ദയനീയമായി പരാജയപ്പെട്ടു. അവൻ പിന്നീട് ഒരു ബിസിനസ്സ് തുടങ്ങി. അവന്റെ സ്വാർത്ഥമതിയായ ബിസിനസ്സ് പങ്കാളി വരുത്തിയ ഭീമമായ നഷ്ടം നികത്തുന്നതിനായി അവൻ പതിനഞ്ചുവർഷം കഠിനാദ്ധ്വാനം ചെയ്തു. അവൻ വലിയ കടക്കെണിയിൽപ്പെട്ടു.

സുന്ദരിയായ ഒരു യുവതിയെ അവൻ സ്നേഹിച്ചു. അവളെ വിവാഹം കഴിക്കുവാൻ ആഗ്രഹിച്ചു. ആ വിവാഹം നടന്നേനെ. പക്ഷേ അവൾ മലമ്പനി പിടിപെട്ട് മരിച്ചു.

അവൻ പിന്നീട് രാഷ്ട്രീയ പ്രവർത്തനത്തിലേയ്ക്ക് കടന്നു. അമേരിക്കൻ കോൺഗ്രസ്സിൽ ഒരു സീറ്റു കിട്ടാൻ ശ്രമിച്ചെങ്കിലും അത് നടന്നില്ല. പക്ഷേ അവൻ തളരാതെ വീണ്ടും പരിശ്രമിച്ചു. സീറ്റ് കിട്ടിയെങ്കിലും അവനെ ആരും ഗൗനിച്ചില്ല. പരിഗണിച്ചില്ല. അവൻ മടുപ്പും നൈരാശ്യവും ബാധിച്ച്

രണ്ടു വർഷങ്ങൾക്കുശേഷം വാഷിങ്ടൺ വിട്ടു.

അഞ്ചു വർഷങ്ങൾക്കു ശേഷം അവൻ അമേരിക്കൻ സെനറ്റിലേക്ക് വീണ്ടും മത്സരിച്ചു. പക്ഷെ പരാജിതനായി. എന്നാൽ അവൻ പിന്മാറാൻ തയ്യാറായില്ല. അത്യുത്സാഹ ത്തോടെ യത്നിച്ചു. തളർന്നു പോകാതെ പരിശ്രമിച്ചു. അവൻ ദൈവവചനം വിശ്വസിച്ചു. ദൈവത്തിൽ ആശ്രയിച്ചു. ആത്യ ന്തിക വിജയം ക്രിസ്തു നൽകും എന്നവൻ ഉറച്ചു വിശ്വസി ച്ചു. നിരാശയ്ക്കിടം കൊടുത്തില്ല. മനസ്സു തളരാൻ സമ്മതി ച്ചില്ല. ആ യുവാവാണ് അമേരിക്കയിലെ ഏറ്റവും മഹാനായ പ്രസിഡന്റ് എബ്രഹാം ലിങ്കൺ.

ആത്മീയമായിട്ടാണെങ്കിലും ഭൗതികമായിട്ടാണെങ്കിലും നേട്ടങ്ങൾ കൊയ്യുന്നത് തളരാതെ അദ്ധ്വാനിക്കുന്നവരാണ്. പരിശുദ്ധാത്മാവിന്റെ നിറവുള്ള അഭിഷേകം പ്രാപിക്കുവാൻ മടുത്തുപോകാതെ യത്നിക്കുന്ന ഏലീശാ പ്രവാചകന്റെ പത റാത്ത ചുവടുവെയ്പ്പുകളാണ് "ഏലിയാവിന്റെ ദൈവം എവിടെ?" എന്ന ഈ ഗ്രന്ഥത്തിന്റെ കാമ്പും കാതലും. ദാഹ ത്തോടെ അത്യാർത്തിയോടെ ആത്മാവിന്റെ ശക്തിക്കുവേണ്ടി ഓടുന്ന പ്രവാചകന്റെ ജീവിതം എന്റെ ബഹുമാന്യരായ അനു വാചകർക്ക് കരുത്ത് പകരട്ടെ എന്നാണെന്റെ ആശംസ.

മറ്റെല്ലാ ഗ്രന്ഥങ്ങൾക്കുമെന്നപോലെ ഇതിനും ഉള്ള ഴിഞ്ഞ സഹായവും സഹകരണവും എന്റെ സ്നേഹം നിറഞ്ഞ വായനക്കാർ തരുമെന്ന് ഞാൻ വിശ്വസിക്കുന്നു. തല മുറകൾ കഴിഞ്ഞും കൊഴിഞ്ഞും പോയാലും എക്കാല ത്തേക്കും വിലതീരാത്ത നിധിയായി ഈ ഗ്രന്ഥവും തീരണം എന്നാണെന്റെ ആശയും ആവേശവും. പ്രസംഗങ്ങളിലൂടെ അന്തരീക്ഷത്തിൽ ലയിച്ചും അലിഞ്ഞും തീരേണ്ടതല്ല

ആത്മീയ സന്ദേശങ്ങൾ എന്ന ചിന്താഗതിയുടെ ഉൾപ്രേരണ യാലാണ് ഈ ഗ്രന്ഥവും രചിക്കാൻ ഞാൻ ഉദ്യുക്തനായത്.

പണ്ട് ആചാര്യദണ്ഡി പറഞ്ഞതുപോലെ,

“ഇദമന്ധം തമഃകൃൽസ്നം
ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതി–
രാചന്ദ്രാർക്കം ന ദീപ്യതേ”

ശബ്ദവും ഭാഷയും ഇല്ലായിരുന്നെങ്കിൽ ലോകമാകെ ഇരുളടഞ്ഞു പോകുമായിരുന്നു. വാമൊഴി വരമൊഴിയാക്കി പകർത്താനുള്ള സംവിധാനങ്ങൾ ലഭിച്ചതിനുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ മുദ്രണത്തിനും കവർ ഡിസൈനി ങ്ങിനും ഡി.റ്റി.പി.ക്കും പ്രൂഫ് റീഡിങ്ങിനുമെല്ലാം അദ്ധ്വാനിച്ച എന്റെ പ്രിയപ്പെട്ടവരോട് ഞാൻ എങ്ങിനെയാണ് നന്ദി അറി യിക്കേണ്ടത്? കരുണയുള്ള കർത്താവ് അവരെയെല്ലാം കുടും ബമായി അനുഗ്രഹിക്കട്ടെ എന്നുമാത്രം ഞാൻ പ്രാർത്ഥിക്കു ന്നു. അവരിൽ ശ്രീ. എ.ജെ. അബി (റിട്ട. ജനറൽ മാനേജർ, റ്റി.സി.എം., മേട്ടൂർ ആന്റ് കളമശ്ശേരി) യെക്കുറിച്ച് പരാമർശി ക്കാതെ പോകാൻ എനിക്ക് സാധിക്കുന്നില്ല.

വളരെ ആശയ സമ്പുഷ്ടവും ഹൃദയ സ്പർശിയുമായ ഒരു അവതാരിക എഴുതിത്തന്ന ബഹു. ജോൺ വള്ളിക്കാ ട്ടിൽ അച്ചനോടുള്ള എന്റെ കൃതജ്ഞതയും ആദരവും ഞാനി വിടെ പ്രകാശിപ്പിച്ചു കൊള്ളട്ടെ. സുഖദ റിട്രീറ്റ് സെന്ററിന്റെ ഡയറക്ടറായ ബഹു. അച്ചൻ എന്നോടും ഈ ഗ്രന്ഥത്തോടും കാണിച്ച ആദരവിനും സ്നേഹത്തിനും ഞാനെന്നും കടപ്പെ ട്ടിരിക്കുന്നു.

മനസ്സിൽ ചില ഗ്രന്ഥങ്ങൾ രൂപപ്പെട്ടു വരുന്നുണ്ട്. അവയെല്ലാം രചിക്കുവാൻ ആവശ്യമായ ആയുസ്സും ആരോഗ്യവും കൃപയും കർത്താവ് നൽകട്ടെ എന്നുമാത്രം ഞാൻ പ്രാർത്ഥിക്കുകയാണ്. ഈ ഗ്രന്ഥം വായിക്കുന്ന ഏവരും പരിശുദ്ധാത്മാവിന്റെ നിറവുള്ള വിശുദ്ധന്മാരായി തീരുവാൻ ഇടയാകട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആശിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം

**എം.വൈ. യോഹന്നാൻ സാർ**

## ഒന്ന്

"അങ്ങനെ അവൻ അവിടെ നിന്ന് പുറപ്പെട്ട് സാഫാത്തിന്റെ മകനായ ഏലീശയെ കണ്ടെത്തി."

1 രാജാ. 19:19

അങ്ങനെ അവൻ അവിടെ നിന്ന് പുറപ്പെട്ടു. ഏലിയാവ് എങ്ങനെയാണ് പുറപ്പെട്ടത്? ധൈര്യശാലിയായി പുറപ്പെട്ടു. തളർച്ചയിൽ നിന്ന് എഴുന്നേറ്റ് പുറപ്പെട്ടു. ക്ഷീണിതനായി ഇരുന്നവൻ ഉത്സാഹഭരിതനായി പുറപ്പെട്ടു. മങ്ങി മയങ്ങി ഇരുന്നവൻ ഉത്സാഹ പ്രകർഷത്തോടെ പുറപ്പെട്ടു. മനം മടുത്തിരുന്നവൻ പുതിയ എരിവോടെ പുറപ്പെട്ടു. ശുഷ്കാന്തി മങ്ങിപ്പോയവൻ പുതിയ വീര്യം ഉൾക്കൊണ്ട് എഴുന്നേറ്റ് നടന്നു. അങ്ങനെ അവൻ പുറപ്പെട്ടു.

വീര്യം പകരുന്ന ദൈവമുണ്ട്. ഉണർവ്വ് തരുന്ന ദൈവമുണ്ട്. പ്രത്യാശ തരുന്ന ദൈവമുണ്ട്. നഷ്ടപ്പെട്ടുപോയ വീര്യം മടക്കിത്തരുന്ന ദൈവമുണ്ട്. ശുഷ്കാന്തി തിരികെ തരുന്ന ദൈവമുണ്ട്. വീണുപോയവനെ എഴുന്നേൽപ്പിക്കുന്ന ദൈവ

മുണ്ട്. കുനിഞ്ഞിരിക്കുന്നവനെ നിവർത്തുന്ന ദൈവമുണ്ട്. തളർന്ന് പോയവനെ ശക്തീകരിക്കുന്ന ദൈവമുണ്ട്. ചഞ്ചല ഹൃദയരെ ഉറപ്പിക്കുന്ന ദൈവമുണ്ട്. ബലഹീനരെ താങ്ങുന്ന ദൈവമുണ്ട്.

ദൈവപൈതലേ, ഈ ദൈവത്തെ നിനക്ക് പരിചയം ഉണ്ടോ? ഈ നിത്യനായ ദൈവത്തെ നീ കണ്ടിട്ടുണ്ടോ? ഈ ദൈവത്തിന്റെ കൃപയെ നീ അനുഭവിച്ചിട്ടുണ്ടോ? ഈ ദൈവ സന്നിധിയിൽ നീ പ്രാർത്ഥിച്ചിട്ടുണ്ടോ? ഈ ദൈവം നിന്റെ പ്രാർത്ഥന കേൾക്കും എന്ന് നിനക്ക് വിശ്വാസമുണ്ടോ? നീ ഉള്ളുനൊന്തു കരഞ്ഞ് പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ഉണ്ട് എന്ന് നീ അറിയുന്നുണ്ടോ?

ദൈവം നിനക്ക് പുതിയ ശുശ്രൂഷകൾ തരികയാണ്. ഏലീയാവ് പുറപ്പെട്ടു ഏലീശയെ കണ്ടെത്തി. ഏലീശയെ ഏലിയാവ് കാണുമ്പോൾ ഏലീശ പന്ത്രണ്ട് ഏർ കാളപൂട്ടി ഉഴുവിച്ചുകൊണ്ടിരിക്കുകയായിരുന്നു. വലിയൊരു ധനിക നായ കൃഷിക്കാരൻ. ധനാഢ്യനായ ഒരു കൃഷിക്കാരൻ. ഒട്ടേറെ നിലം പുരയിടങ്ങളുള്ള ഒരു വലിയ സമ്പന്നനായ കൃഷിക്കാരൻ.

ഏലീശ പന്ത്രണ്ട് ഏർ കാള പൂട്ടി ഉഴുവിച്ചു കൊണ്ടിരുന്നു. അതിൽ ഏറ്റവും പിറകിൽ ഏലീശ തന്നെയാണ് ഉഴുവുന്നത്. പന്ത്രണ്ടാമത്തേതിനോട് കൂടെ താൻ തന്നെ ആയിരുന്നു.

അദ്ധ്വാനിച്ചു കൊണ്ടിരിക്കുമ്പോഴാണ് ദൈവം ഏലീശയെ തൊടുന്നത്. തളർന്നിരിക്കുന്നവരെ അല്ല ദൈവം തൊടുന്നത്. പ്രവർത്തന രഹിതരായിരിക്കുന്നവരെ അല്ല ദൈവം നിയോഗിക്കുന്നത്. വേലയിൽ ഉത്സാഹമില്ലാതെ മനം മടുത്തു

അലസരായി ഉദാസീനരായി കഴിയുന്നവരെ അല്ല ദൈവം തന്റെ വേലയ്ക്ക് വേണ്ടി ഉപയോഗിക്കുന്നത്.

ദൈവം മോശെയെ വിളിച്ചത് ആടുകളെ നോക്കിക്കൊണ്ട് സീനായ് മലയുടെ ചെരിവിലൂടെ നടക്കുമ്പോഴാണ്. ദൈവം ദാവീദിനെ വിളിച്ചത് ആടുകളെ നോക്കിക്കൊണ്ട് ബെത്‌ലഹേം മലനിരകളിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോഴാണ്. ദൈവം ആമോസിനെ വിളിച്ചത് കാട്ടത്തിപ്പഴം പെറുക്കിക്കൊണ്ട് ആട്ടിടയനായി സഞ്ചരിച്ചുകൊണ്ട് ഇരിക്കുമ്പോഴാണ്.

ദൈവം നെഹെമ്യാവിനെ വിളിച്ചത് പാനപാത്ര വാഹകനായി അർത്ഥഹ്ശഷ്ടാ രാജാവിന് പാനപാത്രത്തിൽ ആഹാരം പകർന്നുകൊടുക്കുന്നവനായി കഴിയുമ്പോഴാണ്. ദൈവം ഗിദയോനെ വിളിച്ചത് ഗോതമ്പ് മെതിച്ചു കൊണ്ടിരുന്നപ്പോഴാണ്. പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും വിളിച്ചത് മുക്കുവത്തൊഴിലാളികളായി വേല ചെയ്തുകൊണ്ടിരുന്നപ്പോഴാണ്. ദൈവ വേലയിൽ ദൈവം ഉപയോഗിച്ചിട്ടുള്ളവരെ എല്ലാം ദൈവം വിളിച്ചത് അവർ പ്രവർത്തന നിരതരായി ഇരുന്നപ്പോഴാണ്.

മകനേ, നീ ഏതൊരു വേലയിൽ നിൽക്കുന്നുവോ, അവിടെ നീ ഉത്സാഹത്തോടെ വേല ചെയ്യുക. മകളേ, നീ ഏതൊരു മണ്ഡലത്തിൽ നിൽക്കുന്നു, ഏതൊരു മേഖലയിൽ നീ നിൽക്കുന്നു അവിടെ നല്ല പ്രസരിപ്പോടെ, ഉത്സാഹത്തോടെ, നല്ല ഉണർവ്വോടെ വേല ചെയ്യുക. നീ അലസനായി ഇരിക്കരുത്.

> ‘‘നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ

നിന്നെ അധികത്തിന് വിചാരകനാക്കും."

മത്തായി. 25 : 21

അല്പത്തിൽ വിശ്വസ്തനെയാണ് അധികത്തിന് വിചാരകനാക്കുന്നത്.

ദൈവപൈതലേ, നിനക്കുള്ള അല്പത്തിൽ നീ വിശ്വസ്തനാണോ? നീ ഉത്സാഹത്തോടെ ജോലിയിൽ നിരതനായിരുന്നു പ്രവർത്തിക്കുന്നവനാണോ? നീ മനുഷ്യരുടെ മുഖം നോക്കാതെ അദ്ധ്വാനശീലനായി നല്ല കരുത്തോടും വീര്യത്തോടും ഉന്മേഷത്തോടും കൂടെ പ്രവർത്തനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നവനാണോ?

ഒരു വിദ്യാർത്ഥിയാണെങ്കിൽ ഏറ്റവും നല്ല വിദ്യാർത്ഥി ആയിരിക്കണം. ഉഴപ്പരുത്. അതാത് ദിവസം വായിച്ചു തീർത്തിരിക്കണം. പഠിച്ച് തീർത്തിരിക്കണം. നാളത്തേക്ക് മാറ്റി വയ്ക്കരുത്. ഒടുവിൽ പരീക്ഷ അടുക്കുമ്പോൾ ബദ്ധപ്പെട്ട് ധൃതി പിടിച്ചുള്ള ഒരു വായന അല്ല, കൃത്യമായും ചിട്ടയായും നിഷ്ഠയായും വെടിപ്പായും അടുക്കായും നല്ല സമയനിഷ്ഠയോടെ, നല്ല കൃത്യനിഷ്ഠയോടെ നല്ല ഉത്സാഹത്തോടെ പഠിക്കുന്നവരായിരിക്കണം, ക്രിസ്തു വിശ്വാസിയായിരിക്കുന്ന വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ.

ഒരു അദ്ധ്യാപകനാണെങ്കിൽ തന്റെ ജോലി ഏറ്റവും വിശ്വസ്തതയോടെ നിർവ്വഹിക്കണം. പറമ്പിൽ റബ്ബർ വെട്ടുന്നവനാണെങ്കിൽ, റബ്ബർ പാലെടുക്കുന്നവനാണെങ്കിൽ ഒരു റബ്ബർപോലും ബാക്കിയിടാതെ, ഒരു ചെറിയ തരിപോലും, റബ്ബർ പാലിന്റെ ചെറിയ കഷണം പോലും താഴെ കൊഴിഞ്ഞുപോകാതെ, നഷ്ടം വരാതെ എല്ലാം വിശ്വസ്തതയോടെ വേലചെയ്യുന്നവനായിരിക്കണം.

ഏതേത് തുറകളിൽ നിങ്ങൾ നിൽക്കുന്നുവോ, അവിടെ ഏറ്റവും വിശ്വസ്തനായിരിക്കണം. കാളപൂട്ടി ഉഴവുകയാണോ? അവിടെ നീ ഉത്സാഹഭരിതനായി വേല ചെയ്യുന്നവനായിരിക്കണം. അലസതയോടെ വേല ചെയ്യരുത്.

> "യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ" എന്ന് തിരുവചനം പറയുന്നുണ്ട്.
>
> യിരെമ്യാവ് 48 : 10

> "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ."
>
> കൊലൊ. 3:17

വേലക്കാരാണെങ്കിൽ പൂർണ്ണവിശ്വസ്തതയോടെ വേല നിർവ്വഹിക്കണം. മനുഷ്യരെ പ്രസാദിപ്പിക്കും പോലെ ദൃഷ്ടിസേവകളാലല്ല. പിന്നെ എങ്ങനെയാണ് വേണ്ടത്? അവർ വിശ്വസ്തതയോടെ ദൈവത്തെ ഭയപ്പെട്ടുകൊണ്ട് പ്രവർത്തിക്കണമെന്ന് വചനത്തിൽ പറയുന്നു.

> "ദാസന്മാരെ, ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടി സേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ട് ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രേ അനുസരിക്കേണ്ടത്.

> നിങ്ങൾ ചെയ്യുന്നത് ഒക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന്ന് എന്നപോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവ് തരും എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ."

കൊലൊ. 3 : 22–24

എഫെസ്യ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് വേലക്കാരോട് പറയുന്ന ഉപദേശം വളരെ ഗൗരവതരമായ ഉപദേശമാണ്.

> "ദാസന്മാരെ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നെ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ. മനുഷ്യരെ പ്രസാദിപ്പിക്കുന്ന വരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തും മനുഷ്യരെയല്ല കർത്താവിനെ തന്നേ പ്രീതിയോടെ സേവിച്ചുംകൊണ്ട് അനുസരിപ്പിൻ. ദാസനോ സ്വതന്ത്രനോ ഓരോരുത്തൻ ചെയ്യുന്ന നന്മയ്ക്ക് കർത്താവിൽ നിന്ന് പ്രതിഫലം പ്രാപിക്കും എന്ന് നിങ്ങൾ അറിയുന്നുവല്ലോ."

എഫെസ്യർ 6:5–8

വേലക്കാരൻ അവൻ ചെയ്യുന്ന വേലയിൽ വിശ്വസ്തനായിരിക്കണം എന്ന് ദൈവത്തിന്റെ ആത്മാവ് കല്പിക്കുന്നു. തിമൊഥെയൊസിന് എഴുതിയ ഒന്നാമത്തെ ലേഖനത്തിൽ

അപ്പൊസ്തലനായ പൗലോസ് അതിനെക്കുറിച്ച് പറയുന്നുണ്ട്.

> "നുകത്തിൻ കീഴിൽ ദാസന്മാരായിരിക്കുന്നവർ ഒക്കെയും ദൈവനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ യജമാനന്മാരെ സകലമാനത്തിന്നും യോഗ്യന്മാർ എന്ന് എണ്ണേണ്ടതാകുന്നു. വിശ്വാസികളായ യജമാനന്മാരുള്ളവർ അവരെ സഹോദരന്മാർ എന്നുവെച്ച് അലക്ഷ്യമാക്കരുത്. തങ്ങളെക്കൊണ്ടുള്ള ഉപകാരം അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയരും ആകകൊണ്ട് അവരെ വിശേഷാൽ സേവിക്കയത്രേ വേണ്ടത്; ഇത് നീ ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്ക."
>
> 1 തിമൊ. 6:1–2

ദൈവത്തിന്റെ പരിശുദ്ധാത്മാവ് അപ്പൊസ്തലനായ പത്രോസിന്റെ നാവിൽകൂടി ദാസന്മാർ എങ്ങനെയാണ് പെരുമാറേണ്ടത് എന്ന് പറയുന്നു.

> "വേലക്കാരേ, പൂർണ്ണഭയത്തോടെ യജമാനന്മാർക്ക് നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കും കൂടെ കീഴടങ്ങിയിരിപ്പിൻ."
>
> 1 പത്രോസ് 2:18

മൂർഖന്മാരായ യജമാനന്മാർക്കും കീഴടങ്ങിയിരിപ്പിൻ. ഓരോരുത്തൻ നിൽക്കുന്നേടത്ത് വിശ്വസ്തതയോടെ നിൽക്കണം. പ്രവർത്തിക്കുന്നേടത്ത് വിശ്വസ്തതയോടെ പ്രവർത്തിക്കണം. വിശ്വസ്തതയുള്ള വേലക്കാരായി നിൽക്കണം. എവിടെ നാം നില്ക്കുന്നോ അവിടെ വിശ്വസ്തരായിരിക്കണം.

ഭാര്യ ഭർത്താവിനോട് വിശ്വസ്തതയുള്ളവളായിരിക്കണം. ഒരമ്മ മക്കളോടും അമ്മ അപ്പനോടും വിശ്വസ്തയായിരിക്കണം. അപ്പൻ ഭാര്യയോട്, അമ്മയോട് മക്കളോട് വിശ്വസ്തരായിരിക്കണം. ഭർത്താവ് ഭാര്യയോട് വിശ്വസ്തനായിരിക്കണം. അന്യജഢത്തിലേക്ക് മോഹം പോകരുത്. അന്യജഢത്തിലേക്ക് ആശകളും മോഹങ്ങളും ആഗ്രഹങ്ങളും പായരുത്. എവിടേയും വിശ്വസ്തത.

അല്പത്തിൽ വിശ്വസ്തനെ അധികത്തിന് വിചാരകൻ ആക്കും. പണം കൈകാര്യം ചെയ്യുന്ന ദൈവമക്കൾ ഒരു പൈസയിൽ പോലും ക്രമക്കേട് വരാതെ സൂക്ഷിക്കണം.

പൊതുവിന്റെ പണം കൈകാര്യം ചെയ്യുന്നവർ ഒരു പൈസയിൽപോലും അബദ്ധം പറ്റാതെ നോക്കേണ്ടതാണ്. ഒരണുവിൽപോലും തെറ്റുപറ്റരുത്. ദൈവത്തിന് മുൻതൂക്കം കൊടുക്കുക. ദൈവത്തിന് മുൻസ്ഥാനം കൊടുക്കുക.

ദൈവമക്കളെ, അതിവേഗം നിങ്ങൾ മനം തിരിയുവിൻ. നിൽക്കുന്നേടത്ത് വിശ്വസ്തരായി നിൽക്കുവിൻ. ദൈവത്തിന്റെ കൃപയിൽ ആശ്രയിപ്പിൻ. പുതിയ ജീവിതം തുടങ്ങുവിൻ. പുതിയ പ്രത്യാശയോടെ പുതിയ വേലക്കാരായി, പുതിയ ശുശ്രൂഷകരായി മുന്നോട്ട് വരുവിൻ. ഏലീശ തരുന്ന പാഠം അതാണ്.

## രണ്ട്

“അങ്ങനെ അവൻ അവിടെ നിന്ന് പുറപ്പെട്ട് സാഫാത്തിന്റെ മകനായ ഏലീശയെ കണ്ടെത്തി, അവൻ പന്ത്രണ്ട് ഏർ കാള പൂട്ടി ഉഴുവിച്ചുകൊണ്ടിരുന്നു, പന്ത്രണ്ടാമത്തേതിനോട് കൂടെ താൻ തന്നെ ആയിരുന്നു, ഏലീയാവ് അവന്റെ അരികെ ചെന്ന് തന്റെ പുതപ്പ് അവന്റെ മേൽ ഇട്ടു. അവൻ കാളയെ വിട്ടു ഏലീയാവിന്റെ പിന്നാലെ ഓടി. ഞാൻ എന്റെ അപ്പനെയും അമ്മയെയും ചുംബിച്ചുകൊള്ളട്ടെ, അതിനുശേഷം ഞാൻ നിന്റെ പിന്നാലെ വരാം എന്ന് പറഞ്ഞു. അതിന് അവൻ: പോയി വരിക, എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്നോർക്ക എന്ന് പറഞ്ഞു. അങ്ങനെ അവൻ അവനെ വിട്ട് ചെന്ന് ഒരു ഏർ കാളയെ പിടിച്ച് അറുത്തു കാളയുടെ മരക്കോപ്പുകൊണ്ട് മാംസം പാകം ചെയ്ത് ജനത്തിന് കൊടുത്തു, അവർ തിന്നു, പിന്നെ അവൻ എഴുന്നേറ്റ് ഏലിയാവിന്റെ പിന്നാലെ ചെന്ന് അവന്നു

ശുശ്രൂഷകനായ് തീർന്നു.”

1 രാജാ 19 : 19–21

പന്ത്രണ്ടാമത്തെ കാളയോടുകൂടെ ഏലീശ ഉഴുതുകൊണ്ടിരിക്കുമ്പോൾ, ഏലിയാവ് ആ വയലിൽ കൂടി വരികയായിരുന്നു. ഏലിയാവ് ദൈവീക നിയോഗത്താൽ ഏലീശയുടെ അരികിൽ ചെന്നു. ഏലിയാവ് വരുന്നത് ഏലീശ കണ്ടില്ല. ജോലിയിൽ ബദ്ധശ്രദ്ധനായിരുന്ന ദൈവദാസൻ അറിഞ്ഞില്ല ദൈവത്തിന്റെ പ്രവാചകൻ സമീപത്ത് വരുന്നു എന്ന്. എന്നാൽ അറിഞ്ഞു, തന്റെ മേൽ പുതപ്പ് വീണപ്പോൾ. ഒരു വലിയ ശക്തി തന്നെ വന്നു മൂടി. ഒരു വലിയ കൃപ തന്റെ മേൽ ഒഴുകി, ഒരു സ്വർഗ്ഗീയമായ നൽവരം തന്നെ തൊട്ടു. ഏലീശാ മനസ്സിലാക്കി ദൈവം എന്നെ തൊട്ടു എന്ന്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സ്പർശം ഏലീശയ്ക്ക് ഉണ്ടായി. ഏലിയാവിന്റെ പുതപ്പു തൊട്ട ഉടനെ ഏലീശായുടെ കൈ കലപ്പയിൽ നിന്ന് വിട്ടു.

പരിശുദ്ധാത്മാവ് തൊടുമ്പോൾ കയ്യിലുള്ളതെല്ലാം വിട്ടുപോകും. ദൈവപൈതലേ, പരിശുദ്ധാത്മാവ് നിന്നെ തൊട്ടിട്ടുണ്ടോ? ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരം നിന്നെ തൊട്ടിട്ടുണ്ടോ? ക്രിസ്തുവിന്റെ കരം നിന്നെ സ്പർശിച്ചിട്ടുണ്ടോ? ക്രിസ്തു നിന്നെ തൊട്ടിട്ടുണ്ടോ? ക്രിസ്തുവിന്റെ കരം നിന്റെ മേൽ വെച്ചിട്ടുണ്ടോ?

മകനേ, നിന്റെ പാപങ്ങൾ നിന്നിൽ നിന്ന് വിട്ടുപോയത് നീ അറിയുന്നുണ്ടോ? മദ്യപാന ആസക്തി നിന്നിൽ നിന്ന് മാറിപ്പോകും, വേശ്യാസംഗത്തിനുള്ള താത്പര്യം നിന്നിൽ നിന്ന് മാറിപ്പോകും. മകളേ, നിന്റെ ഹൃദയത്തിലുള്ള ഈർഷ്യയും കൈപ്പും മുഷിച്ചിലും നീരസവും പരാതിയും

പരിഭവവും മാറിപ്പോകും.

ദൈവപൈതലേ, നിന്റെ ഹൃദയത്തിലുള്ളതായ അഹങ്കാരവും അസൂയയും ദ്രവ്യാഗ്രഹവും നിന്നിൽ നിന്ന് മാറിപ്പോകും. ദൈവത്തിന്റെ ആത്മാവ് നിന്നെ തൊടുമ്പോൾ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്നെ സ്പർശിക്കുമ്പോൾ, കർത്താവായ യേശുവിന്റെ അരുമകരം നിന്റെ മേൽ വെയ്ക്കുമ്പോൾ നിന്നിലുള്ള പാപങ്ങളെല്ലാം നിന്നിൽ നിന്ന് വിട്ടുപോകും. ലോകസ്നേഹമെല്ലാം വിട്ടുപോകും. ലോകത്തോടുള്ള പറ്റുമാനം വിട്ടുപോകും. നീ നിന്റെ ജീവിതത്തിൽ ഇതുവരേയും അനുഭവിച്ചിട്ടില്ലാത്ത മഹാസന്തോഷം അനുഭവിക്കും.

ഏലീശായുടെ കൈയ്യ് കലപ്പയിൽ നിന്ന് വിട്ടു. ഏലിയാവ് നടന്നു പോകുകയായിരുന്നു. എലീശാ പിന്നാലെ പാഞ്ഞുചെന്നു. ഏലിയാവിന്റെ സമീപത്ത് ചെന്നിട്ടു പറഞ്ഞു:

> ‘‘ഞാൻ എന്റെ അപ്പനേയും അമ്മയേയും ചുംബിച്ചു കൊള്ളട്ടെ, അതിന്റേശേഷം ഞാൻ നിന്റെ പിന്നാലെ വരാം.’’
>
> 1 രാജാ. 19:20

ദൈവവേലയ്ക്ക്, ദൈവവേലക്കാരന്റെ കൂടെ, ദൈവശുശ്രൂഷയ്ക്ക് ഇറങ്ങുവാനുള്ള വിളിയാണ് കിട്ടിയത് എന്ന് ഏലീശയ്ക്ക് മനസ്സിലായി. അതിനുള്ളതായ ഭാഗ്യമാണ് കിട്ടിയതെന്ന് ഏലീശയ്ക്ക് മനസ്സിലായി. ആത്മാവ് തൊടുമ്പോൾ പലതും പലതും മനസ്സിലാകും. ഇതുവരെ മനസ്സിലാകാത്ത പല കാര്യങ്ങളും മനസ്സിലാകും.

ഏലീശ മനസ്സിലാക്കി, കർത്താവ് എന്നെ തൊട്ടു. കർത്താവ് തൊട്ടെങ്കിൽ കർത്താവിന്റെ മക്കളുടെ കൂടെ നട

ക്കണം. കർത്താവ് തൊട്ടെങ്കിൽ കർത്താവിന്റെ വിലപ്പെട്ട ദാസന്മാരുടെ കൂടെ നടക്കണം. കർത്താവ് തൊട്ടെങ്കിൽ കർത്താവിന്റെ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നവരുടെ പിന്നാലെ നടക്കണം.

ഏലീശ ഏലിയാവിന്റെ അരികത്ത് ചെന്ന്, "ഞാൻ ഒന്ന് വീട്ടിൽ പോയി എന്റെ അപ്പനോടും അമ്മയോടും യാത്ര ചോദിച്ചിട്ട് വരട്ടെ. അവരെ ചുംബിച്ച് ഒന്ന് യാത്രാനുമതി വാങ്ങിയിട്ട് ഞാൻ വരാം" എന്ന് പറഞ്ഞു.

ഏലീയാവ് പറഞ്ഞു:

"പോയി വരിക, എന്നാൽ ഞാൻ നിനക്ക് എന്തു ചെയ്തിരിക്കുന്നു എന്നോർക്ക എന്ന് പറഞ്ഞു."

1 രാജാ. 19:20

ദൈവജനമേ, നമ്മുടെ ജീവിതത്തിൽ ദൈവം തരുന്ന നിർദ്ദേശം അതാണ്. "ഞാൻ നിനക്ക് എന്തു ചെയ്തു എന്ന് നീ ഓർക്ക." നിത്യനായ ദൈവം നിന്റെ ജീവിതത്തിൽ എന്ത് ചെയ്തു എന്ന് നീ ഓർക്ക.

മകനേ, ദൈവം നിനക്ക് എന്തെങ്കിലും ചെയ്തു എന്ന് നിനക്ക് തോന്നുന്നുണ്ടോ? നിന്റെ ജീവിതത്തിൽ ദൈവം നിനക്കെന്തെങ്കിലും നന്മ ചെയ്തു എന്ന് നിനക്ക് തോന്നുന്നുണ്ടോ? നിനക്ക് ദൈവം വിദ്യാഭ്യാസം തന്നത്, നിനക്ക് ദൈവം ആരോഗ്യം തന്നത്, നിനക്ക് ദൈവം ഒരു വരുമാന മാർഗ്ഗം തന്നത്, നിനക്ക് ഒരു കൊച്ചു കുടുംബം തന്നത്, നിനക്ക് ഒരു ഭാര്യയെ തന്നത്, നിനക്ക് സ്നേഹമുള്ള ഒരു ഭർത്താവിനെ തന്നത്, നിനക്ക് ബുദ്ധിയും ആരോഗ്യവുമുള്ള മക്കളെ തന്നത്, മകനേ, നീ മറന്നു പോയോ? ദൈവം ഇത്രത്തോളം നിന്നെ

സഹായിച്ച് നടത്തിയത് നീ മറന്നുപോയോ?

ആകുലങ്ങൾ വന്നപ്പോൾ, ആവലാതികൾ വന്നപ്പോൾ, ആക്രമണങ്ങൾ വന്നപ്പോൾ, എതിരുകൾ പെരുകിയപ്പോൾ നിത്യനായ ദൈവം നിനക്ക് തുണയായി നിന്ന്, നിനക്ക് പരിചയും പലകയും ആയി നിന്ന്, നിനക്ക് ദുർഗ്ഗവും കോട്ടയും ആയി നിന്ന്, നിനക്ക് ശരണവും ആശ്രയവുമായി നിന്ന്, നിനക്ക് സങ്കേതവും അഭയവും ആയി നിന്ന് നിന്നെ താങ്ങിയത് നിനക്ക് ഓർമ്മയില്ലേ?

പോയി വരിക, ഞാൻ നിനക്ക് എന്തുചെയ്തു എന്ന് നീ ഓർക്ക. ദൈവത്തോട് നന്ദിയുള്ള ജീവിതം.

യാക്കോബ് ഒരിക്കൽ പറഞ്ഞു:

> "യഹോവേ നീ അടിയനോട് കാണിച്ചിരിക്കുന്ന സകല ദയയ്ക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ."
>
> ഉല്പത്തി 32:10

എനിക്കതിന് യോഗ്യതയില്ല എന്നാണ് യാക്കോബ് പറയുന്നത്. എന്നോട് നീ ദയ കാണിച്ചു, എന്നോട് നീ വിശ്വസ്തനായിരുന്നു. നീ വാക്കു പറഞ്ഞു, മാറിയില്ല. ഞാനാണ് വാക്കുപറഞ്ഞ് പലവട്ടം മാറിയത്. എന്നാൽ നീ വാക്കുമാറാതെ എന്റെ പിന്നാലെ നടന്നുകൊണ്ടിരുന്നു. യഹോവേ, നീ അടിയനോട് കാണിച്ചിരിക്കുന്ന സകല ദയയ്ക്കും സകല വിശ്വസ്തതയ്ക്കും ഞാൻ അപാത്രമത്രേ.

നന്ദിയുള്ള പുരുഷനായിരുന്നു ദാവീദ്. ദാവീദ് പറഞ്ഞു: എന്റെ ഉള്ളമേ നീ വീണ്ടും സ്വസ്ഥമായിരിക്ക. യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു. എന്റെ മനമേ, എന്റെ

ഉള്ളമേ, നീ വീണ്ടും സ്വസ്ഥമായിരിക്ക. യഹോവ നിനക്ക് ഉപകാരം ചെയ്തിരിക്കുന്നു.

ദാവീദ് പറഞ്ഞു:

"യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും. ഞാൻ രക്ഷയുടെ പാന പാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും."

സങ്കീ. 116:12,13

ദാവീദ് പാടി:

"യഹോവയെ സ്തുതിപ്പിൻ, യോഹവയെ ഘോഷിപ്പിൻ, യഹോവയ്ക്ക് വേണ്ടി കീർത്തനം പാടുവിൻ, അവൻ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്."

ദൈവത്തെ സ്തുതിപ്പിൻ എന്ന് ദാവീദ് പറഞ്ഞു.

"കണ്ണുനീർ താഴ്‌വരയിൽ കൂടി കടക്കുമ്പോൾ ജലാശയമാക്കി തീർക്കും." എന്ന് പറഞ്ഞുകൊണ്ട് കോരഹ് പുത്രന്മാർ എൺപത്തിനാലാം സങ്കീർത്തനത്തിൽ പാടി. യഹോവയുടെ ആലയത്തിൽ വസിക്കുന്നത് ഭാഗ്യം എന്ന് അവർ കണ്ടു.

"യഹോവേ, നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ." എന്ന് കോരഹ് പുത്രന്മാർ പാടി.

സങ്കീ. 84:10

യഹോവയുടെ പ്രാകാരങ്ങളിൽ വസിക്കുവാൻ ലഭിച്ച

തായ ഭാഗ്യം അവർ നന്ദിയോടെ ഓർത്തു.

പോയി വരിക, ഞാൻ നിനക്ക് എന്തുചെയ്തു എന്ന് നീ ഓർക്ക. ഞാൻ നിനക്ക് എന്തുചെയ്തു എന്ന് ഓർമ്മയുണ്ടെങ്കിൽ നീ ഒരു യാഗം നടത്തും. നിനക്കുള്ളതെല്ലാം യാഗം അർപ്പിക്കും. ആ കാളയെ കൊല്ലും, അതിനെ യാഗം അർപ്പിക്കും. മാത്രമല്ല, കലപ്പയും ആ ഉഴവിനുള്ളതായ വസ്തുസാമഗ്രികളും എടുത്ത് കത്തിക്കും. യാഗത്തിനുള്ള വിറകാക്കും. ഏലീശ അതാണ് ചെയ്തത്.

അങ്ങനെ അവൻ അവനെ വിട്ടു ചെന്ന് ഒരു ഏർ കാളയെ പിടിച്ചു അറുത്ത് കാളയുടെ മരക്കോപ്പുകൊണ്ട് മാംസം പാകം ചെയ്ത് ജനത്തിന് കൊടുത്തു. അവർ തിന്നു, പിന്നെ അവൻ എഴുന്നേറ്റ് ഏലിയാവിന്റെ പിന്നാലെ ചെന്നു അവന്ന് ശുശ്രൂഷകനായി തീർന്നു.

ഇതാ പിറകിലുള്ള പാലം മുറിച്ചുകളയുകയാണ്. ഇനിയും കൃഷി സ്ഥലത്തിലേക്കുപോകാൻ പരിപാടിയില്ല. ഇനി കാളയെ പൂട്ടി ഉഴുതു കൃഷി ചെയ്യുവാൻ പരിപാടിയില്ല. കാളയെ കൊന്ന് മാംസം പാകം ചെയ്തു. മരക്കോപ്പുകൊണ്ട് അത് പാകം ചെയ്തു.

കലപ്പ കത്തിച്ചു കളഞ്ഞു. കാളയെ കൊന്നു കളഞ്ഞു. പിറകിലേക്കിനി നോട്ടമില്ല. ഇനി പിറകിലോട്ട് ഓട്ടമില്ല. എല്ലാം വിട്ടു. ഇതാ ഒരു പുതിയ നടപ്പ്, ഒരു പുതിയ ജീവിതം, ഒരു പുതിയ ഓട്ടം. പിറകിലേക്കിനി തിരിയുകയില്ല.

കലപ്പയ്ക്ക് കൈ വച്ചശേഷം പിറകോട്ട് നോക്കുന്നവൻ എനിക്ക് യോഗ്യനല്ല എന്ന് കർത്താവ് പറഞ്ഞു. ഇതാ ഒരു പുതിയ ജീവിതം തുടങ്ങുകയാണ്. ദൈവപൈതലേ, നിന്റെ

ജീവിതത്തിൽ ഇപ്പോൾ നിനക്കൊരു തീരുമാനം എടുക്കുവാൻ പറ്റുമോ? യഹോവയ്ക്ക് യാഗം അർപ്പിക്കുവാൻ തീരുമാനിക്കുമോ? നിന്റെ ജീവിതത്തിൽ നല്ലതെന്ന് നീ കരുതിയതും നിന്റെ ജീവിതത്തിൽ നിനക്ക് പ്രസാദകരം എന്ന് തോന്നിയതും എല്ലാം ദൈവനാമത്തിൽ യാഗമർപ്പിച്ചുകൊണ്ട് പുറപ്പെടാൻ നിനക്ക് സാധ്യമോ?

പാപം മാത്രം ഉപേക്ഷിച്ചാൽ പോരാ, നിനക്ക് നല്ലത് എന്നു തോന്നുന്നത് ദൈവസന്നിധിയിൽ അർപ്പണം ചെയ്യണം. അബ്രഹാം യിശ്മായേലിനെ ഉപേക്ഷിച്ചു. അബ്രഹാം ഇസ്ഹാക്കിനെ യാഗം അർപ്പിക്കാൻ തയ്യാറായി. യിശ്മായേലിനെ ഉപേക്ഷിക്കാം അതുപോരാ, ഇസ്ഹാക്കിനേയും യാഗം അർപ്പിക്കണം. എങ്കിലേ വിശ്വാസികളുടെ പിതാവ് ആവുകയുള്ളൂ.

മകനേ, പാപങ്ങൾ നിന്റെ ജീവിതത്തിൽ നിന്ന് ഛേദിച്ചു കളയണം, പോരാ നിനക്ക് നല്ലതെന്നു തോന്നുന്നതും ദൈവസന്നിധിയിൽ അർപ്പണം ചെയ്യണം. ഒന്നും നിന്റേതല്ല, ദൈവത്തിന്റേത് എന്ന് നീ കാണണം. ദൈവത്തിന് മഹത്വം കരേറ്റണം. ദൈവത്തിന്റെ കരങ്ങളിലേക്ക് തിരികെ കൊടുക്കണം, നാഥാ, എന്റേതെല്ലാം നിന്റേത്.

> "ഞങ്ങൾക്കല്ല, യഹോവേ ഞങ്ങൾക്കല്ല, നിന്റെ ദയയും വിശ്വസ്തതയും നിമിത്തം നിന്റെ നാമത്തിനു തന്നേ മഹത്വം വരുത്തേണമേ."
>
> സങ്കീ. 115:1

നിന്റെ നാമമഹത്വത്തിനായി തന്നെ നീ ഇത് ചെയ്തു നിവർത്തിക്കണമേ.

ആരെല്ലാം ഇപ്പോൾ ഈ വാക്കുകളെ വായിച്ചുകൊണ്ട് തനിക്കുള്ളതെല്ലാം ദൈവത്തിനായ് അർപ്പണം ചെയ്യാൻ തയ്യാറാകും, എല്ലാം യാഗം അർപ്പിക്കാൻ തയ്യാറാകും?

> "യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."
>
> സങ്കീ. 50:5

വേഗം യാഗം കഴിപ്പിൻ, വേഗം ദൈവത്തോട് നിയമം ചെയ്യുവിൻ, ദൈവത്തിന്റെ വിശുദ്ധന്മാരാകുവിൻ, ഒരുമിച്ച് കൂടുവിൻ, ദൈവത്തിന് ആഘോഷത്തോടെ കീർത്തനം പാടുവിൻ, ദൈവത്തെ സ്തുതിപ്പിൻ.

## മൂന്ന്

ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. നമുക്ക് സമസ്വഭാവമുള്ള ഏലിയാവിന്റെ ജീവിതം നമുക്ക് എക്കാലത്തും അനേകമനേകം പാഠങ്ങൾ നൽകുന്ന ജീവിതമാണ്. ദൈവത്തിന്റെ ഒരു വിശുദ്ധന് എങ്ങനെയെല്ലാം ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയും എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഏലിയാവിന്റെ ജീവിതം.

ദൈവത്തിന്റെ ഒരു പ്രവാചകന് എങ്ങനെ നിർഭയം വിശ്വസ്തതയോടെ ദൈവത്തിന്റെ വേല ചെയ്യാം എന്നതിന്റെ ഉദാഹരണമാണ് ഏലിയാവിന്റെ ജീവിതം. ദൈവത്തിന്റെ ഒരു വിശുദ്ധ പ്രവാചകൻ എങ്ങനെ ദൈവത്തെ അനുസരിക്കുന്നു, എങ്ങനെ ജീവിതത്തിലെ വിവിധ രംഗങ്ങളെ അഭിമുഖീകരിക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് ഏലിയാവിന്റെ ജീവിതം.

ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. കർമ്മേലിൽ അത്ഭുതങ്ങൾ നിവർത്തിക്കുവാൻ ദൈവം ഏലിയാവിനെ ഉപയോഗിച്ചു. അത്യന്തം ശക്തിയോടെ ദൈവ

ത്തിന്റെ പരിശുദ്ധാത്മാവിന്റെ കൃപയുടെ നിറവോടെ ദൈവ ത്തിന്റെ മഹത്വമേറിയ ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ദൈവം ഏലിയാവിനെ ഉപയോഗപ്പെടുത്തി. ജീവനുള്ള ദൈവ ത്തിന്റെ അനുഗൃഹീതമായ ശുശ്രൂഷ നിർവ്വഹിക്കുവാൻ ദൈവം ഏലിയാവിനെ ധൈര്യപ്പെടുത്തി നിയോഗിച്ചു.

ആ കാലത്ത് യിസ്രായേലിൽ ദൈവീകബോധം നഷ്ട പ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ഭരണകർത്താക്കൾ ദൈവ വിചാരത്തിൽ നിന്ന് അകന്ന് പോയിരുന്നു. അന്നത്തെ രാജാ വായ ആഹാബും ആഹാബിന്റെ ഭാര്യയായ ഈസേബെലും ഒരുപോലെ സത്യദൈവത്തെ ഉപേക്ഷിക്കുകയും ജാതീയ വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്തുപോന്നു.

ബാൽ വിഗ്രഹങ്ങൾക്കും അശേരാപ്രതിഷ്ഠകൾക്കും അസ്തോരെത്ത് വിഗ്രഹങ്ങൾക്കും പ്രാമാണ്യവും ആരാധ നയും നൽകിക്കൊണ്ട്, ജാതീയ ആരാധനയെ പ്രോത്സാഹി പ്പിച്ചുകൊണ്ട് രാജാവും രാജ്ഞിയും സത്യദൈവത്തെ ഉപേ ക്ഷിക്കുന്നതിനുള്ളതായ വഴികൾ ജനത്തിന് പറഞ്ഞുകൊ ടുത്ത് നേതൃത്വം നൽകിക്കൊണ്ടിരുന്നു.

എന്നാൽ അന്ധകാരം കട്ടിപിടിച്ച ആ കാലയളവിൽ സത്യ പ്രകാശമായ ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതിന്റെ അത്ഭുതകരമായ ശക്തിയും മധുരിമയും ജനത്തിന് പകർന്നു കൊടുക്കുവാൻ ദൈവം ഏലിയാവിനെ ഉപയോഗിച്ചു.

ഏലിയാവിനെ ആഹാബ് വിളിക്കുന്നത് "എന്റെ ശത്രുവേ" എന്നാണ് എന്ന് ഒന്ന് രാജാക്കന്മാർ ഇരുപത്തി ഒന്നിന്റെ ഇരുപതിൽ നാം കാണുന്നു.

ആഹാബ് ഏലിയാവോട്:

"എന്റെ ശത്രുവേ, നീ എന്നെ കണ്ടെത്തിയോ എന്ന് പറഞ്ഞു. അതിന്നു അവൻ പറഞ്ഞതെന്തെന്നാൽ : അതേ, ഞാൻ കണ്ടെത്തി. യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്‌വാൻ നീ നിന്നെ വിറ്റുകളഞ്ഞതുകൊണ്ട് ഞാൻ നിന്റെ മേൽ അനർത്ഥം വരുത്തും, നിന്നെ അശേഷം നിർമ്മൂലാക്കി യിസ്രായേലിൽ ആഹാബിനുള്ള സ്വതന്ത്രനും അസ്വതന്ത്രനുമായ പുരുഷപ്രജയെ ഒക്കെയും ഞാൻ നിഗ്രഹിച്ചുകളയും. നീ എന്നെ കോപിപ്പിക്കയും യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിക്കയും ചെയ്തതുകൊണ്ട് ഞാൻ നിന്റെ ഗൃഹത്തെ നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ ഗൃഹത്തെപ്പോലെയും അഹീയാവിന്റെ മകനായ ബയെശയുടെ ഗൃഹത്തെപ്പെലെയും ആക്കും. ഈസേബെലിനെക്കുറിച്ച് യഹോവ അരുളിച്ചെയ്തത്: നായ്ക്കൾ ഈസേബെലിനെ യിസ്രായേലിന്റെ മതിലരികെ വെച്ച് തിന്നുകളയും. ആഹാബിന്റെ സന്തതിയിൽ പട്ടണത്തിൽവെച്ച് മരിക്കുന്നവനെ നായ്ക്കൾ തിന്നും, വയലിൽ വെച്ച് മരിക്കുന്നവനെ ആകാശത്തിലെ പക്ഷികൾ തിന്നും. എന്നാൽ യഹോവെക്ക് അനിഷ്ടമായുള്ളത് ചെയ്‌വാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാബിനെപ്പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ ഈസേബെൽ അവനെ അതിനായി ഉത്സാഹിപ്പിച്ചിരുന്നു. യഹോവ യിസ്രായേൽ മക്കളുടെ മുമ്പിൽ നിന്ന് നീക്കിക്കളഞ്ഞ അമോര്യർ ചെയ്തതുപോലെയൊക്കെയും അവൻ വിഗ്രഹങ്ങളെ ചെന്ന് സേവിച്ചു മഹാമ്ലേ

ച്ഛത പ്രവർത്തിച്ചു."

1 രാജാ. 21:20–26

ആഹാബ് രാജാവും ഈസേബെല്ലും മഹാമ്ലേച്ഛത പ്രവർത്തിച്ചു. അവർ വിഗ്രഹങ്ങളെ ചെന്ന് സേവിച്ചു. ജനത്തിന്റെ മധ്യത്തിൽ വിഗ്രഹാരാധനയ്ക്കുള്ള ആസക്തിയും വിഗ്രഹാരാധനയ്ക്കുള്ള ഉത്സാഹവും അവർ പറഞ്ഞേല്പ്പിച്ച് നേതൃത്വം കൊടുത്തു വർദ്ധിപ്പിച്ചു കൊണ്ടിരുന്നു.

ആഹാബിനും ഈസേബെലിനും ദൈവത്തിന്റെ കോപ പാത്രമായി തീരേണ്ടിവന്നു.

സഹോദരങ്ങളെ, സത്യദൈവത്തെ കണ്ടെത്തുവാനും സ്വീകരിക്കുവാനും സ്നേഹിപ്പാനും സേവിക്കുവാനും ആരാധിക്കുവാനും പിൻപറ്റുവാനും നമുക്ക് തന്നിരിക്കുന്ന പദവി എത്രയോ ശ്രേഷ്ഠമാണ്. ജീവനുള്ള ദൈവം ഒരുവനേയുള്ളൂ. ജീവനുള്ള ദൈവം നമ്മെ സ്നേഹിക്കുന്നു. നമ്മുടെ അന്ധവിശ്വാസങ്ങളെ മാറ്റുവാനും അബദ്ധജടിലമായ ദുരാചാരങ്ങളെ നമ്മിൽ നിന്ന് പറിച്ചുകളയുവാനും നമ്മെ സത്യവിശ്വാസികളും സത്യആരാധകരും ആക്കുവാനും ദൈവം ഇന്ന് നമ്മുടെ മദ്ധ്യത്തിൽ അത്ഭുതവചനം തന്ന് നമ്മെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ദൈവനാമത്തിൽ ഏലിയാവ് ചെയ്തതെല്ലാം ആഹാബ് കണ്ടതാണ്. ഏലിയാവ് പറഞ്ഞു: മൂന്നരവർഷത്തേക്ക് മഴ പെയ്യുകയില്ല. "ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണ ഈ നാളുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല" എന്ന്. ഏലിയാവ് പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. ആഹാബ് അത് നേരിട്ട് കണ്ടതാണ്.

മഴയുടെ മുഴക്കം ഉണ്ടെന്ന് ഏലിയാവ് പറഞ്ഞു. മൂന്നര വർഷം കഴിഞ്ഞ് ഏലിയാവ് ആ വാക്ക് പറഞ്ഞപ്പോൾ മഴ ക്കാറിന്റെ ലേശം പോലുമില്ലാത്ത ആകാശത്ത് പെട്ടെന്ന് മേഘം ഉരുണ്ടുകൂടുന്നതും അത്ഭുതകരമായി വലിയ മഴ തെരുതെരെ പെയ്യുന്നതുമെല്ലാം ആഹാബ് കണ്ടതാണ്. കർമ്മേലിന്റെ മുക ളിൽ ഏലിയാവ് ഏകനായി നിന്നുകൊണ്ട് സത്യദൈവം ആര് എന്ന് വ്യക്തമാക്കിയത് ആഹാബ് അറിഞ്ഞതാണ്.

ആകാശത്ത് നിന്ന് തീ ഇറങ്ങി ഏലിയാവിന്റെ യാഗപീഠ ത്തിൽ വെച്ചിരുന്നതെല്ലാം കത്തിക്കുന്നതും ആ യാഗപീഠ ത്തിന് ചുറ്റും തോടുണ്ടാക്കി അതിൽ നിറച്ചിരുന്ന വെള്ള മെല്ലാം വറ്റിപ്പോകുന്നതും എല്ലാം ആഹാബ് നേരിട്ട് കണ്ടതാ ണ്.

ഏലിയാവ് ആഹാബിന്റെ കുതിരകൾക്ക് മുന്നേ, രഥ ത്തിന് മുന്നേ ഓടുന്നത് ആഹാബ് കണ്ടതാണ്. എന്നാൽ ഈ അത്ഭുതങ്ങളെല്ലാം കണ്ടിട്ടും പിന്നേയും ആഹാബ് ദൈവത്തെ നിഷേധിച്ചുകൊണ്ടിരുന്നു. ഈ അതിശയങ്ങ ളെല്ലാം കണ്ടിട്ടും പിന്നെയും ആഹാബ് സത്യദൈവത്തെ വിരോധിച്ചുകൊണ്ടിരുന്നു. സത്യദൈവത്തിന് എതിരായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

സ്നേഹിതരേ, ദൈവത്തിന് എതിരായി നിങ്ങൾ നിൽക്ക രുതേ, ദൈവത്തിന്റെ വേലയ്ക്കെതിരായി നിങ്ങൾ നിൽക്ക രുതേ, ദൈവീക ആരാധനയ്ക്കെതിരായി നിങ്ങൾ നിൽക്കരു തേ,ദൈവീക ആരാധന എന്നുപറഞ്ഞാൽ മതം മാറ്റമല്ല. ദൈവീക ആരാധന എന്നുപറഞ്ഞാൽ മതപരിവർത്തനമല്ല. ദൈവീക ആരാധന എന്നുപറഞ്ഞാൽ സഭാ മാറ്റമല്ല, സമുദാ യമാറ്റമല്ല, സമുദായ പരിവർത്തനമല്ല.

ദൈവീക ആരാധന എന്നുപറഞ്ഞാൽ ഹൃദയത്തിന്റെ ഏകാഗ്രതയിൽ സത്യദൈവത്തെ തിരിച്ചറിയുകയും സത്യദൈവത്തെ സ്നേഹിക്കുകയും സത്യദൈവത്തെ ആരാധിക്കുകയും ചെയ്യുവാൻ തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നതാണ്.

ദൈവം ഒരുവനേയുള്ളൂ. മനുഷ്യന്റെ പാപം വഹിച്ച് ക്രൂശിൽ മരിച്ച രക്ഷകനായ ക്രിസ്തു, അവിടുന്നാണ് സാക്ഷാൽ രക്ഷകൻ. മനുഷ്യന് വേണ്ടി നിത്യനായ പിതാവിന്റെ മുമ്പിൽ ഇടനില നിന്നുകൊണ്ട് തന്റെ ജീവൻ മനുഷ്യന് വേണ്ടി വെടിഞ്ഞ് തന്റെ കുറ്റമില്ലാത്ത രക്തം മനുഷ്യന് വേണ്ടി ഒഴുക്കി ക്രൂശിൽ മൂന്നാണികളിൽ പിടഞ്ഞ് മരിച്ച കർത്താവായ യേശു, അവിടുന്ന് നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷകനും ആണെന്ന് തിരിച്ചറിയുന്നത് ഒരു മഹാഭാഗ്യമാണ്.

ക്രിസ്തു ഉയർത്തെഴുന്നേറ്റ് ജീവിക്കുന്നു. ക്രിസ്തു നമ്മുടെ ഹൃദയപാപങ്ങൾ കാണുന്നു. ഹൃദയ പാപങ്ങൾ കാണിച്ചുതരുന്നു. ക്രിസ്തു പാപം ക്ഷമിക്കുന്നു. പാപമോചനം നൽകുന്നു. കർത്താവായ യേശുക്രിസ്തു പാപക്ഷമ നൽകുന്നു. പാപക്കറകൾ തന്റെ രക്തത്താൽ കഴുകി മാറ്റുന്നു. കർത്താവായ യേശുക്രിസ്തു പാപബോധം നൽകുന്നു. കുറ്റബോധം നൽകുന്നു. ഹൃദയം തുറന്ന് കാണിക്കുന്നു. പാപത്തിൽ നിന്ന് മാറിനിൽക്കുവാനുള്ള കൃപ തരുന്നു. പാപമില്ലാത്ത ജീവിതം നയിപ്പാൻ ഉള്ള ശക്തി തരുന്നു.

നാം കരയുമ്പോൾ യേശു നമ്മുടെ കണ്ണുനീര് തുടയ്ക്കുന്നു. നാം വിതുമ്പുമ്പോൾ യേശു നമ്മുടെ അരികെ നിന്ന്

നമ്മെ തലോടുന്നു. നാം ഏങ്ങലടിക്കുമ്പോൾ യേശു നമ്മുടെ സമീപത്ത് ചേർന്നുനിന്ന് നമ്മുടെ പുറം തലോടിത്തരുന്നു. നാം കണ്ണുനീര് തൂകുമ്പോൾ യേശു നമ്മുടെ കണ്ണുനീര് ഒപ്പി മാറ്റുന്നു.

കർത്താവായ യേശുവിന്റെ തൃക്കരം നമ്മുടെ ശിരസ്സിൽ വെച്ച് അവിടുന്ന് നമ്മെ ആശീർവദിച്ച് അനുഗ്രഹിച്ച് സമാധാനത്തിന്റെ പാതയിലൂടെ നയിക്കുന്നു. ഈ യേശു വാസ്തവമായി നമ്മുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നു.

സ്നേഹിതരേ, നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ, നിങ്ങളുടെ അരികത്ത് ഉയർത്തെഴുന്നേറ്റ ക്രിസ്തു നിൽക്കുന്നു എന്ന് അറിയുവിൻ. യേശുവിനോട് നിങ്ങൾ പറയുവിൻ.

കർത്താവേ, എന്റെ പാപങ്ങൾ ഏറെ, എന്റെ പാപങ്ങൾ അനവധി, എന്റെ പാപങ്ങൾ ക്ഷമിക്കണമെ, നിന്റെ തിരുരക്തത്താൽ എന്റെ പാപക്കറകൾ കഴുകണമേ, ഒരു വിശുദ്ധ ജീവിതം നയിപ്പാൻ ഞാൻ ഇതാ എന്നെത്തന്നെ സമർപ്പിക്കുന്നു. എന്നെ നീ കഴുകണമേ, എന്നെ നീ വെടിപ്പാക്കണമേ, എന്നെ നീ വിശുദ്ധീകരിക്കണമേ. ഒരു പുതിയ ജീവിതം എനിക്കു തുടങ്ങിത്തരണമേ. നാഥാ, സൗഭാഗ്യം നിറഞ്ഞ ജീവിതം, സമാധാനം തിങ്ങിയ ജീവിതം, സന്തോഷഭരിതമായ ജീവിതം, ഉല്ലാസപൂർണ്ണമായ ജീവിതം, ഇഹത്തിലും സ്വർഗ്ഗം; കടന്നു ചെല്ലുന്ന നിത്യതയിലും സ്വർഗ്ഗം എന്ന മഹാഭാഗ്യം എനിക്ക് അനുഭവിക്കാൻ ഭാഗ്യം നൽകണമേ, കരുണ നൽകണമേ, കൃപ നൽകണമേ.

ദൈവജനമേ, നിങ്ങൾ പ്രാർത്ഥിപ്പിൻ. നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. പാപമില്ലാത്ത ജീവിതത്തിന്റെ സൗഭാഗ്യം

അനുഭവിക്കുവിൻ. ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിന്റെ നാഥനായി പ്രതിഷ്ഠിക്കുവിൻ. ക്രിസ്തുവിനെ സ്നേഹിപ്പിൻ, ക്രിസ്തുവിനെ ആരാധിപ്പിൻ, ക്രിസ്തുവിനെ പിൻപറ്റുവിൻ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുവിൻ.

# നാല്

''ആഹാബ് നാബോത്തിനോട് : നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടം ആക്കുവാൻ തരേണം, അത് എന്റെ അരമനക്ക് സമീപമല്ലോ. അതിനുപകരം ഞാൻ അതിനേക്കാൾ വിശേഷമായൊരു മുന്തിരിത്തോട്ടം നിനക്ക് തരാം, അല്ല, നിനക്ക് സമ്മതമെങ്കിൽ ഞാൻ അതിന്റെ വില നിനക്ക് പണമായിട്ടു തരാം എന്നുപറഞ്ഞു."

1 രാജ. 21:2

യിസ്രായേല്യനായ നാബോത്ത് എന്ന് പറയുന്ന ഒരാൾക്ക് ആഹാബ് രാജാവിന്റെ കൊട്ടാരത്തിന് അരികെ ഒരു മുന്തിരിത്തോട്ടമുണ്ടായിരുന്നു. ആഹാബ് ആ സാധുവായ നാബോത്തിന്റെ മുന്തിരിത്തോട്ടത്തിൽ കണ്ണുവച്ചു. ധാരാളം മുന്തിരിങ്ങ കുലകുലയായി കുലഞ്ഞു കിടക്കുന്നത് കണ്ട് ആഹാബ് കൊതിപൂണ്ടു. ആ മുന്തിരിത്തോട്ടം കൈക്കലാക്കണം, സ്വന്തമാക്കണം എന്ന് രാജാവ് ആഗ്രഹിച്ചു.

ആഹാബ് രാജാവാണ്, നാബോത്ത് പ്രജയാണ്. രാജാവിന്റെ അധികാരവും രാജാവിന്റെ പ്രമാണിത്വവും കൊണ്ട് രാജാവ് നാബോത്തിനെ വിളിച്ചു പറഞ്ഞു. നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടം ആക്കുവാൻ തരണം. നിന്റെ മുന്തിരിത്തോട്ടം ഒന്ന് മാറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ചീരത്തോട്ടം ആക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിന് നിന്റെ മുന്തിരിത്തോട്ടം എനിക്ക് നീ തരിക.

സഹോദരങ്ങളേ, ദൈവത്തിന്റെ മുന്തിരിത്തോട്ടമാണ് നാം ഓരോരുത്തരും. ജീവനുള്ള ദൈവത്തിന്റെ മുന്തിരിത്തോട്ടം. ഈ മുന്തിരിത്തോട്ടം അത് ശത്രുവിന്റെ ആഗ്രഹം ചീരത്തോട്ടം ആക്കണമെന്നാണ്. പൈശാചികന്റെ ആഗ്രഹം മുന്തിരി എല്ലാം പറിച്ചു കളഞ്ഞ് ആ സ്ഥാനത്ത് ചീര നട്ടുപിടിപ്പിക്കണം എന്നാണ്.

മുന്തിരിയുടെ സത്ത് വീര്യം പകരുന്നതാണ്. മുന്തിരിയുടെ സത്ത് വീഞ്ഞാണ്. അത് ലഹരിയുള്ളതാണ്. മുന്തിരിയുടെ സത്ത് മധുരമുള്ളതാണ്, അത് രുചിയുള്ളതാണ്, അത് ആസ്വാദ്യമാണ്. മുന്തിരിയുടെ സത്ത് അനേകരെ രുചിപ്പിക്കുന്നതാണ്. അനേകരെ മധുരിപ്പിക്കുന്നതാണ്. അനേകരെ മദിപ്പിക്കുന്നതാണ്. മുന്തിരിയുടെ സത്ത് ഏറ്റവും ശ്രേഷ്ഠമായ അനുഭവത്തെ കാണിക്കുന്നതാണ്. ഉദാത്തമായ, ശ്രേഷ്ഠമായ, ഉന്നതമായ അനുഭവത്തിലേക്ക് മനുഷ്യനെ നയിക്കുന്നതാണ്.

മുന്തിരി എപ്പോഴും വീര്യത്തിന്റെ നിദർശനമാണ്. വീര്യത്തിന്റെ പര്യായമാണ്. നിന്റെ വീര്യമുള്ള മുന്തിരിത്തോപ്പ് നശിപ്പിച്ചു കളയണം. അത് ഒരു ചീരത്തോട്ടം ആക്കണം എന്നാണ് ആഹാബ് ഇവിടെ നാബോത്തിനോട് പറയുന്നത്.

പ്രിയ സ്നേഹിതരെ, നമ്മുടെ വീര്യമുള്ള ജീവിതത്തിന്റെ വീര്യം കെടുത്താൻ പിശാച് എപ്പോഴും ആഗ്രഹിക്കുകയാണ്. നമ്മുടെ ഉത്സാഹപ്രകർഷം അസ്തമിപ്പിക്കുവാൻ പിശാച് ഉത്സാഹിക്കുകയാണ്. നമ്മുടെ ദൈവവേലയ്ക്ക് വേണ്ടിയുള്ള തീക്ഷ്ണതയും എരിവും ദാഹവും നശിപ്പിക്കുവാനും ഇല്ലായ്മ ചെയ്യുവാനും സാത്താൻ ഉദ്യമിക്കുകയാണ്. ദൈവമക്കളെ തകർത്തു കളയുവാനും അവരുടെ ജീവിതം താറുമാറാക്കുവാനും പൈശാചികൻ പരിശ്രമിക്കുകയാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന പ്രകാരം സാത്താൻ വരുന്നത് അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമാകുന്നു. ദൈവത്തിന്റെ തിരുവചനം അങ്ങനെയാണ് പറയുന്നത്.

> "അറുപ്പാനും മുടിപ്പാനും മോഷ്ടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല."
>
> യോഹ. 10:10

അറുക്കുക, മുടിക്കുക, മോഷ്ടിക്കുക, മനുഷ്യ ജീവിതം തകർത്തുകളയുക, മനുഷ്യന്റെ ഭാവി നിശ്ശേഷം ശക്തിയില്ലാതാക്കുക, ശൂന്യമാക്കുക, കഴിവില്ലാത്തതാക്കുക, പ്രയോജനമില്ലാത്തതാക്കുക, ജീവിതം പ്രയോജന രഹിതമാക്കുക അതാണ് പൈശാചികന്റെ പരിപാടി.

നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടം ആക്കുവാൻ തരേണം എന്ന് ആഹാബ് ആവശ്യപ്പെട്ടു.

സഹോദരങ്ങളെ, നമ്മുടെ ജീവിതം നശിപ്പിക്കാൻ വരുന്ന പിശാചിന്റെ ഉദ്യമത്തെ നാം തിരിച്ചറിഞ്ഞാൽ നല്ലതാണ്.

യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ മുന്തിരിത്തോട്ടത്തെക്കുറിച്ച് വിശദമായുള്ള ചില പ്രസ്താവനകൾ നമുക്ക് വായിക്കാൻ സാധിക്കും.

> "ഞാൻ എന്റെ പ്രയതമന്നു അവന്റെ മുന്തിരിത്തോട്ടത്തെക്കുറിച്ച് എന്റെ പ്രിയന്റെ പാട്ടുപാടും; എന്റെ പ്രിയതമന്നു ഏറ്റവും ഫലവത്തായോരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിന് വേലികെട്ടി, അതിലെ കല്ലുപെറുക്കിക്കളഞ്ഞു. അതിൽ നല്ല വക മുന്തിരിവള്ളി നട്ടു, നടുവിൽ ഒരു ഗോപുരം പണിതു, ഒരു ചക്കും ഇട്ടു, മുന്തിരിങ്ങ കായ്ക്കും എന്ന് അവൻ കാത്തിരുന്നു, കായിച്ചതോ കാട്ടുമുന്തിരിങ്ങയത്രേ."
>
> യെശയ്യാവു. 5:1–2

സ്നേഹിതരേ, നാം ആണ് ക്രിസ്തുവിന്റെ മുന്തിരിത്തോപ്പ്. നാം ഓരോരുത്തരുമാണ് ദൈവത്തിന്റെ മുന്തിരിത്തോട്ടം. നല്ല രുചികരവും മധുരതരവുമായ ഫലം കായിക്കുവാനാണ് ദൈവം നമ്മെ ഈ ഭൂമിയിൽ ആക്കിയിരിക്കുന്നത്.

സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നത് ദൈവത്തിന്റെ തോട്ടത്തിൽ നമ്മെ പറിച്ച് നട്ടിരിക്കുന്നു എന്നാണ്.

> "യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും. വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും, അവർ പുഷ്ടിവച്ചും പച്ചപിടിച്ചും ഇരിക്കും."
>
> സങ്കീ. 92:13–14

ഇംഗ്ലീഷ് ബൈബിളിൽ പറയുന്നു: “They are transplanted into the Lord’s own garden, and are under his personal care.”

പ്രിയപ്പെട്ടവരെ, നാം ദൈവത്തിന്റെ വ്യക്തിപരമായ ശ്രദ്ധ യിലും സൂക്ഷ്മമായ പരിരക്ഷണയിലും കഴിയുന്നവരാണ്. ജീവനുള്ള ദൈവം നമ്മെ കാട്ടിൽ നിന്ന് പറിച്ചെടുത്ത് കൊണ്ടു വന്ന് തന്റെ തോട്ടത്തിൽ നട്ടിരിക്കുകയാണ്.

പ്രിയതമന്റെ തോട്ടത്തിലെ മുന്തിരി! സ്നേഹിതരേ, നാം അങ്ങനെയാണോ നിൽക്കുന്നത്? നാം ഒരിടത്ത് ജനിച്ചതാ ണ്, മുളച്ചതാണ്. എന്നാൽ നാം മുളച്ച സ്ഥാനത്ത് നിന്ന് നമ്മെ പറിച്ചെടുത്ത് ദൈവത്തിന്റെ തോട്ടത്തിൽ കൊണ്ടുവന്ന് നട്ടു. Transplant ചെയ്തു.

നമ്മുടെ പലരുടേയും ജീവിതം കാട്ടിൽ അല്ലായിരുന്നോ? കാട്ടുമൃഗങ്ങളുടെകൂടെ ആയിരുന്നില്ലേ? മൃഗീയ സ്വഭാവമു ള്ളതായിരുന്നില്ലേ? മൃഗീയവാസനകളുള്ളതായിരുന്നില്ലേ? ഏറ്റവും ഹീനവും ക്രൂരവും നിഷ്ഠൂരവും ഏറ്റവും കുത്സി തവും വ്യാജപൂർണ്ണവുമായ ജീവിതം ആയിരുന്നില്ലേ? എത്രയോ പേരെ നാം വേദനിപ്പിച്ചു. എത്രയോ പേരെ നാം മുറിപ്പെടുത്തി, എത്രയെത്ര അനർത്ഥം നാം ലോകത്തിന് വരു ത്തി, മറ്റുള്ളവർക്ക് വരുത്തി നമുക്കു തന്നെ ദോഷം വരുത്തി. മദ്യപാനത്തിന്റെ ആസക്തിയിലും വേശ്യാവൃത്തിയുടെ മാദ കത്വത്തിലും ജീവിതം തകർത്ത് കളഞ്ഞവരില്ലേ? പണം കൊടുത്ത് രോഗം വാങ്ങിയവരില്ലേ? പണം ചിലവഴിച്ച് മദ്യപാനം കൊണ്ടും വേശ്യാവൃത്തികൊണ്ടും പുറത്ത് പറ യാൻ അറയ്ക്കുന്ന രോഗങ്ങൾക്ക് അടിമകളായവരില്ലേ? ഓർത്ത് നോക്കൂ. നമ്മുടെ നിഷ്ഠൂര സ്വഭാവം കൊണ്ട് ചില കുടുംബങ്ങളെ അനാഥമാക്കിയ പഴയ കഥകൾ ഇന്ന് ചിലർ

ഓർക്കുന്നുണ്ടാകും.

സ്നേഹിതരേ, നാം മൃഗീയവാസനയുള്ളവരായിരുന്നു. എന്നാൽ കരുണയുള്ള കർത്താവ് നമ്മുടെ പഴയകാല ജീവിതത്തിൽ നിന്ന് നമ്മെ പറിച്ചെടുത്ത് കൊണ്ടുവന്ന്, നമ്മെ തന്റെ മുന്തിരിത്തോട്ടത്തിൽ മുന്തിരിച്ചെടികളായി നട്ടുവളർത്തി. ഇതാ ചുറ്റും വേലികെട്ടി സംരക്ഷണം തന്നു. ഇതാ നമ്മെ ദൈവത്തിന്റെ പ്രത്യേക പരിപാലനത്തിൽപെടുത്തി ദൈവം നമ്മെ ആനുഗ്രഹിച്ചു.

ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിലെ നടുതലയായി നാം വളർന്നു. തക്കസമയത്ത് നമുക്ക് നനവ് തന്നു. നമ്മെ നനച്ച് വളം തന്നു, നമ്മെ പോഷിപ്പിച്ചു പരിചരണം തന്നു, നമ്മെ ശുശ്രൂഷിച്ച് നമുക്കെല്ലാ നന്മകളും തന്നു ഇന്നയോളം നമ്മെ കണ്മണിപോലെ പോറ്റിപ്പുലർത്തി.

സ്നേഹിതരേ, എന്നാൽ നമ്മെ നശിപ്പിച്ചുകളഞ്ഞിട്ട് നമ്മെ ചീരത്തോട്ടമാക്കുവാൻ ആഹാബ് ഉത്സാഹിക്കുന്നുണ്ട്. ദുഷ്ടനായ പൈശാചികൻ ഉത്സാഹിക്കുന്നുണ്ട്, സാത്താന്റെ പ്രതീകമാണ് ഇവിടെ ആഹാബ്.

ദുഷ്ടന്റെ കയ്യിലെ കളിപ്പാവയാകാൻ നമ്മെ വിട്ടുകൊടുക്കരുത്. ദുരിത പൂരിതമായ, ഹീനമായ ഒരു ജീവിതത്തിന് നാം നമ്മെത്തന്നെ അടിമപ്പെടുത്തരുത്. പൈശാചികൻ നമ്മെ പാവ കളിപ്പിക്കാൻ നാം നമ്മെത്തന്നെ വിട്ടുകൊടുക്കരുത്. ഭീകരമായ നരകത്തിന്റെ ഘോരദുരിതത്തിലേക്ക് നാം നമ്മെത്തന്നെ എറിഞ്ഞുകളയരുത്. നാം ദൈവത്തിങ്കലേക്ക് തിരിയുക. നമ്മെ ഈ മുന്തിരിത്തോപ്പിൽ കൊണ്ടുവന്ന് നട്ട നാഥനോടുള്ള സ്നേഹത്തിലും ജീവനുള്ള ക്രിസ്തുവിനോടുള്ള ആരാധനയിലും ക്രിസ്തുവിലുള്ള ആശ്രയത്തിലും നമ്മുടെ

ജീവിതം നാം തികയ്ക്കുക. ക്രിസ്തുവിനെ മുറുകെപ്പിടിക്കുക. ക്രിസ്തു തന്ന സ്നേഹം എന്ത് എന്ന് തിരിച്ചറിയുക. ക്രിസ്തു തന്റെ രക്തം കൊടുത്ത് നമ്മെ വിലയ്ക്കുവാങ്ങി എന്ന് അറിയുക. ക്രിസ്തുവിനായി നമ്മുടെ ജീവിതം നാം വേർതിരിക്കുക. പുതിയ സമർപ്പണം എടുക്കുക.

നാഥാ, ഈ മുന്തിരിത്തോട്ടം നീ കാത്തുകൊണ്ടിരിക്കുന്നതല്ലോ. ഈ മുന്തിരിത്തോട്ടം നശിപ്പിക്കാൻ ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കുകയില്ല. കർത്താവേ, ആഹാബിന് ചീരത്തോട്ടമാക്കുവാൻ ഞാൻ വിട്ടുകൊടുക്കുകയില്ല. എന്റെ ജീവിതം ഇതാ നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്നെ നീ വെടിപ്പാക്കണമേ, എന്നെ നീ കഴുകണമേ, എന്നെ നീ വിശുദ്ധീകരിക്കണമേ. നിന്റെ തോട്ടത്തിൽ മധുരതരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ഭാഗ്യജീവിതം എനിക്ക് നൽകണമേ. എന്നിൽ നിന്നുകൊണ്ട് നീ അത്ഭുതം പ്രവർത്തിക്കണമേ. ഞാൻ മൂലം അനേകർക്ക് ശക്തിയും ബലവും മധുരവും രുചിയും ലഭിക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ.

കർത്താവേ, നിന്റെ കൃപയിൽ ഞാൻ എന്നെത്തന്നെ തരുന്നു. നമുക്ക് പ്രാർത്ഥിക്കാം. നമുക്ക് സമർപ്പിക്കാം. ദൈവത്തിനായി നമ്മെ വേർതിരിക്കാം.

## അഞ്ച്

"നാബോത്ത് ആഹാബിനോട് : ഞാൻ എന്റെ പിതാക്കന്മാരുടെ അവകാശം നിനക്ക് തരുവാൻ യഹോവ സംഗതി വരുത്തരുതേ എന്ന് പറഞ്ഞു."

1 രാജാ. 21:3

എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ നിനക്ക് തരികയില്ല എന്ന് പറഞ്ഞു. ഞാൻ എന്റെ പിതാക്കന്മാരുടെ അവകാശം നിനക്ക് തരുവാൻ സംഗതി വരരുതേ, യഹോവ എനിക്ക് സംഗതി വരുത്തരുതേ എന്ന് പറഞ്ഞു. എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ നിന്ക്ക് തരികയില്ല എന്ന് നാബോത്ത് ആഹാബിനോട് പറഞ്ഞു.

മുന്തിരിത്തോട്ടം ചീരത്തോട്ടമാക്കുവാൻ എനിക്ക് തരണം എന്ന് ആഹാബ് നാബോത്തിനോട് പറഞ്ഞു. നാബോത്ത് കൊടുത്തില്ല. നാബോത്ത് പറഞ്ഞു, ഇത് എന്റെ പാതാക്കന്മാരുടെ അവകാശമാണ്.

എന്റെ പൈതൃകാവകാശം ഞാൻ നഷ്ടപ്പെടുത്തുകയില്ല.

എന്റെ പിതാക്കന്മാരുടെ അവകാശമാണിത്. ഇത് ഞാൻ നിനക്ക് തരികയില്ല എന്ന് നാബോത്ത് പറഞ്ഞു. ആഹാബ് വളരെ അമർഷത്തോടെ ആ വാക്കുകൾ കേട്ടു. കോപം ജ്വലിച്ചു.

പ്രിയപ്പെട്ടവരെ, പിതാക്കന്മാരുടെ അവകാശം എന്താണ്? പിതാക്കന്മാർ നമുക്ക് തന്നതായ സ്വത്ത് എന്താണ്? പിതാക്കന്മാർ തന്ന സ്വത്ത് ദൈവസ്നേഹവും ദൈവത്തിന്റെ വിശുദ്ധിയുമാണ്. പിതാക്കന്മാർ നമുക്ക് വെച്ചേച്ചുപോയ സമ്പത്ത് ദൈവത്തിന്റെ സ്നേഹവും ദൈവത്തിന്റെ വിശുദ്ധിയുമാണ്.

പൂർവ്വീക പിതാക്കന്മാർ, അബ്രഹാം പിതാവ് തന്നത് ദൈവത്തിലുള്ള വിശ്വാസം, വിശ്വാസം മൂലം ലഭിച്ച സ്നേഹം, സ്നേഹം മൂലമുണ്ടായ അനുസരണം. അബ്രഹാം കാണിച്ചുതന്ന പാത അതാണ്. നോഹ കാണിച്ചു തന്ന പാത ഏതാണ്? ദൈവത്തോട് കൂടെ നടക്കുന്നു, ദൈവത്തിന്റെ വചനം അനുസരിക്കുന്നു. ദൈവത്തിന്റെ വചനത്തിന് കീഴ്പ്പെട്ട് ദൈവവചനം ചോദ്യം ചെയ്യാതെ അനുസരിക്കുന്നു. ദൈവത്തെ വിശ്വസിക്കുന്നു. ദൈവസന്നിധിയിൽ വചനം അനുസരിപ്പാൻ തന്നെത്തന്നെ വിട്ടുകൊടുക്കുന്നു.

ഹാനോക്ക് കാണിച്ചുതന്ന മാതൃക എന്താണ്? ഹാനോക്ക് കാണിച്ചു തന്ന മാതൃക ദൈവത്തോട് കൂടെ നടക്കുന്ന മാതൃകയാണ്. ആദ്യത്തെ അറുപത്തിയഞ്ച് കൊല്ലം ഹാനോക്ക് ദൈവം ഇല്ലാതെ ജീവിച്ചു. എന്നാൽ അറുപത്തിയഞ്ചാമത്തെ വയസ്സിൽ ഹാനോക്ക് വഴി തിരിഞ്ഞു. അതുവരെ വന്ന വഴി വിട്ടു ഒരു പുതിയ വഴിയിലൂടെ യാത്ര ചെയ്യാൻ തുടങ്ങി. ഹാനോക്ക് ദൈവത്തോട് കൂടെ നടന്നു മൂന്നൂറു വർഷം, പിന്നീട് ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി.

പിതാക്കന്മാരുടെ അവകാശം ദൈവത്തോടുകൂടെ നടക്കുന്ന സ്വത്താണ്. പിതാക്കന്മാരുടെ അവകാശം ദൈവത്തിന്റെ വചനം അനുസരിക്കുന്ന സമ്പത്താണ്. ഹാബേൽ കാണിച്ചുതന്ന സ്വത്ത് എന്താണ്? പൈതൃകമായ അവകാശം എന്താണ്? ഹാബേൽ ദൈവത്തിന് ഹിതകരമായി യാഗം അർപ്പിച്ചു. "വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം അർപ്പിച്ചു." ദൈവത്തെ പ്രസാദിപ്പിച്ചു. ദൈവം ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.

ദൈവത്തിന് ഹാബേൽ കഴിച്ച യാഗം, ഹാബേലിന്റെ വഴിപാട്, അത് ദൈവം പ്രസാദത്തോടെ സ്വീകരിച്ചു. നമ്മുടെ ജീവിതം സത്യ ദൈവത്തിന് സമർപ്പിക്കുവാനുള്ള കാഴ്ചപ്പാടും പുതിയ സമർപ്പണവുമാണ് ഹാബേൽ തരുന്ന പാഠം.

പിതാക്കന്മാരുടെ വിശ്വാസം, പഴയനിയമ പിതാക്കന്മാർ മോശെ, ഏലിയാവ്, ഏലീശാ എന്നിങ്ങനെയുള്ള വിശുദ്ധന്മാരായ പ്രവാചകന്മാരും വിശുദ്ധന്മാരും അവർ കാണിച്ചുതരുന്നത് എന്താണ്? പിതാക്കന്മാരുടെ അവകാശം എന്താണ്? അത് ദൈവത്തെ ഭയപ്പെട്ട് ദൈവത്തിന് മഹത്വം കൊടുക്കുന്ന അവകാശമാണ്. സത്യദൈവത്തെ ആരാധിക്കുന്ന അവകാശമാണ്.

ദൈവത്തിന്റെ സ്നേഹം, ദൈവത്തിന്റെ വിശുദ്ധി അതാണ് അവകാശം.

പൂർവ്വീക പിതാക്കന്മാർ നേടിത്തന്ന അവകാശമുണ്ട്. അപ്പൊസ്തലനായ പത്രോസ് കാണിച്ചുതന്ന മാതൃക എന്താണ്? പിതാക്കന്മാരുടെ അവകാശം എന്താണ്? ഇന്ന്

ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നമുക്ക് തിരിഞ്ഞുനോക്കാം. രണ്ടായിരം വർഷം മുമ്പ് അപ്പൊസ്തലനായ പത്രോസ് തലകീഴായി ക്രൂശിക്കപ്പെട്ടു. എന്റെ കർത്താവിനെ ക്രൂശിച്ചതുപോലെ ക്രൂശിക്കപ്പെടാൻ എനിക്ക് യോഗ്യതയില്ല, ഞാൻ ആ തൃപ്പാദം ചുംബിച്ചുകൊണ്ട് മരിച്ചുകൊള്ളട്ടെ. എന്നെ നിങ്ങൾ തല കീഴായി ക്രൂശിക്കുമോ എന്ന് ചോദിച്ച് വിനയപൂർവ്വം യാചിച്ച് പത്രോസ് പുഞ്ചിരിയോടെ മരണം ഏറ്റുവാങ്ങി. പിതാക്കന്മാരുടെ സമ്പത്ത് രക്തസാക്ഷിത്വത്തിന്റെ സമ്പത്താണ്.

അപ്പൊസ്തലനായ പൗലോസ് റോമൻ പടയാളികളുടെ വാളേറ്റ് കഴുത്ത് വെട്ടി വധിക്കപ്പെട്ടു. ശ്ലീഹാ മരിക്കുന്നതിന് തൊട്ടുമുമ്പ് പറഞ്ഞത് എന്താണ്? "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു, നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്കുമാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കും കൂടെ" എന്ന്.

എന്തൊരു പ്രാഗത്ഭ്യം ! ഞാൻ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലം അടുത്തു എന്ന് അപ്പൊസ്തലനായ പൗലോസ് തീമൊഥെയൊസിന് എഴുതിയ രണ്ടാം ലേഖനം നാലാം അദ്ധ്യായത്തിൽ എത്ര കൂസലില്ലാതെയാണ് പറയുന്നത്. എന്തൊരു പ്രാഗത്ഭ്യത്തോടെയാണ് പറയുന്നത്. എന്റെ നിര്യാണകാലം അടുത്തു എന്ന്. ഒരു ലേശം പോലും ഭയമില്ല, സംശയമില്ല, ആകാംക്ഷയില്ല, ആശങ്കയില്ല, ഭീതിയില്ല, സംശയമില്ല. എത്ര ധൈര്യത്തോടും പുഞ്ചിരിയോടും കൂടെ മരണത്തെ നേരിടുന്നു.

സ്തെഫാനൊസ് കല്ലേറുകൊണ്ട് മരിക്കുമ്പോൾ ശരീര

ത്തിൽ ഉരുളൻ കല്ലുകൾ, കൂർത്തു മൂർത്ത കല്ലുകൾ വന്ന് വീഴുമ്പോൾ ശരീരം ഉടയുകയും അസ്ഥികൾ തകരുകയും മാംസം പിച്ചിച്ചീന്തിത്തെറിക്കുകയും ചോര ചീറിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ സ്തെഫാനൊസ് പറഞ്ഞു: "പിതാവേ, ഇവർക്ക് ഈ പാപം നിറുത്തരുതേ." എത്ര സ്നേഹോഷ്മളമായ അനുഭൂതി വിശേഷമാണ് നാം അവിടെ കാണുന്നത്.

ദൈവസ്നേഹം, പിതാക്കന്മാരുടെ അവകാശം അതാണ്. പിതാക്കന്മാർ കാണിച്ചുതന്ന മാതൃക അതാണ്. അപ്പൊസ്തലനായ യാക്കോബിനെ ഹെരോദാ രാജാവ് വാൾ കൊണ്ട് വെട്ടി. വിശുദ്ധ യോഹന്നാൻ ശ്ലീഹാ ഒഴികെ ബാക്കി അപ്പൊസ്തലന്മാർ എല്ലാവരും രക്തസാക്ഷി മരണമാണ് വരിച്ചത്.

അപ്പൊസ്തലനായ തോമസ് ഈ ഭാരതഭൂമിയിലേക്ക് വന്നു. ഭാരതഭൂമിയിൽ അവിടുന്ന് ക്രിസ്തുവിന്റെ അത്ഭുത സുവിശേഷം പ്രസംഗിച്ചു. അവിടുന്ന് രക്തസാക്ഷിയായി ഈ ഭാരതത്തിന്റെ മണ്ണിൽ അന്തിമ വിശ്രമം കൊണ്ടു.

പ്രിയപ്പെട്ടവരെ, യേശുക്രിസ്തുവിന്റെ അനുഗാമികളും അനുയായികളുമായ വിശുദ്ധന്മാരും നിബിയന്മാരും പ്രവാചകന്മാരും ശ്ലീഹന്മാരും അപ്പൊസ്തലന്മാരും സഹദേന്മാരും എല്ലാവരും കാണിച്ചുതന്ന മാതൃക എന്താണ്? പിതാക്കന്മാരുടെ അവകാശം സ്നേഹത്തിന്റെ അവകാശമാണ്. പിതാക്കന്മാരുടെ അവകാശം ലോകത്തെ ചപ്പും കുപ്പയും എന്ന് എണ്ണുന്ന അവകാശമാണ്.

സകലവും ഉപേക്ഷിച്ചു എല്ലാം ചവറ് എന്ന് എണ്ണിക്കൊണ്ട് യേശുക്രിസ്തുവിനെ സ്നേഹിച്ചു, യേശുക്രിസ്തുവിനെ ആരാധിച്ചു, യേശുക്രിസ്തു തരുന്ന ശാന്തിയും പാപ

ക്ഷമയും അനുഭവിക്കുന്ന അവകാശമാണ് പിതാക്കന്മാരുടെ അവകാശം.

സ്വർഗ്ഗത്തിന്റെ അവകാശം നേടിയ പിതാക്കന്മാർ നാം ഓരോരുത്തരും ആ അവകാശം സ്വായത്തമാക്കണമെന്ന് ആഗ്രഹിക്കുന്നു.

നാബോത്ത് പറഞ്ഞു: എന്റെ പിതാക്കന്മാരുടെ അവകാശം എനിക്ക് നഷ്ടപ്പെടാൻ ഇടവരരുതേ. എന്റെ പിതാക്കന്മാരുടെ അവകാശം നിനക്ക് തരുവാൻ യഹോവ സംഗതി വരുത്തരുതേ. എന്റെ പിതാക്കന്മാരുടെ അവകാശം ഞാൻ നിനക്ക് തരികയില്ല.

പ്രിയപ്പെട്ടവരെ, നമുക്ക് നമ്മുടെ പിതാക്കന്മാർ കാണിച്ചു തന്ന ദൈവീക അവകാശമായ ജീവിത വശുദ്ധി പിശാചിന്റെ മുമ്പിൽ നാം അടിയറ വയ്ക്കരുത്. ദൈവം തന്നതായ പരിശുദ്ധ സ്നേഹം സാത്താന്റെ മുമ്പിൽ നാം കാഴ്ചവയ്ക്കരുത്. പിശാചിന്റെ ഇഷ്ടം പോലെ എന്തും ചെയ്യാനായി നമ്മെത്തന്നെ വിട്ടുകൊടുക്കരുത്. നമുക്ക് ദൈവം തന്ന അവകാശം, പിതാക്കന്മാർ അനുഭവിച്ച അവകാശം, പിതാക്കന്മാരുടെ സ്വത്ത്, അത് ക്രിസ്തുവിനോടുള്ള സ്നേഹവും ക്രിസ്തുവിലുള്ള പ്രത്യാശയും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന് വേണ്ടിയുള്ള ആകാംക്ഷയുമാണ്.

സ്നേഹിതരെ, യേശുക്രിസ്തുവിന്റെ തിരുരക്തം! അതാണ് നമുക്ക് ദൈവം തന്ന അവകാശം. ആ തിരുരക്തത്തിൽ പാപങ്ങൾ മോചിപ്പിക്കപ്പെടുന്നു. ആ തിരുരക്തത്തിൽ പഴയ മനുഷ്യൻ മാറ്റപ്പെടുന്നു. ആ തിരുരക്തത്തിൽ പഴയ മനുഷ്യൻ കുഴിച്ചിടപ്പെടുന്നു. ആ തിരുരക്തത്തിന്റെ ശക്തിയാൽ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടു

ന്നു. ആ തിരുരക്തത്തിന്റെ ശക്തിയാൽ പുതിയ മനുഷ്യ നായി ഉയർത്തെഴുന്നേൽക്കുന്നു.

> "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയത് കഴിഞ്ഞുപോയി; ഇതാ അത് പുതിയതായി തീർന്നിരിക്കുന്നു."
>
> 2 കൊരി. 5:17

സ്നേഹിതരേ, ഈ പുതിയ അനുഭവം നാം കൈവരിച്ചുവോ? ഞാൻ ഒരു പുതിയ സൃഷ്ടിയായി തീർന്നുവോ? അതാണ് പിതാക്കന്മാരുടെ അവകാശം. ക്രിസ്തുവിന്റെ സ്നേഹവും ക്രിസ്തുവിന്റെ വിശുദ്ധിയും! അത് അനുഭവിക്കുന്നവർ പുതിയ സൃഷ്ടിയായിത്തീരും. അത് അനുഭവിക്കുന്നവർ ക്രൂശിന്റെ സാക്ഷികളായിത്തീരും. അത് അനുഭവിക്കുന്നവർ ലോകം മായ എന്ന് എണ്ണും.

യേശുക്രിസ്തു തരുന്നതായ പിതാക്കന്മാരുടെ അവകാശം അനുഭവിക്കുന്നവർ, ജീവിത വിശുദ്ധിയും ദൈവസ്നേഹവും അനുഭവിക്കുന്നവർ, ക്രിസ്തുവിനായി ജീവിതം വേർതിരിക്കും. തങ്ങൾക്കുള്ളതെല്ലാം ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ അടിയറ വയ്ക്കും. ആ ആണിപ്പാടുള്ള പാദത്തിങ്കൽ എല്ലാം ഏൽപിച്ചുകൊണ്ട് ഒരു പുതിയ പ്രത്യാശയോടും പുതിയ ധൈര്യത്തോടും പുതിയ വീര്യത്തോടും കൂടി എഴുന്നേറ്റ് യേശുവിനുവേണ്ടി അടരാടാൻ പുറപ്പെടും. യേശുക്രിസ്തുവിനുവേണ്ടി ഈ തലമുറയിൽ സ്നേഹത്തിന്റെ ദൂതും വഹിച്ച് സ്നേഹത്തിന്റെ ശാന്തിസന്ദേശവും ഏന്തി ലോകം എമ്പാടും ഓടുവാൻ ദൈവത്തിന്റെ വിശുദ്ധമക്കൾ തയ്യാറാകും.

അതിന് പ്രിയപ്പെട്ടവനേ, നിനക്ക് ആഗ്രഹമുണ്ടോ? പ്രിയ

പ്പെട്ടവളേ, നിനക്ക് കൊതിയുണ്ടോ? പിതാക്കന്മാരുടെ അവകാശം നഷ്ടപ്പെടുത്തരുത്. പിതാക്കന്മാരുടെ സ്വത്ത് കൈമോശം വരരുത്. പിതാക്കന്മാർ നൽകിത്തന്ന ദൈവത്തിന്റെ വിശുദ്ധിയും ദൈവത്തിന്റെ സ്നേഹവും കൈമുതലാക്കിക്കൊണ്ട് നിത്യതയിലേക്ക് നമുക്ക് പ്രയാണം ചെയ്യാം. നിത്യജീവന്റെ സ്വർഗ്ഗീയ അനുഭൂതികൾ നമുക്ക് കരഗതമാക്കാം. നിത്യ ജീവന്റെ സ്വർഗ്ഗീയ ശ്രേയസ്സിൽ നമുക്ക് എത്തിച്ചേരാം. അതിനായിട്ട് നമ്മെത്തന്നെ സമർപ്പിക്കാം.

## ആറ്

“നീ എഴുന്നേറ്റ് ശമര്യയിലെ യിസ്രായേൽ രാജാവായ ആഹാബിനെ എതിരേല്പാൻ ചെല്ലുക, ഇതാ, അവൻ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ അവിടേക്ക് പോയിരിക്കുന്നു. നീ അവനോട് : നീ കൊലചെയ്യുകയും കൈവശമാക്കുകയും ചെയ്തുവോ എന്ന് യഹോവ ചോദിക്കുന്നു. നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്ത് വച്ചു തന്നേ നിന്റെ രക്തവും നക്കിക്കളയും എന്ന് യഹോവ കല്പ്പിക്കുന്നു എന്ന് നീ അവനോട് പറക.”

1 രാജ. 21:18–19

‘‘നീ കൊല ചെയ്യുകയും കൈവശമാക്കുകയും ചെയ്തുവോ?” നിഷ്ഠൂരനായ ആഹാബിനോട് ദൈവത്തിന്റെ പ്രവാചകൻ ചോദിക്കുകയാണ്.

ജീവനുള്ള ദൈവം ആഹാബിനെ അമർഷത്തോടെ

നോക്കിക്കൊണ്ട് കോപത്തോടെ വിളിച്ചുകൊണ്ട് ചോദിക്കുന്നു, “നീ കൊല ചെയ്യുകയും കൈവശമാക്കുകയും ചെയ്തുവോ?”

ദൈവം നിഷ്ഠൂരതയെ പൊറുക്കുന്നവനല്ല. ദൈവം കരുണയുള്ള ദൈവമാണ്. ദൈവം സ്നേഹാർദ്രമായ, അലിവോലുന്ന ഹൃദയമുള്ള ദൈവമാണ്. ദൈവത്തിന്റെ ഉള്ള് സ്നേഹം കൊണ്ട് നിറഞ്ഞതാണ്. ദൈവത്തിന്റെ ഹൃദയം കാരുണ്യം ഊറുന്നതാണ്. ദൈവത്തിന്റെ ഹൃദയം സഹാനുഭൂതി ഉളവാക്കുന്നതാണ്.

പ്രിയപ്പെട്ടവരെ, തന്റെ പ്രിയപ്പെട്ടവരുടെ ദു:ഖം കണ്ട് വേദനിക്കുന്ന ദൈവസ്നേഹം ഇവിടെ ആഹാബ് രാജാവിനെ വിളിച്ച് ചോദിക്കുന്നു. “നീ കൊല ചെയ്യുകയും കൈവശമാക്കുകയും ചെയ്തുവോ?” എന്ന്. എന്താണ് കാരണം?

ആഹാബ് രാജാവ് നാബോത്തിന്റെ മുന്തിരിത്തോട്ടം ആഗ്രഹിച്ചു, അത് ചീരത്തോട്ടമാക്കാൻ ആഗ്രഹിച്ചു. തന്റെ കൊട്ടാരത്തിന് അരികെയുള്ള മുന്തിരിത്തോട്ടം, അത് സ്വന്തമാക്കി അതിൽ ചീര പിടിപ്പിക്കാൻ ആഗ്രഹിച്ചു. നാബോത്ത് കൊടുത്തില്ല. ആഹാബ് സ്വതവേ കഴിവില്ലാത്തവനാണ്, എന്നാൽ ഈസേബെൽ ക്രൂരതയ്ക്കും നിഷ്ഠൂരതയ്ക്കും മൂർത്തിമത്ഭാവമാണ്.

ഈസേബെൽ ആഹാബിനെ ധൈര്യപ്പെടുത്തി. ഈസേബെൽ ആഹാബിനോട് ഇങ്ങനെയാണ് പറഞ്ഞത്.

> “അവന്റെ ഭാര്യ ഈസേബെൽ അവനോട്: നീ ഇന്ന് യിസ്രായേലിൽ രാജ്യഭാരം വഹിക്കുന്നുവോ? എഴുന്നേറ്റ് ഭക്ഷണം കഴിക്ക, നിന്റെ

> മനസ്സ് തെളിയട്ടെ, യിസ്രായേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം ഞാൻ നിനക്കു തരും എന്ന് പറഞ്ഞു.”
>
> 1 രാജാ. 21:7

യിസ്രായേല്യനായ നാബോത്തിന്റെ മുന്തിരിത്തോട്ടം ഞാൻ നിനക്ക് തരും” എന്ന്. എന്തൊരു അഹങ്കാരത്തോടെയാണ് ആ സ്ത്രീ സംസാരിക്കുന്നത്! എന്ത് ചങ്കൂറ്റത്തോടെയാണ് ആ സ്ത്രീ സംസാരിക്കുന്നത്! ‘ഞാൻ നിനക്ക് തരും”. എന്നാണ് പറയുന്നത്.

അന്യന്റെ സ്ഥലവും അന്യന്റെ കൈവശാവകാശവും ഞാൻ പിടിച്ചുമേടിച്ച് നിനക്കുതരും എന്ന്. ഞാൻ ആക്രമിച്ച് കീഴടക്കി നിനക്ക് തരും എന്ന്. അതു ഞാൻ സ്വന്തമാക്കി നിനക്ക് ഏൽപിച്ച് തരും എന്ന്. ഈസേബെൽ രാജ്ഞി പറയുകയാണ്.

ഏറ്റവും ഹീനമായ, ഏറ്റവും മേച്ഛമായ, ഏറ്റവും ആധമമായ, സ്വഭാവത്തിന്റെ പ്രതീകമാണ് ഈസേബെൽ. ഇസേബെൽ തുടർന്ന് തന്ത്രങ്ങൾ മെനഞ്ഞു.

> “അങ്ങനെ അവൾ ആഹാബിന്റെ പേർവെച്ച് ഒരു എഴുത്തെഴുതി അവന്റെ മുദ്രകൊണ്ട് മുദ്രയിട്ടു. എഴുത്ത് നാബോത്തിന്റെ പട്ടണത്തിൽ പാർക്കുന്ന മൂപ്പന്മാർക്കും പ്രധാനികൾക്കും അയച്ചു.”
>
> 1 രാജാ. 21 : 8

> “എഴുത്തിൽ അവൾ എഴുതിയിരുന്നതെന്തെന്നാൽ : നിങ്ങൾ ഒരു ഉപവാസം പ്രസിദ്ധമാക്കി നാബോത്തിനെ ജനത്തിന്റെ ഇടയിൽ പ്രധാന സ്ഥലം

കൊടുത്തു ഇരുത്തുവിൻ. നീചന്മാരായ രണ്ടാളുകളെ അവനെതിരെ നിർത്തി: അവൻ ദൈവത്തെയും രാജാവിനെയും ദുഷിച്ചു എന്ന് അവന്ന് വിരോധമായി സാക്ഷ്യം പറയിപ്പിൻ; പിന്നെ നിങ്ങൾ അവനെ പുറത്ത് കൊണ്ടുചെന്നു കല്ലെറിഞ്ഞു കൊല്ലേണം."

1 രാജാ. 21:9–10

നാബോത്തിനെ കല്ലെറിഞ്ഞ് കൊന്ന് വേണം ഈ ഭൂമി കൈവശം ആക്കാൻ. ഈ ഭൂമി സ്വന്തമാക്കാൻ. അതിന് കെണികൾ ഒരുക്കുകയാണ്, കള്ളം പറയിക്കുകയാണ്. ഒട്ടുമില്ലാത്ത വസ്തുതകൾ നാബോത്തിന് എതിരായി പ്രചരിപ്പിക്കുകയാണ്. ദൈവത്തിനും ദൈവത്തിന്റെ ആലയത്തിനും മാത്രമല്ല, ദൈവത്തിനും രാജാവിനും വിരോധമായി സാക്ഷ്യം പറയുന്നത് ഞങ്ങൾ കേട്ടു എന്ന് കള്ളസാക്ഷ്യം പറയിപ്പിച്ചു.

പ്രിയപ്പെട്ടവരെ, കള്ളസാക്ഷ്യം പറയിപ്പിക്കുന്നവരുണ്ട്. കള്ളസാക്ഷ്യം പറയുന്നവരുണ്ട്. ഇല്ലാത്തത് പറഞ്ഞ് പരത്തുന്നവരുണ്ട്. മിഥ്യ അപവാദങ്ങൾ പറഞ്ഞു പരത്തുന്നവരുണ്ട്. ദൂഷണം പറയുന്നവരുണ്ട്. അങ്ങനെയുള്ളവരെക്കുറിച്ച് വേദപുസ്തകം പറയുന്നത് വാവിഷ്ഠാണക്കാർ എന്നാണ്. കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനം ആറാം അദ്ധ്യായത്തിൽ അപ്പൊസ്തലനായ പൗലോസ് അവരെക്കുറിച്ച് പറയുന്നത് വാവിഷ്ഠാണക്കാർ എന്നാണ്. Revilers - പരദൂഷണം പറയുന്നവർ. ഇല്ലാത്തത് പറഞ്ഞ് പരത്തുന്നവൻ, മറ്റുള്ളവരെക്കുറിച്ച് ഹീനമായി സംസാരിക്കുന്നവർ.

Revilers – വാവിഷ്ഠാണക്കാർ, "വാവിഷ്ഠാണക്കാർ ദൈവരാജ്യം അവകാശമാക്കുകയില്ല" എന്ന് അപ്പൊസ്തല

നായ പൗലോസ് ഒന്ന് കൊരിന്ത്യർ ആറാം അദ്ധ്യായം പത്താം വാക്യത്തിൽ പറയുന്നു.

> "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല."
>
> 1 കൊരി. 6:9

സ്നേഹിതരേ, ഓർക്കൂ: കള്ളസാക്ഷ്യം പറയിപ്പിച്ചു, കളവു പറയുന്നവരുണ്ട്, മോഷണം ചെയ്യുന്നവരുണ്ട്, മറ്റുള്ളവരുടേത് പിടിച്ച് പറിക്കുന്നവരുണ്ട്; കവർച്ച ചെയ്യുന്നവരുണ്ട്. അവനവന് അവകാശപ്പെടാത്തത് മറ്റുള്ളവരുടേത് സ്വന്തമാക്കാൻ വ്യഗ്രത പൂണ്ട് പ്രവർത്തിക്കുന്നവരുണ്ട്, കെണികൾ ഒരുക്കുന്നവരുണ്ട്, ഗൂഡാലോചനകൾ നടത്തുന്നവരുണ്ട്.

പ്രിയപ്പെട്ടവരെ, ഇന്ന് തൽക്കാലം ശിക്ഷ കിട്ടിയില്ല എന്ന് വന്നേക്കാം. എന്നാൽ ഓർത്തുകൊള്ളൂ.

Be sure your sin will find you out. – നിശ്ചയമായും നിന്റെ പാപം നിന്നെ കണ്ടെത്തും.

As you sow, so you reap - നീ വിതയ്ക്കുന്നത് നീ കൊയ്തെടുക്കേണ്ടിവരും.

പ്രിയപ്പെട്ടവരെ, വിതച്ചാൽ കൊയ്യും, മറക്കരുത്. As you sow, so you reap വിതച്ചാൽ കൊയ്യും, വിതച്ച ഉടനെ കൊയ്തു എന്ന വരികയില്ല. പലനാളുകൾക്കുശേഷമാണ് കൊയ്യുന്നത്. അതാത് വിത്തിന് അതാതിന്റെ മൂപ്പുണ്ട്. പലനാളുകൾ കഴിഞ്ഞു കൊയ്തെടുക്കും.

മകനേ, ഇന്ന് നിനക്ക് ശിക്ഷ വന്നില്ല എന്ന് വെച്ച് നീ

മിടുക്കനായി നടന്നു എന്നുവരും. ഇന്നു നീ തെളിഞ്ഞു, ആരും അറിഞ്ഞില്ല എന്നു ധരിച്ചു, വളരെ ബുദ്ധിവൈഭവത്തോടെ കാര്യങ്ങൾ കരുനീക്കിയല്ലോ എന്നു ധരിച്ചു, വളരെ സുസ്മേരവദനായി, നാട്ടിൽ പ്രമാണിയായി നടന്നു എന്ന് വരും. പക്ഷേ, നിന്റെ പാപം നിന്നെ കണ്ടെത്തുന്ന ഒരുനാൾ ഉണ്ട്. നാം വായിക്കുന്നത് അങ്ങനെയാണ്.

> "നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്ത് വച്ചുതന്നെ നിന്റെ (ആഹാബിന്റെ) രക്തവും നക്കിക്കളയും എന്ന് യഹോവ കല്പിക്കുന്നു എന്ന് നീ അവനോട് പറയുക."
>
> 1 രാജാ. 21 : 19

> "യഹോവയ്ക്കു അനിഷ്ടമായുള്ളത് ചെയ്യുവാൻ നീ നിന്നെ വിറ്റുകളഞ്ഞതുകൊണ്ട് ഞാൻ നിന്റെ മേൽ അനർത്ഥം വരുത്തും, നിന്നെ അശേഷം നിർമ്മൂലമാക്കി യിസ്രായേലിൽ ആഹാബിനുള്ള സ്വതന്ത്രനും അസ്വതന്ത്രനുമായ പുരുഷപ്രജയെ ഒക്കെയും ഞാൻ നിഗ്രഹിച്ചു കളയും. നീ എന്നെ കോപിപ്പിക്കയും യിസ്രായേലിനെക്കൊണ്ട് പാപം ചെയ്യിക്കയും ചെയ്തതുകൊണ്ട് ഞാൻ നിന്റെ ഗൃഹത്തെ നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ ഗൃഹത്തെപ്പോലെയും ആഹീയാവിന്റെ മകനായ ബയശെയുടെ ഗൃഹത്തെപ്പോലെയും ആക്കും. ഈസേബെലിനെക്കുറിച്ച് യഹോവ അരുളിചെയ്തു: നായക്കൾ ഈസേബെലിനെ യിസ്രായേലിന്റെ മതിലരികെവച്ച് തിന്നുകളയും. ആഹാബിന്റെ സന്തതിയിൽ പട്ടണത്തിൽ വച്ച് മരിക്കുന്നവനെ നായ്ക്കൾ തിന്നും, വയലിൽ

വെച്ച് മരിക്കുന്നവനെ ആകാശത്തിലെ പക്ഷികൾ തിന്നു."

1 രാജാ. 21:21–24

പ്രിയപ്പെട്ടവരെ, പാപത്തിന് ശിക്ഷയുണ്ട്. പാപത്തിന് കഠോരമായ ശിക്ഷയുണ്ട്. എല്ലാം അപ്രകാരം തന്നെ സംഭവിച്ചു.

"നബോത്തിന്റെ രക്തവും അവന്റെ മക്കളുടെ രക്തവും ഇന്നലെ ഞാൻ കണ്ടിരിക്കുന്നു സത്യം എന്ന് യഹോവ അരുളിച്ചെയ്യുന്നു. ഈ നിലത്തു വെച്ച് ഞാൻ നിനക്ക് പകരം വീട്ടുമെന്നും യഹോവ അരുളച്ചെയ്യുന്നു എന്നിങ്ങനെ യഹോവയുടെ ഈ അരുളപ്പാട് അവന്ന് വിരോധമായി ഉണ്ടായെന്ന് ഓർത്തുകൊൾക, അവനെ എടുത്ത് യഹോവയുടെ വചനപ്രകാരം തന്നെ ഈ നിലത്തിൽ എറിഞ്ഞുകളയുക."

2 രാജ. 9 : 26

ഈസേബേലിനു വന്ന കൊടിയ ശിക്ഷകൾ നാം ഇവിടെ കാണുന്നുണ്ട്.

"അവളെ താഴെ തള്ളിയിടുവിൻ എന്ന് അവൻ കല്പ്പിച്ചു. ഉടനെ അവർ അവളെ താഴെ തള്ളിയിട്ടു. അവളുടെ രക്തം ചുവരിന്മേലും കുതിരകളിന്മേലും തെറിച്ചു. അവൻ അവളെ ചവിട്ടിക്കളഞ്ഞു. അവൻ ചെന്ന് ഭക്ഷിച്ചു പാനം ചെയ്തശേഷം: ആ ശപിക്കപ്പെട്ടവളെ ചെന്നുനോക്കി അടക്കം ചെയ്വിൻ; അവൾ രാജകുമാരിയല്ലോ

എന്നുപറഞ്ഞു. അവർ അവളെ അടക്കം ചെയ്‌വാൻ ചെന്നാറെ അവളുടെ തലമണ്ടയും കാലുകളും കൈപ്പത്തികളും അല്ലാതെ മറ്റൊന്നും കണ്ടില്ല. അവർ മടങ്ങിവന്നു അവനോട് അത് അറിയിച്ചു. അപ്പോൾ അവൻ യിസ്രായേൽ പ്രദേശത്ത് വെച്ച് നായ്ക്കൾ ഈസേബെലിന്റെ മാംസം തിന്നുകളയും, അത് ഈസേബെൽ എന്ന് പറവാൻ കഴിയാതവണ്ണം ഈസേബെലിന്റെ പിണം യിസ്രായേൽ പ്രദേശത്ത് വയലിലെ ചാണകം പോലെ ആകും എന്നിങ്ങനെ യഹോവ തിശ്ബ്യനായ ഏലീയാവ് എന്ന തന്റെ ദാസൻ മുഖാന്തരം അരുളിച്ചെയ്ത വചനം തന്നെ ഇത് എന്നുപറഞ്ഞു.

2 രാജ. 9:33–37

പാപത്തിന് ശിക്ഷയുണ്ട്. ആഹാബിന് ശിക്ഷ ലഭിച്ചു. ഈസേബെലിന് ശിക്ഷ ലഭിച്ചു. തൽക്കാലം അവർക്ക് നാബോത്തിന്റെ മുന്തിരിത്തോട്ടം കിട്ടി. അത് നശിപ്പിക്കാൻ പറ്റി. ആഹാബ് നാബോത്തിനെ കൊന്ന് മുന്തിരിത്തോട്ടം സ്വന്തമാക്കി.

എന്നാൽ പ്രിയപ്പെട്ടവരെ, എല്ലാത്തിനും തിരിച്ചടി ഉണ്ടായി. മറക്കരുത് പാപത്തിന് ശിക്ഷയുണ്ട്, പാപത്തിന് തിരിച്ചടിയുണ്ട്.

Be sure your sin will find you out - നിശ്ചയമായും നിന്റെ പാപം നിന്നെക്കണ്ടെത്തും. As you sow, so you reap - നീ വിതയ്ക്കുന്നത് നീ കൊയ്യും.

സ്നേഹിതാ, പാപത്തോട് യാത്ര പറയുവിൻ നിഷ്ഠൂരത കൈവിട്ടുകളയുവിൻ, മോഷണം ഉപേക്ഷിക്കുവിൻ കവർച്ച കൈവിട്ടുകളയുവിൻ, വ്യഭിചാര ജീവിതത്തോട് യാത്രപറയുവിൻ, മദ്യപാനാസക്തി വിട്ടുകളയുവിൻ, അശുദ്ധി ഉപേക്ഷിപ്പിൻ, പുതിയ ജീവിതം ആരംഭിപ്പിൻ.

നിന്റെ ജീവിതം വെറിക്കൂത്തില്ലാത്തതായി, ദൈവസ്നേഹം ഉള്ളതായി തീരട്ടെ. ദൈവം ഓരോരുത്തരേയും കാണുന്നതുപോലെ നീ കണ്ട്, എല്ലാവരേയും സ്നേഹിച്ചു, കഴിവുള്ള ഉപകാരം എല്ലാവർക്കും ചെയ്ത് ദൈവത്തിന് പ്രസാദകരമായ ജീവിതം നയിപ്പാൻ ഇന്നുതന്നെ നിന്റെ ജീവിതം ദൈവത്തിന് വേർതിരിപ്പിൻ. ക്രിസ്തുവിന്റെ ക്രൂശിൽ കാണിച്ചുതന്ന സ്നേഹത്തെ മകനെ നീ സ്വന്തമാക്കുവിൻ. ക്രൂശിൽ കാണിച്ചു തന്ന ത്യാഗത്തെ നിന്റെ ജീവിതത്തിന്റെ പ്രമാണമാക്കുവിൻ. നിന്നെത്തന്നെ സമർപ്പിപ്പിൻ. ദൈവത്തോട് വാക്കുപറയുവിൻ. ദൈവകരങ്ങളിലേക്ക് ഏല്പിപ്പിൻ.

## ഏഴ്

"നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത് : ഞാൻ നിങ്കൽ നിന്ന് എടുത്ത് കൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെ ഉണ്ടാകും, അല്ലെന്ന് വരികിൽ ഉണ്ടാകയില്ല എന്ന് പറഞ്ഞു."

2 രാജാ. 2 : 10

ഏലിയാവ് എലീശായോട് പറയുന്ന വാക്കാണ്. നീ പ്രയാസമുള്ള കാര്യമാണ് ചോദിച്ചത്. എലീശാ തിശ്ബ്യനായ ഏലിയാവിന്റെ പിന്നാലെ നടക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ പത്തിൽ ഏറെയായി. ഏലിയാവ് ഗിൽഗാലിലും യെരീഹോവിലും ബേഥേലിലും യോർദ്ദാനിലും പ്രവാചക സ്കൂളുകൾ സ്ഥാപിച്ച്, പ്രാർത്ഥിക്കുന്ന ശിഷ്യന്മാരെ ഒരുമിച്ചുകൂട്ടി. ജനമദ്ധ്യത്തിൽ ദൈവീക ഉണർവ്വ് വരുന്നതിന് ദൈവകരങ്ങളിൽ ഏലിയാവ് പ്രയോജനപ്പെട്ടുകൊണ്ടിരുന്നു.

ഏലിയാവിന്റെ കൂടെ ഏലീശായും ശുശ്രൂഷകളിൽ പങ്കാ

ളിയായിരുന്നു. ഏലീശാ ധനികനായ ഒരു യുവാവായിരുന്നു. ഏലീശാ പന്ത്രണ്ട ഏർ കാളപൂട്ടി ഉഴുവുന്ന കൃഷിയുള്ള ഒരു യുവാവായിരുന്നു. എന്നാൽ ഏലിയാവ് ആകട്ടെ തിശ്ബി എന്ന കുഗ്രാമത്തിലെ ഒരപരിഷ്കൃതനെപ്പോലെ ജീവിച്ച സാധുവായ ഒരു മനുഷ്യനായിരുന്നു. വലിയ സംസ്ക്കാരമോ പരിഷ്ക്കാരമോ പറയാനില്ല. ആഢംബരമോ പ്രൗഢിയോ മോടിയോ ധാടിയോ ഇല്ല. വലിയ വിദ്യാഭ്യാസമോ സമൂഹത്തിൽ ഉന്നത സ്ഥാനങ്ങളോ ഇല്ല. പക്ഷെ, ഏലിയാവിന് ഒന്നുണ്ടായിരുന്നു, ദൈവത്തിന്റെ ആത്മാവ് ഉണ്ടായിരുന്നു.

ലോകത്ത് പ്രതാപം ഇല്ലെങ്കിലും ലോകത്ത് വിലയും നിലയും ഇല്ലെങ്കിലും മകനേ, ദൈവത്തിന്റെ ആത്മാവ് നിനക്കുണ്ടെങ്കിൽ നീ ഒരു ഭാഗ്യശാലിയാണ്. നീ ആണ് സമ്പന്നൻ. അതാണ് സ്വത്ത്.

പ്രിയ ദൈവപൈതലേ, ദൈവാത്മാവിനെ നിനക്ക് കിട്ടിയിട്ടുണ്ടോ? ദൈവാത്മാവ് നിന്റെ ഉള്ളത്തിൽ ഉണ്ടോ? നിന്റെ ശരീരം ദൈവത്തിന്റെ ആത്മാവിന്റെ കുടിയിരുപ്പ് ഭവനമാണോ? അപ്പൊസ്തലനായ പൗലോസ് പറഞ്ഞു :

> "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെ തന്നെ."
>
> 1 കൊരി. 3:16

I will destroy him that defileth my temple - എന്റെ ആലയം അശുദ്ധമാക്കുന്നവനെ ഞാൻ നശിപ്പിക്കും.

> “നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.”
>
> 1 കൊരി. 6 : 19–20

ക്രിസ്തു തന്റെ രക്തം കൊടുത്തു നിങ്ങളെ വിലയ്ക്കു വാങ്ങി, പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരം. അത് നിങ്ങൾ അറിവില്ലാതെയിരിക്കരുത് എന്ന് അപ്പൊസ്തലൻ പറയുകയാണ്.

ദൈവത്തിന്റെ ആത്മാവ് വസിക്കാനുള്ള ആലയമാണ് നമ്മുടെ ശരീരം. നമ്മുടെ ശരീരത്തിൽ ദൈവാത്മാവ് കുടികൊള്ളണം. നമ്മുടെ ഹൃദയത്തിൽ ദൈവാത്മാവ് ആവസിക്കണം. നമ്മുടെ ബുദ്ധിയിൽ, നമ്മുടെ മനസ്സിൽ, നമ്മുടെ ചിന്തയിലും നമ്മുടെ വിചാരത്തിലും ദൈവാത്മാവ് അധിവസിക്കണം.

നമ്മുടെ രക്തധമനികളിൽ ദൈവാത്മാവ് ഒഴുകണം. ദൈവാത്മാവിന്റെ തീ നമ്മുടെ സിരകളിലൂടെ പായണം. ദൈവാത്മാവിന്റെ ശക്തി നമ്മിലൂടെ പ്രസരിക്കണം. ദൈവാത്മാവ് നമ്മിൽ കുടികൊണ്ട് നമ്മിൽ വാഴണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ്, തേജസ്സിന്റെ ആത്മാവ്, വിശുദ്ധിയുടെ ആത്മാവ്, സ്നേഹത്തിന്റെ ആത്മാവ്. കാരുണ്യത്തിന്റെ

ആത്മാവ്, ശാന്തിയുടെ ആത്മാവ്, സമാധാനത്തിന്റെ ആത്മാവ്, ഐക്യത്തിന്റെ ആത്മാവ്, സന്തോഷോല്ലാസങ്ങളുടെ ആത്മാവ്, സംഗീതത്തിന്റെ ആത്മാവ്, വിശുദ്ധിയുടെ ആത്മാവ് നമ്മിൽ അധിവസിക്കണം.

ഏലിയാവിന് ദൈവത്തിന്റെ ആത്മാവിനെ കിട്ടി. ഏലീശാ ഇത്രയും വർഷങ്ങൾ ഏലിയാവിന്റെ പിന്നാലെ നടക്കുകയാണ്. എന്തിനാണ് ഏലീശാ നടക്കുന്നത്? ഏലീശായ്ക്കു മനസ്സിലായി. ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളും എന്ന്.

ദൈവീക ആലോചന ലഭിച്ചതാണ്. ദൈവീക നിയോഗം ലഭിച്ചതാണ്. ദൈവീക വെളിപാട് ലഭിച്ചതാണ്. ഏലിയാവിനെ യഹോവ ചുഴലിക്കാറ്റിൽ ദൈവസന്നിധിയിലേക്ക്, സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കുമെന്ന് അറിഞ്ഞു ഏലീശാ പിന്നിൽ നിന്ന് മാറാതെ ഏലിയാവിന്റെ പിന്നാലെ നടക്കുകയാണ്.

ഏലിയാവ് ചോദിച്ചു: മോനെ, നീ എന്താണ് എന്റെ പിന്നിൽ നിന്ന് മാറാതെ ഇങ്ങനെ നടക്കുന്നത്? എന്താണ് നിന്റെ ആഗ്രഹം? നീ എന്താണ് ഒരിക്കലും എന്റെ അരികത്ത് നിന്ന് മാറാതിരിക്കുന്നത്?

ഏലിയാവ് ഏലീശായോട് ചോദിച്ചു.

> “ഞാൻ നിങ്കൽ നിന്ന് എടുത്തുകൊള്ളപ്പെടും മുമ്പേ ഞാൻ നിനക്ക് എന്ത് ചെയ്തുതരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു.”
>
> 2 രാജാ. 2:9

എന്താണ് മകനേ, നിനക്ക് വേണ്ടത്? എന്നോട് ചോദിക്കൂ. ഞാൻ ഇതാ എടുത്തുകൊള്ളപ്പെടുവാൻ പോവുകയാണ്. ഇനിയും എനിക്ക് ഈ ഭൂമിയിൽ ശുശ്രൂഷയില്ല. കരുണയുള്ള കർത്താവ് മഹത്വമേറിയ ശുശ്രൂഷ ചെയ്യുവാൻ എനിക്ക് തന്ന ആയുസ്സ് ഇതാ തീരുവാൻ പോവുകയാണ്. ഞാൻ എന്റെ വേല തികച്ച് അക്കരയ്ക്ക് പറക്കാൻ പോവുകയാണ്. യഹോവ എന്നെ എടുത്തുകൊള്ളുവാൻ പോവുകയാണ്. മകനേ, നിനക്ക് എന്താണ് ആവശ്യം? എന്നെ യഹോവ എടുത്ത് കൊള്ളുന്നതിന് മുമ്പ് ഞാൻ നിനക്ക് എന്തുചെയ്തു തരണം എന്ന് നീ ആഗ്രഹിക്കുന്നു? ചോദിച്ചുകൊള്ളൂ എന്നു പറഞ്ഞു.

അതിന് ഏലീശാ:

> “നിന്റെ ആത്മാവിൽ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ എന്നുപറഞ്ഞു.”
>
> 2 രാജാ. 2:9

എനിക്കുവേറെ ഒന്നും വേണ്ട, നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്കുവേണം. നിന്നിൽ ദൈവം നിക്ഷേപിച്ച ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഇരട്ടി ശക്തി, ഇരട്ടി കൃപ, ഇരട്ടി ബലം എനിക്കുവേണം. കാരണം നിന്റെ കാലത്തേക്കാൾ കൂടുതൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആവശ്യമായിരിക്കുന്ന ഒരു കാലയളവ് വന്നിരിക്കുകയാണ്.

ആഹാബ് രാജാവിന് ശേഷം വന്ന അഹസ്യാ രാജാവും ദൈവീകനായി ജീവിച്ചില്ല. ആത്മീകനായി ജീവിച്ചില്ല. ഭരണക്കാരെല്ലാവരും ദൈവവഴി വിട്ടു പിന്മാറിപ്പോയി. ഉന്നതസ്ഥാനത്തുള്ളവർ, അധികാരസ്ഥാനത്തുള്ളവർ അവർ

ദൈവീകമായ വിചാരം നഷ്ടപ്പെട്ടു, അവർ ലൗകീകമായ ചിന്താഗതികളിലേക്ക് ഇറങ്ങിപ്പോയി.

പ്രിയപ്പെട്ടവരെ ഇന്നും അതല്ലയോ അവസ്ഥ. അനേകം സഭകളുടെ അവസ്ഥ അതല്ലയോ? ഏതെങ്കിലും ഒരു പ്രത്യേക സമുദായത്തെ ഊന്നിക്കൊണ്ടല്ല ഞാൻ പറയുന്നത്. ഓർക്കൂ, സഭകളും സമുദായങ്ങളും എല്ലാം ഇന്ന് ജീവൻ നഷ്ടപ്പെട്ട് ജീർണ്ണിച്ചുകൊണ്ടിരിക്കുകയല്ലേ? ലോകമയത്വം സഭയെ കീഴടക്കിയിരിക്കയല്ലെ? സമൂഹത്തെ ഇന്ന് പാപം ഗ്രസിച്ചിരിക്കുകയല്ലേ? സമൂഹത്തിന്റെ നേതൃസ്ഥാനമുള്ളവർ സാമൂഹികമായ ജീവിതത്തിന്റെ നേതൃസ്ഥാനം വഹിക്കുന്നവർ, സാംസ്ക്കാരിക നായകന്മാർ എന്ന് അറിയപ്പെടുന്ന സാമൂദായിക പ്രമാണിമാർ എത്രയോ പേർ ഇന്ന് ദൈവബോധം നഷ്ടപ്പെട്ടു ദൈവം ഉണ്ടോ എന്നുപോലും സംശയിച്ച് പാപത്തിന്റെ വഴികളിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്നു.

എന്നാൽ പ്രിയപ്പെട്ടവരെ, ഈ കാലയളവിൽ ഇപ്പോൾ വേണ്ടത് പരിശുദ്ധാത്മാവിനെ നിറപടിയായി കിട്ടുക എന്നുള്ളതാണ്. ഏലീശാ പറഞ്ഞു: നിന്റെ കാലയളവിനേക്കാൾ കൂടുതൽ ഭയാനകമായ ഇരുളടഞ്ഞ ഒരു കാലത്താണ് ഞാൻ വന്നിരിക്കുന്നത്. നീ കടന്നുപോയിക്കഴിഞ്ഞാൽ വലിയൊരു ശുശ്രൂഷയുണ്ട്. ഇരുളുമാറ്റുവാനുള്ള ശുശ്രൂഷ, അന്ധവിശ്വാസങ്ങൾ മാറ്റുവാനുള്ള ശുശ്രൂഷ, അബദ്ധാചാരങ്ങൾ മാറ്റുവാനുള്ള ശുശ്രൂഷ, ഹീനമായ ജീവിതചെയ്തികളെ ചോദ്യം ചെയ്ത് നീക്കം ചെയ്യുവാനുള്ള ശുശ്രൂഷ. എന്റെ ദൈവമേ, അതിനുള്ള കൃപ എനിക്കുവേണം. അതിന് നിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടി ശക്തി എനിക്കുവേണം.

ഏലിയാവ് പറഞ്ഞു: മോനേ, നല്ല കാര്യമാണ് നീ ചോദി

ച്ചത്. പക്ഷെ വളരെ പ്രയാസമുള്ള കാര്യമാണ് നീ ചോദിച്ച ത്. നീ ചോദിച്ചത്, ചോദിക്കേണ്ടതുതന്നെ. പക്ഷേ അത് അത്ര എളുപ്പമല്ല.

ക്രിസ്തീയ ജീവിതം അത് വളരെ വിലയേറിയതാണ്. Spirituality is so costly ആത്മീയത്വം എന്നു പറയുന്നത് വളരെ വിലപ്പെട്ടതാണ്. അത് Cheap അല്ല.

പ്രിയപ്പെട്ടവരേ, യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു. ഞാൻ വിശ്വസിക്കുന്നു, ഞാൻ ഏറ്റുപറയുന്നു. അതു കൊണ്ട് ഞാൻ രക്ഷിക്കപ്പെട്ടു എന്ന് പറഞ്ഞു, ഉടനെ വേദ പുസ്തകം എടുത്തുകൊണ്ട് സാക്ഷി പറയാൻ ഇറങ്ങിയാൽ അത് അപകടമാണ്.

പ്രിയപ്പെട്ടവരേ, അനേകർ ഞാനും രക്ഷിക്കപ്പെട്ടു, ഞാൻ ക്രിസ്തുവിനെ എന്റെ രക്ഷിതാവായി സ്വീകരിച്ചു. ഞാനും ഇതാ ക്രിസ്തുവിനെ സാക്ഷിക്കുന്നു എന്നുപറഞ്ഞു, ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്ന വചനം ഉദ്ധരിച്ചുകൊണ്ട് സംതൃപ്തിയിൽ ജീവിക്കുന്നു.

ഹൃദയത്തിൽ വിശുദ്ധിയില്ല, ജീവിതത്തിന്റെ കാഴ്ച്ചപ്പാട് മാറിയിട്ടില്ല, പാപം വിട്ടുപോയിട്ടില്ല, ചിന്താമണ്ഡലം മുഴു വൻ അശുദ്ധമാണ്, ഹൃദയ വികാരങ്ങൾ മുഴുവൻ തിന്മയാ ണ്. മ്ലേച്ഛമായ ആഗ്രഹങ്ങൾ, മലിനമായ മോഹങ്ങൾ, ദുഷിച്ച ചിന്തകൾ, ദുഷിച്ച ലാക്കുകൾ, ലക്ഷ്യം തെറ്റിയ വിചാരഗതി കൾ.

ഹീനമായ ജീവിതം നയിച്ചുകൊണ്ട് ദൈവത്തിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ദൈവത്തിന്റെ വചനം പറയുന്നവരുണ്ട്.

ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ എന്നാണ് അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിനോട് അങ്ങനെയുള്ളവരെക്കുറിച്ച് പറഞ്ഞത്.

> “ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ.”
>
> 2 തിമൊ. 3:5

സഹോദരങ്ങളെ ഓർക്കുവിൻ, ഇന്ന് യേശുക്രിസ്തുവിന്റെ ആത്മാവിനെ പ്രാപിക്കാൻ ഉത്സാഹിപ്പിൻ. പാപത്തെ വിട്ടുമാറുവിൻ. വളരെ വിലപ്പെട്ടതാണ് ദൈവത്തിന്റെ ആത്മാവ് എന്ന് കാണുവിൻ. വിലയേറിയ, അത്യന്തം അമൂല്യമായ അനർഘ നിധിയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്ന് അറിഞ്ഞുകൊണ്ട് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ മകനേ, നിന്റെ ഹൃദയത്തെ നീ വിശുദ്ധമാക്കുവിൻ. നിന്റെ ജീവിതത്തിന്റെ കാഴ്ചപ്പാടുകളെ നേരെയാക്കുവിൻ. നിന്റെ വളഞ്ഞവഴികളെ ചൊവ്വാക്കുവിൻ. നിന്റെ ജീവിതത്തിൽ തിന്മയായുള്ളതെല്ലാം ഉപേക്ഷിപ്പിൻ. പൈശാചികൻ അവകാശം പറയുന്ന ഒരണുപോലുമില്ലാതെ നീ പൂർണ്ണവിശുദ്ധനായി നിൽക്കുവിൻ. എങ്കിൽ മാത്രമേ പരിശുദ്ധാത്മാവിനെ കിട്ടുകയുള്ളൂ.

പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നിന്റെ മേൽ ഇറങ്ങുവാനും ആവസിക്കുവാനും നിന്നിൽ പൊരുന്നിയിരിപ്പാനും നിന്നെത്തന്നെ വിട്ടുകൊടുക്കിവിൻ.

# എട്ട്

“യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും, അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും, യാചിക്കുന്നവന് ഏവന്നും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന്ന് തുറക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു. എന്നാൽ നിങ്ങളിൽ ഒരപ്പനോട് മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുമോ? അല്ല, മീൻ ചോദിച്ചാൽ മീനുപകരം പാമ്പിനെ കൊടുക്കുമോ? മുട്ട ചോദിച്ചാൽ തേളിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.”

ലൂക്കോസ് 11:9–13

പരിശുദ്ധാത്മാവിനെ അളവ് കൂടാതെ നൽകുമെന്നുള്ളതാണ് ക്രിസ്തുവിന്റെ വാഗ്ദത്തം. പരിശുദ്ധാത്മാവിനെ എത്ര അധികമായി കൊടുക്കും എന്നാണ് ക്രിസ്തു അരുളി ചെയ്യുന്നത്.

പരിശുദ്ധാത്മാവ് നല്ല ദാനമാണ് എന്നത്രേ ഇവിടെ പറയുന്നത്. ഏറ്റവും നല്ല ദാനമാണ് പരിശുദ്ധാത്മാവ്. ഏറ്റവും നല്ല ദൈവീക ദാനമാണ് പരിശുദ്ധാത്മാവ്. ഏറ്റവും നല്ല സ്വർഗ്ഗീയ നൽവരമാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിനെ അധികം അധികമായി നൽകും എന്നുള്ള വാഗ്ദത്തം ഓർത്തുകൊണ്ട് ഏലീശാ ഏലിയാ പ്രവാചകനോട് ചോദിച്ചു. "നിന്നിലുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഇരട്ടി പങ്ക് എനിക്കുനൽകണം" എന്ന്. നിന്റെ പിന്നാലെ ഞാൻ വിടാതെ നടക്കുന്നതിന്റെ ഉദ്ദേശം, നിന്നെ വിട്ടുമാറാതെ നിന്റെ കാൽ ചുവടുകളെ പിന്തുടരുന്നതിന്റെ ഉദ്ദേശം, നിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടിപങ്ക് എനിക്ക് വേണം എന്നത്രേ.

പ്രിയപ്പെട്ടവരെ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള ആഗ്രഹം ഏറ്റവും ശോഭനമായ ആഗ്രഹമാണ്. പരിശുദ്ധാത്മാവിനെ കൂടതെ വിശുദ്ധജീവിതം സാധ്യമല്ല. പരിശുദ്ധാത്മാവിന്റെ നൽവരം കൂടാതെ പാപത്തോട് യാത്രപറയാൻ സാധ്യമല്ല. പരിശുദ്ധാത്മാവിന്റെ കൃപയില്ലാതെ പാപബോധം ലഭിക്കുകയില്ല. പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും എന്നത്രേ നമ്മുടെ കർത്താവ് മുൻകൂട്ടി അരുളിച്ചെയ്തിരിക്കുന്നത്.

കർത്താവായ യേശു ക്രൂശിലേക്ക് പോകുന്നതിന്

തൊട്ട്മുമ്പ് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർ പതിനൊന്നുപേരെ കൂട്ടിയിരുത്തി അവരോട് സംസാരിക്കുന്ന തന്റെ ഒടുവിലത്തെ പ്രസംഗത്തിൽ കർത്താവ് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോട് ഹൃദ്യമായി അരുളിച്ചെയ്തു.

> "ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും."
>
> യോഹ. 16:7–8

പാപബോധം തരുന്നത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പരിശുദ്ധാത്മാവ് ഹൃദയത്തിൽ തകർച്ച തരും. പരിശുദ്ധാത്മാവ് ഉള്ളത്തിൽ ദാരിദ്ര്യബോധം തരും. പരിശുദ്ധാത്മാവ് എളിമ തരും. പരിശുദ്ധാത്മാവ് താഴ്മ തരും. പരിശുദ്ധാത്മാവ് ഹൃദയത്തിന്റെ യഥാർത്ഥ അവസ്ഥ വെളിപ്പെടുത്തിത്തരും. പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിലേക്ക് വരുമ്പോൾ നാം എത്ര നിസ്സാരരാണ് എന്നുള്ള സാക്ഷാത്തായ കാഴ്ച്ചപ്പാട് നമുക്ക് ലഭിക്കും.

ഞാൻ എത്ര എളിയവൻ, ഞാൻ എത്ര നിസ്സാരൻ, ഞാൻ എത്ര അല്പ പ്രാണി എന്നുള്ള ബോധം പരിശുദ്ധാത്മാവ് വരുമ്പോൾ നമ്മുടെ ഉള്ളത്തിന് ഉണ്ടാകും.

സഹോദരങ്ങളെ, പരിശുദ്ധാത്മാവിന് വേണ്ടി നിങ്ങൾ വാഞ്ഛിച്ചിട്ടുണ്ടോ? ഏലീശാ വാഞ്ഛിച്ചു. ഏലീശാ കൊതിച്ചു. ഏലീശാ ആർത്തിയോടെ ആഗ്രഹിച്ചു. ഏലീശാ

ഏലിയാവിനോട് പറഞ്ഞു: "നിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്ക് വേണം."

പ്രിയപ്പെട്ടവരെ, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ അളവ് കൂടാതെ പ്രാപിക്കുവാൻ നാം ആഗ്രഹിക്കേണ്ടതാണ്. നമ്മുടെ കർത്താവ് പറഞ്ഞു: അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവായി ദൈവം തന്റെ ദാനങ്ങളെ തരും എന്ന്. അമർത്തും പിന്നീട് ഒന്ന് കുലുക്കും, എന്നിട്ട് കവിയുമ്പോൾ അത് നിറഞ്ഞ് കവിഞ്ഞ് ഒഴുകുമാറ് അത് പൂർണ്ണതയിൽ എത്തുമ്പോൾ, നിറവോടെ തന്റെ ആഗ്രഹങ്ങൾ തരും എന്നത്രേ കർത്താവായ യേശു പറഞ്ഞത്.

അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് : പരിശുദ്ധാത്മാവിനെ നിറപടിയായി തരും. പരിശുദ്ധാത്മാവിനെ മികവോടെ തരും, തികവോടെ തരും.

പരിശുദ്ധാത്മാവ് സ്വർഗ്ഗീയ ദാനമാണ്. എന്താണ് ഇരട്ടി പങ്ക് എന്ന് പറയാൻ കാരണം?

ജ്യേഷ്ഠാവകാശം ആദ്യജാതന് നൽകുന്നതായ രണ്ട് പങ്ക് അവകാശം ആണ് എന്ന് നാം കാണുന്നു.

> "തനിക്കുള്ള സകലത്തിലും രണ്ട് പങ്ക് അനിഷ്ടയുടെ മകനു കൊടുത്തു അവനെ ആദ്യജാതനെന്ന് സ്വീകരിക്കേണം, അവൻ അവന്റെ ബലത്തിന്റെ ആരംഭമല്ലോ, ജ്യേഷ്ഠാവകാശം അവനുള്ളതാകുന്നു."
>
> ആവർത്തനം 21:17

ജ്യേഷ്ഠാവകാശം പ്രാപിക്കുന്ന ആദ്യജാതന്ന്

മറ്റുള്ളവർക്ക് കൊടുക്കുന്നതിന്റെ ഇരട്ടിപങ്ക്, രണ്ട് പങ്ക് ലഭിക്കുന്നു.

സഹോദരങ്ങളെ, കർത്താവായ യേശുവിന്റെ അത്ഭുതകരമായ കൃപാവരം നമുക്ക് തരുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ മേൽ തന്റെ പരിശുദ്ധാത്മാവിനെ പകരാൻ കർത്താവ് ആഗ്രഹിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ നമുക്ക് തരുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ സൽഫലങ്ങൾ നമ്മിൽ കായ്ക്കുവാൻ ദൈവം ആഗ്രഹിക്കുന്നുണ്ട്.

പരിശുദ്ധാത്മാവിന്റെ വരങ്ങൾ ഒമ്പത്. പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ഒമ്പത്. പരിശുദ്ധാത്മാവിന്റെ ഒമ്പത് ഫലങ്ങൾ ഏതെല്ലാം എന്ന് ഗലാത്യലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു.

> “ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.”
>
> ഗലാത്യർ 5:22–23

പരിശുദ്ധാത്മാവിന്റെ ഈ ഫലങ്ങൾ, അതിന് നാം ഓരോരുത്തരും വാഞ്ഛിക്കുമ്പോൾ നമുക്കത് ലഭിക്കും, അളവ് കൂടാതെ ലഭിക്കും എന്നാണ് അപ്പൊസ്തലൻ തന്ന വാഗ്ദത്തം.

അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാമത്തെ ലേഖനം പന്ത്രണ്ടാം അദ്ധ്യായം എട്ടുമുതൽ പതി

നൊന്ന് വരെയുള്ള വാക്യങ്ങൾ വായിക്കുമ്പോൾ ആത്മാവിന്റെ ഒമ്പത് വരങ്ങളെക്കുറിച്ച് നാം കാണുന്നുണ്ട്.

ഒന്ന് – ഒരുത്തന്ന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനം.

രണ്ട് – അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനം.

മൂന്ന് – ആത്മാവിനാൽ വിശ്വാസം. വിശ്വാസം എന്ന വരം.

നാല് – മറ്റൊരുവന്ന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം, രോഗശാന്തി വരം.

അഞ്ച് – മറ്റൊരുവന്ന് വീര്യപ്രവൃത്തികൾ, വീര്യപ്രവൃത്തികൾ ചെയ്യുവാനുള്ള വരം.

ആറ് – മറ്റൊരുവന്ന് പ്രവചനം, പ്രവചന വരം.

ഏഴ് – മറ്റൊരുത്തന് ആത്മാക്കളുടെ വിവേചനം – Decerning of the spirit

എട്ട് – വേറൊരുവന്ന് പലവിധഭാഷകൾ – Toungues വിവിധ ഭാഷകൾ.

ഒമ്പത് – മറ്റൊരുവന്ന് ഭാഷയുടെ വ്യാഖ്യാനം.

ഈ ഒമ്പത് വരങ്ങളെക്കുറിച്ച് പറഞ്ഞിട്ട് അപ്പൊസ്തലൻ തുടർന്ന് പറയും. അതിശ്രേഷ്ഠമായൊരു വരം ഉണ്ട് എന്ന്. ഒമ്പത് വരങ്ങൾ കഴിഞ്ഞ് അപ്പൊസ്തലൻ പറയുമ്പോൾ അതിശ്രേഷ്ഠമായൊരു മാർഗ്ഗം ഞാൻ നിങ്ങൾക്ക് കാണുച്ചുതരാം എന്ന് പറഞ്ഞ് ഒന്ന് കൊരിന്ത്യർ പതിമൂന്നാം അദ്ധ്യായത്തിൽ സ്നേഹത്തെക്കുറിച്ച് അപ്പൊസ്തലൻ സംസാരിക്കുകയാണ്.

സ്നേഹം! സ്നേഹം ആത്മാവിന്റെ ഫലമാണ്. സ്നേഹം

ആത്മാവിന്റെ വരവുമാണ്. മാത്രമല്ല സഹായം ചെയ്യുവാനുള്ള വരം, പരിപാലനവരം എന്നിങ്ങനെ രണ്ട് വരം കൂടി സ്നേഹം എന്ന വരത്തോട് ചേർത്ത്, ഒമ്പത് വരങ്ങൾക്ക് പുറമെ, മൂന്നു വരം കൂടി ചേർത്ത്, അപ്പൊസ്തലൻ സംസാരിക്കുന്നുണ്ട്. ഒന്ന് കൊരിന്ത്യർ പന്ത്രണ്ടിന്റെ ഇരുപത്തിയെട്ടും പതിമൂന്നാം അദ്ധ്യായവും വായിക്കുമ്പോൾ ഇത് നമുക്ക് കാണാം.

പരിശുദ്ധാത്മാവിന്റെ വരങ്ങൾ, പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ, പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ, ശക്തമായ ആത്മവ്യാപാരം നമുക്ക് വേണം എന്ന് നാം ആഗ്രഹിക്കുമ്പോൾ ദൈവം അത് നമുക്ക് തരും. പക്ഷെ ഒരു വ്യവസ്ഥ. വിശുദ്ധിയുള്ളയിടത്ത് മാത്രമേ വിശുദ്ധാത്മാവ് പ്രവേശിക്കുകയുള്ളൂ. വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രമേ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.

നമ്മുടെ ഹൃദയത്തെ ശുദ്ധമാക്കണം, നമ്മുടെ ജീവിതത്തെ നിർമ്മലമാക്കണം. നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. പാപം നമ്മുടെ പ്രവൃത്തിയിലുള്ളത് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. നമ്മുടെ വാക്കുകളിലുള്ളത് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. നമ്മുടെ ചിന്തകളിലുള്ളത് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. നമ്മുടെ വിചാരങ്ങളിലും വികാരങ്ങളിലുമുള്ള പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. മാത്രമല്ല നമ്മുടെ രക്തത്തിൽ അലിഞ്ഞുകിടക്കുന്ന പാപത്തിന്റെ പ്രകൃതിപോലും മാറുവാൻ നാം ദൈവത്തോട് യാചിക്കണം.

നമ്മെത്തന്നെ വിശുദ്ധീകരിപ്പാൻ ആത്മാവിന്റെ തിരുകൃപ നമ്മുടെ മേൽ പകർന്ന് നമ്മെ കഴുകുവാൻ നാം ആഗ്രഹിക്ക

ണം. അങ്ങനെ നാം വിശുദ്ധരാകുമ്പോൾ നമ്മിലേക്ക് ദൈവത്തിന്റെ പരിശുദ്ധത്മാവിനെ പകരും. പരിശുദ്ധാത്മാവ് നമ്മെ തികവിലേക്ക് നയിക്കും.

ഏലിയാവിൽ നിന്ന് ഏലീശ ആഗ്രഹിച്ചത് ഏലിയാവിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടി ശക്തിയാണ്. ഇന്ന് ഈ വാക്കുകളെ വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങളേ, പരിശുദ്ധാത്മാവിന് വേണ്ടി വാഞ്ഛരിപ്പിൻ. പരിശുദ്ധാത്മാവിന്റെ നൽവരത്തിന് വേണ്ടി ആഗ്രഹിപ്പിൻ. പരിശുദ്ധാത്മാവിന്റെ ഫലം കായ്പ്പാൻ തുടങ്ങുവിൻ. പരിശുദ്ധാത്മാവിന് വേണ്ടി ഹൃദയം വേർതിരിപ്പിൻ, നിങ്ങളെത്തന്നെ വിശുദ്ധീകരിപ്പിൻ.

## ഒമ്പത്

"രാജാവ് ചോദിക്കുന്ന കാര്യം പ്രയാസമുള്ളതാകുന്നു."

ദാനീ. 2:11

പ്രയാസമുള്ള കാര്യമാണ് രാജാവ് ചോദിക്കുന്നത്. എന്താണ് രാജാവ് ചോദിക്കുന്നത്? സ്വപ്നം പറയണം, അർത്ഥവും പറയണം. ആരോടാണ് രാജാവിത് ചോദിക്കുന്നത്? ബാബിലോണിയൻ ചക്രവർത്തിയായ നെബൂഖദ്നേസർ സ്വപ്നം പറയുവാനും അർത്ഥം പറയുവാനും ആവശ്യപ്പെടുന്നത് രാജാവിന്റെ വിദ്വാന്മാരോടാണ്, രാജാവിന്റെ മഹത്തുക്കളോടാണ്, രാജാവിന്റെ സദസ്സിലുള്ള വിദ്വജ്ജനങ്ങളോടാണ്, ജ്ഞാനികളോടാണ്.

മന്ത്രവാദികളുണ്ട്, ആഭിചാരന്മാരുണ്ട്, ജ്ഞാനികളുണ്ട്, പണ്ഡിതവരേണ്യന്മാരുണ്ട്. അവർ പറഞ്ഞു: രാജാവേ, സ്വപ്നം അടിയങ്ങളോട് പറഞ്ഞുതരിക. അർത്ഥം ഞങ്ങൾ പറയാം. സ്വപ്നവും അർത്ഥവും ഞങ്ങൾക്ക് പറയുവാൻ സാധ്യമല്ല.

"നെബൂഖദ്നേസറിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ നെബൂഖദ്നേസർ സ്വപ്നം കണ്ടു. അവന്റെ മനസ്സ് വ്യാകുലപ്പെട്ടു. അവന് ഉറക്കമില്ലാതായി. രാജാവിനോട് സ്വപ്നം അറിയിപ്പാൻ മന്ത്രവാദികളെയും ആഭിചാരകന്മാരെയും ക്ഷദ്രക്കാരെയും കല്ദയരെയും വിളിപ്പാൻ രാജാവ് കല്പിച്ചു. അവർ വന്നു രാജസന്നിധിയിൽ നിന്നു. രാജാവ് അവരോട്: ഞാൻ ഒരു സ്വപ്നം കണ്ടു, സ്വപ്നം ഓർക്കാഞ്ഞിട്ട് എന്റെ മനസ്സ് വ്യാകുലപ്പെട്ടിരിക്കുന്നു എന്ന് കല്പിച്ചു. അതിന് കല്ദയർ അരാമ്യ ഭാഷയിൽ രാജാവിനോട് : രാജാവ് ദീർഘായുസ്സായിരിക്കട്ടെ, സ്വപ്നം അടിയങ്ങളോട് കല്പിച്ചാലും, അർത്ഥം ബോധിപ്പിക്കാം എന്നുണർത്തിച്ചു."

ദാനിയേൽ 2:1–5

അവർ പിന്നെയും രാജാവിനോട് പറഞ്ഞു.

"രാജാവിന്റെ കാര്യം അറിയിപ്പാൻ കഴിയുന്ന ഒരു മനുഷ്യനും ഭൂമിയിൽ ഇല്ല. എത്രയും മഹാനും ബലവാനുമായ ഏതൊരു രാജാവും ഇങ്ങനെയുള്ള കാര്യം ഒരു മന്ത്രവാദിയോടോ ആഭിചാരകനോടോ കല്ദയനോടോ ഒരിക്കലും ചോദിച്ചിട്ടില്ല. രാജാവ് ചോദിക്കുന്ന കാര്യം പ്രയാസമുള്ളതാകുന്നു. തിരുമുമ്പിൽ അത് അറിയിപ്പാൻ ജഡവാസമില്ലാത്ത ദേവന്മാർക്കല്ലാതെ മറ്റാർക്കും കഴികയില്ല."

ദാനിയേൽ 2:10–11

രാജാവ് ചോദിക്കുന്ന കാര്യം പ്രയാസമുള്ളതാകുന്നു. പ്രയാസമുള്ള കാര്യം, അത് നിവർത്തിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് മാത്രമേ സാധിക്കൂ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറഞ്ഞു നിൽക്കുന്ന ദൈവപൈതലിന് മാത്രമേ സാധിക്കൂ. ദാനീയേലിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിറഞ്ഞ് നിൽക്കുന്നുണ്ടായിരുന്നു.

പ്രയാസമുള്ള കാര്യം ബോധിപ്പിക്കുവാൻ, ആ കാര്യം സാധിപ്പിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് മാത്രമേ സാധിക്കൂ എന്ന് ദാനീയേൽ അറിഞ്ഞിരിക്കുന്നു. ദാനിയേൽ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ദാനിയേലിന് ദൈവം രഹസ്യം വെളിപ്പെടുത്തിക്കൊടുത്തു. പ്രയാസമുള്ള കാര്യം സാധിപ്പിച്ചു കൊടുത്തു.

ഏലിയാ പ്രവാചകനോട് ഏലീശാ പറഞ്ഞു: നിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്ക് തരേണം. ഏലീയാവ് പറഞ്ഞു: മകനേ, നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്.

പരിശുദ്ധാത്മാവിനെ ലഭിക്കുന്നത് പ്രയാസമുള്ള കാര്യമാകുന്നു. പരിശുദ്ധാത്മാവിന്റെ നൽവരം കൊണ്ടുമാത്രം സാധിക്കുന്ന വ്യാഖ്യാനം പ്രയാസമുള്ള കാര്യമാകുന്നു. അത് മുനുഷ്യബുദ്ധിക്കു സാധ്യമല്ല. അത് മനുഷ്യ ചേതനയ്ക്ക് സാധ്യമല്ല. മനുഷ്യന്റെ കഴിവിന്നോ മനുഷ്യന്റെ പാണ്ഡിത്യത്തിനോ മനുഷ്യന്റെ സംസ്ക്കാരത്തിനോ സാധ്യമല്ല. അത് ദൈവത്തിന്റെ പരിശുദ്ധാത്മാവിന് മാത്രമേ സാധിക്കൂ.

> "അങ്ങനെ ആ രഹസ്യം ദാനീയേലിന് രാത്രി ദർശനത്തിൽ വെളിപ്പെട്ടു."
>
> ദാനീ. 2:198

രാത്രി ദർശനത്തിൽ രാജാവ് കണ്ട സ്വപ്നവും, സ്വപ്നത്തിന്റെ അർത്ഥവും ദൈവം ദാനീയേലിന് വെളിപ്പെടുത്തിക്കൊടുത്തു. പരിശുദ്ധാത്മാവ് സ്വപ്ന വ്യാഖ്യാനം നൽകി. പരിശുദ്ധാത്മാവ് മറഞ്ഞിരിക്കുന്നത് വെളിപ്പെടുത്തിക്കൊടുത്തു.

> ''ദാനിയേൽ സ്വർഗ്ഗസ്ഥനായ ദൈവത്തെ സ്തുതിച്ചു പറഞ്ഞത് : ദൈവത്തിന്റെ നാമം എന്നും എന്നേക്കും സ്തുതിക്കപ്പെടുമാറാകട്ടെ, ജ്ഞാനവും ബലവും അവനുള്ളതല്ലോ. അവൻ കാലങ്ങളേയും സമയങ്ങളേയും മാറ്റുന്നു. അവൻ രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കുകയും ചെയ്യുന്നു. അവൻ ജ്ഞാനികൾക്ക് ജ്ഞാനവും വിവേകികൾക്ക് ബുദ്ധിയും കൊടുക്കുന്നു. അവൻ അഗാധവും ഗൂഢവുമായത് വെളിപ്പെടുത്തുന്നു. അവൻ ഇരുട്ടിൽ ഉള്ളത് അറിയുന്നു. വെളിച്ചം അവനോടുകൂടെ വസിക്കുന്നു. എന്റെ പിതാക്കന്മാരുടെ ദൈവമായുള്ളോവേ, നീ എനിക്ക് ജ്ഞാനവും ബലവും തന്നു. ഞങ്ങൾ നിന്നോട് അപേക്ഷിച്ചത് ഇപ്പോൾ എന്നെ അറിയിച്ചു. രാജാവിന്റെ കാര്യം ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നിരിക്കക്കൊണ്ട് ഞാൻ നിന്നെ വാഴ്ത്തി സ്തുതിക്കുന്നു."
>
> ദാനീ. 2:19–23

ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദാനീയേലിന് രഹസ്യം വെളിപ്പെടുത്തിക്കൊടുത്തു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രയാസമുള്ള കാര്യം സാധിപ്പിച്ചുകൊടുത്തു. മന്ത്ര

വാദികൾക്കു പ്രയാസമുള്ള കാര്യമാണ്, ബുദ്ധിജീവികൾക്ക് പ്രയാസമുള്ള കാര്യമാണ്. മനുഷ്യന്റെ അന്തസത്തയ്ക്കോ, മനുഷ്യന്റെ ഭൗതീക പാരമ്യത്തിനോ കഴിവില്ല. സാധ്യമല്ലാത്ത കാര്യം ദാനീയേലിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിക്കൊടുത്തു.

പ്രയാസമുള്ള കാര്യം സാദ്ധ്യമാക്കിത്തീർത്തു. രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ഒരു ദൈവമുണ്ട്. മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കുന്ന ഒരു ദൈവമുണ്ട്.

ഏലിയാ പ്രവാചകന്റെ അടുക്കൽ ഏലീശാ പറഞ്ഞു : നിന്റെ മേൽ ഉള്ള ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ. നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത് എന്നാണ് ഏലിയാവ് പറഞ്ഞത്.

പ്രയാസമുള്ള കാര്യമാണ് പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നുള്ളത്. ദാനീയേൽ പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം ഇരുപത്തിയെട്ടാം വാക്യം:

> “എങ്കിലും രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ട്. അവൻ ഭാവികാലത്ത് സംഭവിപ്പാനിരിക്കുന്നത് നെബൂഖദ്നേസർ രാജാവിനെ അറിയിച്ചിരിക്കുന്നു.”
>
> ദാനീ. 2:28

> “തിരുമനസ്സിലെ വിചാരം തിരുമനസ്സുകൊണ്ട് അറിയേണ്ടതിന്നും അത്രേ ഈ രഹസ്യം എനിക്ക് വെളിപ്പെട്ടിരിക്കുന്നത്.”
>
> ദാനീ. 2:30

രാജാവിന്റെ ഉള്ളിലുള്ള വിചാരം രാജാവിന് തന്നെ അറിയുവാൻ ആ രഹസ്യം ദാനീയേലിന് വെളിപ്പെടുത്തിക്കൊടുത്തു. പ്രയാസമുള്ള കാര്യം വെളിപ്പെടുത്തുന്ന ദൈവം. രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം. പ്രയാസമുള്ളതിനെ നിസ്സാരമായും ലളിതമാക്കിയും എല്ലാം ക്ഷിപ്രസാധ്യമാക്കിയും മാറ്റുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ്.

ഏലിയാവ് ഏലീശായോട് പറഞ്ഞു: നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്. ദൈവജനമേ, പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തിത്തരുന്ന പരിശുദ്ധാത്മാവിന്റെ അത്ഭുതകൃപ നിങ്ങൾ കണ്ടിട്ടുണ്ടോ? മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തി തരിക മാത്രമല്ല നമ്മുടെ ജീവിതത്തിൽ മറന്നുപോയ പാപങ്ങൾ ഓർമ്മയിൽ കൊണ്ടുവരികയും പാപബോധം തരികയും ചെയ്യുന്ന പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിക്കുന്നത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

ദാവീദ് ഒരിക്കൽ ദൈവത്തോട് പ്രാർത്ഥിച്ചു.

> “മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിപ്പിക്കേണമേ. സ്വമേധാ പാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ, അവ എന്റെ മേൽ വാഴരുതേ, എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതക രഹിതനും ആയിരിക്കും. എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ, എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ ധ്യാനവും നിനക്ക് പ്രസാദമായിരിക്കുമാറാകട്ടെ.”
>
> സങ്കീ. 19:12–14

വായിലെ വാക്കുകൾ ദൈവം അറിയും, ഹൃദയത്തിലെ ധ്യാനം ദൈവം അറിയും, മനസ്സിലെ ചിന്തകൾ ദൈവം അറിയും, ബുദ്ധിയിലെ വിചാരങ്ങൾ ദൈവം അറിയും. നമ്മുടെ ഹൃദയത്തിലെ ആഗ്രഹങ്ങളും വികാരങ്ങളും നമ്മുടെ ചിന്താഗതികളും മനോരാജ്യങ്ങളും നിരൂപണങ്ങളും എല്ലാം ദൈവം അറിയും. രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം ജീവിക്കുന്നു.

പരിശുദ്ധാത്മാവ് ഹൃദയ രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനാണ്. പരിശുദ്ധാത്മാവ് അന്തരീന്ദ്രിയങ്ങളെ ശോധന ചെയ്യുന്നവനാണ്. പരിശുദ്ധാത്മാവ് ഉൾപൂവുകളെ ശോധന ചെയ്യുന്നവനാണ്. പരിശുദ്ധാത്മാവ് മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കുന്നവനാണ്.

ദൈവജനമേ, പരിശുദ്ധാത്മാവിനെ നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? പരിശുദ്ധാത്മ നൽവരം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിക്കുവാൻ നിങ്ങൾ നിങ്ങളെത്തന്നെ വിട്ടുകൊടുത്തിട്ടുണ്ടോ?

പരിശുദ്ധാത്മാവേ, എഴുന്നെള്ളി വരണമേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നെള്ളി വരേണമേ, എന്റെ ആന്തരാത്മാവിലേക്ക് എഴുന്നെള്ളി വരണമെ, എന്നെ നീ സമ്പൂർണ്ണമായി ശുദ്ധീകരിക്കണമേ. പരിശുദ്ധാത്മാവേ, നീ തീയായി എന്റെ മേൽ ഇറങ്ങേണമേ, എന്റെ രക്തത്തിൽ കൂടെ പരിശുദ്ധാത്മാവിന്റെ അഗ്നി ഒഴുകണമേ, എന്റെ രക്തത്തിലുള്ള മലിന പ്രകൃതിയെ മുഴുവനായി കത്തിച്ചുകളയണമേ, പരിശുദ്ധാത്മാവേ, എന്റെ മേൽ വ്യാപരിക്കുന്ന പാപത്തിന്റെ ഹിംസാത്മക സ്വഭാവങ്ങളേയും പ്രവണതകളേയും എന്നിൽ നിന്ന് കത്തിച്ചു കളയണമേ, പരി

ശുദ്ധാത്മാവേ, എന്റെ ഉള്ളിൽ ഉള്ള പൈശാചികമായ ചിന്താഗതികളേയും പൈശാചികമായ ഭാവഹാവാദികളെയും എന്നിൽ നിന്ന് കത്തിച്ചുകളയണമേ, പരിശുദ്ധാത്മാവേ എന്റെ മേൽ വരേണമേ, ദൈവമക്കളെ നിങ്ങൾ പ്രാർത്ഥിച്ചിട്ടുണ്ടോ?

പരിശുദ്ധാത്മാവിനെ അളവ് കൂടാതെ തരാം എന്നാണ് കർത്താവ് പറയുന്നത്. രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം ദാനീയേലിന് രഹസ്യം വെളിപ്പെടുത്തിക്കൊടുത്തു.

സ്നേഹിതരേ, ദാനീയേൽ പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിലും രാജാക്കന്മാരുടെ രണ്ടാം പുസ്തകം രണ്ടാം അദ്ധ്യായത്തിലും കാണുന്ന പ്രയാസമുള്ള കാര്യം അത് സാധ്യമാക്കിത്തരുന്ന ഒരു നല്ല ദൈവം ജീവിക്കുന്നുണ്ട്.

മകനേ, നിനക്ക് പ്രയാസമുള്ള കാര്യങ്ങൾ എന്തെല്ലാമാണ്. നിനക്ക് നിന്റെ ബുദ്ധി തെളിയിത്ത കാര്യങ്ങൾ എന്തെല്ലാമാണ്? നിന്റെ ഓർമ്മയിൽ കിട്ടാത്ത കാര്യങ്ങൾ എന്തെല്ലാമാണ്? നിനക്ക് ഓർമ്മ തെളിയിച്ചു തരാൻ, നിനക്ക് ബുദ്ധി തെളിയിച്ചു തരാൻ ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിന്റെ ഹൃദയത്തിന്റെ വാതിൽക്കൽ വന്ന് കെഞ്ചിക്കൊണ്ട് നിൽക്കുകയാണ്. ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ മകനേ, നീ സ്വീകരിക്കുക. പരിശുദ്ധാത്മാവിനെ എതിരേൽക്കുക. പരിശുദ്ധാത്മാവിനായി നിന്റെ ഉള്ളത്തെ നീ തുറക്കുക.

പ്രയാസമുള്ള കാര്യം നിനക്ക് സാധ്യമാക്കിത്തരുന്ന പരിശുദ്ധാത്മാവിനെ നിന്റെ ഉള്ളത്തിലേക്ക് നീ കൈക്കൊള്ളു

ക. നിന്നെത്തന്നെ വിശുദ്ധീകരിച്ചുകൊണ്ട് വിലകൊടുത്തു വാങ്ങുക. നിന്റെ ആയുസ്സ് മുഴുവൻ ദൈവകരങ്ങളിലേക്ക് ഏൽപ്പിച്ചുകൊടുക്കുക. ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണമായും ദൈവകരങ്ങളിലേക്ക് ഏല്പിച്ചുകൊണ്ട് ദൈവത്തിന്റെ കൃപയ്ക്കും കരുണയ്ക്കുമായി യാചിക്കുക.

ദൈവത്തിന്റെ സ്നേഹം നിന്നിലേക്ക് പറന്നിറങ്ങുവാൻ നിന്നെത്തന്നെ നീ വിട്ടുകൊടുക്കുക.

ദൈനത്തിന്റെ ആത്മാവേ, എന്നിലേക്ക് ഒഴുകണമേ. ദൈവത്തിന്റെ ആത്മാവേ, എന്റെ ഹൃദയത്തിലേയ്ക്ക് ഇറങ്ങി വരണമേ. ദൈവത്തിന്റെ പരിശുദ്ധാത്മാവേ, എനിക്ക് പാപ ബോധം നൽകണമേ. ദൈവത്തിന്റെ പരിശുദ്ധാത്മാവേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയണമെ, എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയണമെ, വ്യസ നത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തണമേ.

പ്രാർത്ഥിപ്പിൻ ദൈവജനമേ, അനുഗ്രഹം പ്രാപിപ്പിൻ ദൈവജനമേ, പ്രയാസമുള്ള കാര്യം, പരിശുദ്ധാ ത്മാവിനെ പ്രാപിപ്പിൻ. അതിനായി നിങ്ങളെത്തന്നെ വിട്ടുകൊടുക്കുവിൻ, വിലകൊടുത്തു വാങ്ങുവിൻ. പരി ശുദ്ധാത്മാവിനെ പ്രാപിപ്പിൻ, സ്വർഗ്ഗീയ നിക്ഷേപം കൈക്കൊള്ളുവിൻ.

## പത്ത്

"യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ ഏലിയാവ് ഏലീശയോട് കൂടെ ഗിൽഗാലിൽ നിന്നുപുറപ്പെട്ടു. ഏലിയാവ് ഏലീശയോട്: നീ ഇവിടെ താമസിച്ചുകൊൾക: യഹോവ എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു. ഏലീശാ അവനോട് : യഹോവയാണ, നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല. എന്നു പറഞ്ഞു."

2 രാജാ. 2:1–2

ഏലീശാ ഏലിയാവിനെ പിന്തുടരുകയാണ്. പത്തുവർഷത്തോളമായി ഏലിയാവിന്റെ പിറകെ ഏലീശാ നടക്കുന്നു. ഏലിയാവിന്റെ കൈയ്ക്ക് വെള്ളം ഒഴിച്ചു കൊടുക്കുന്ന ശുശ്രൂഷയാണ് ഏലീശായുടെ ശുശ്രൂഷ. ലോകം നോക്കിയാൽ എത്ര താണ പ്രവൃത്തി. ഒരു വേലക്കാരൻ യജമാനന്റെ കാലിന് വെള്ളം ഒഴിച്ചു കൊടുക്കുന്നത് പോലെ

ശുശ്രൂഷ ചെയ്യുന്നു ഏലീശാ.

ഏലീശാ, ഏലിയാ പ്രവാചകനിലുള്ള ദൈവത്തിന്റെ ആത്മാവിനെ കണ്ടു. ഏലിയാ പ്രവാചകന്റെ ഉള്ളത്തിലുള്ള ദൈവത്തിന്റെ ആത്മാവിന്റെ വ്യാപരത്തെ ഏലീശാ കണ്ടു. ഏലിയാവിനെ മാനിച്ചത്, ഏലിയാവ് എന്ന ആ മനുഷ്യനെയല്ല, ഏലിയാവിന്റെ ഉള്ളത്തിലുള്ള, ഏലിയാവിന്റെ ആഴങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെയാണ്, പരിശുദ്ധാത്മാവിനെയാണ് ഏലീശ ആദരിച്ചത്.

ഏലീശാ, ഏലിയാവിന്റെ കൈയ്ക്ക് വെള്ളം ഒഴിച്ചുകൊടുത്തു എന്നാണ് നാം തിരുവചനത്തിൽ വായിക്കുന്നത്. ഏലിയാവിന്റെ കൈയ്ക്ക് വെള്ളം ഒഴിച്ചുകൊടുത്ത ഏലീശാ എന്ന് നാം തിരുവചനത്തിൽ വായിക്കുന്നുണ്ട്. അത് ഏലീശയുടെ ജീവിതത്തിന്റെ ഒരു പ്രധാനപ്പെട്ട യോഗ്യത ആയിട്ടാണ് തിരുവചനം പറയുന്നത്.

ഏലിയാ പ്രവാചകന്റെ പിന്നിൽ നിന്നും മാറാതെ ഏലീശാ നടക്കുകയാണ്. പരിശുദ്ധാത്മാവിനെ പ്രാപിക്കണം. ഏലിയാ പ്രവാചകന്റെ ഉള്ളത്തിലുള്ള പരിശുദ്ധാത്മാവിന്റെ ഇരട്ടി പങ്ക് എനിക്കുവേണം എന്നുള്ള ആശയോടെ ഏലീശാ നടക്കുകയാണ്. ഗിൽഗാലിൽ നിന്ന് ഏലിയാവ് പുറപ്പെട്ടു. ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തു കൊൾവാൻ ഭാവിക്കുകയായിരുന്നു.

ഏലിയാവിന്റെ ശുശ്രൂഷ തികച്ചു കഴിഞ്ഞു എന്നുകണ്ടപ്പോൾ ദൈവം ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിക്കുകയാണ്.

ശുശ്രൂഷ തികയുമ്പോൾ "ഇവിടെ കയറി വരുവിൻ" എന്നുള്ള ശബ്ദം കേൾക്കാം. "ഇവിടെ കയറി വരുവിൻ" എന്ന ശബ്ദം കേട്ട് ദൈവസന്നിധിയിലേക്ക് പറന്ന് ചെല്ലുവാൻ ഭാഗ്യം ലഭിക്കുന്നവർ എത്ര ധന്യരാണ്, അവർ എത്ര ശ്രേഷ്ഠരാണ്. മകനേ നിനക്ക് ആ ഭാഗ്യം ലഭിച്ചിട്ടുണ്ടോ? നിന്റെ വേല തികയ്ക്കുവാൻ, നിന്റെ ജീവിതം സമർപ്പിക്കുവാൻ നിനക്ക് സാധിച്ചിട്ടുണ്ടോ? ദൈവം നിന്നെ ഏല്പ്പിച്ച വേല നീ തികച്ചുവോ?

അപ്പൊസ്തലനായ പൗലോസിന്റെ പതിന്നാല് ലേഖനങ്ങളുടേയും ഒടുവിലത്തെ ലേഖനത്തിന്റെ ഒടുവിലത്തെ അദ്ധ്യായത്തിൽ മരണം സമീപിച്ചപ്പോൾ അപ്പൊസ്തലനായ പൗലോസിന്റെ പ്രിയ ശിഷ്യനായ തിമൊഥെയൊസിനോട് പറയുന്നു.

> "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക; നീയോ സകലത്തിലും നിർമ്മദൻ ആയിരിക്ക; കഷ്ടം സഹിക്ക; സുവിശേഷത്തിന്റെ പ്രവൃത്തി ചെയ്ക; നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക."
>
> 2 തിമോ. 4:2–5

ഇംഗ്ലീഷ് ബൈബിളിൽ ആ വാക്യം കാണുന്നത് "Nothing be left undo me'' ഒന്നും പൂർത്തീകരിക്കാതെ ബാക്കി വച്ചേക്കരുത് എന്നാണ്.

നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്ക. ഞാൻ

ഇപ്പോൾ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തു. അപ്പൊസ്തലൻ പറയുകയാണ്: റോമൻ സീസറുടെ പടയാളികൾ എന്റെ കഴുത്തുവെട്ടുന്ന സമയം ആസന്നമായിരിക്കുന്നു.

ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും. എനിക്ക് മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ.

എന്റെ ബഹുമാന്യസഹോദരങ്ങളെ, നിങ്ങളുടെ ജീവിതത്തിൽ ഓട്ടം തികച്ചു എന്നു പറയുവാൻ, വിശ്വാസം കാത്തു എന്നു പറയുവാൻ നിങ്ങൾക്ക് ഇതുവരെയും സാധിച്ചിട്ടുണ്ടോ? നിങ്ങളെ ദൈവം ഏല്പിച്ച വേലകൾ നിങ്ങൾ നിവർത്തിച്ചിട്ടുണ്ടോ? ദൈവം നിങ്ങളിൽ ആശ വെച്ചത് ഇനിയും ബാക്കി കിടക്കുന്നുണ്ടോ?

വലിയ പ്രതീക്ഷയോടെ, മകനേ, ദൈവം നിന്നെ വിളിച്ചു. മകളേ, വലിയ ശുഭപ്രതീക്ഷയോടെ ദൈവം നിന്നെ വിളിച്ചുണർത്തി. ദൈവപൈതലേ, വലിയ ആശയോടെ ദൈവം നിന്നെ വീണ്ടെടുത്തു. വലിയ ആശയോടെ ദൈവം കോരിയെടുത്തു. ആഴമുള്ള കുഴിയിലും കുഴഞ്ഞ ചേറ്റിലും കിടന്നിരുന്ന നിന്നെ നിത്യനായ ദൈവം നീ ആവശ്യപ്പെടാതെ, നീ കാത്തുകാത്തിരിക്കാതെ പൊക്കിയെടുത്തു. നിന്നെ ഉറപ്പുള്ള പാറമേൽ നിർത്തി. നിന്റെ ഗമനത്തെ സ്ഥിരമാക്കി. നിന്റെ വായിൽ പുതിയൊരു പാട്ടുതന്നു. ദൈവത്തെ സ്തുതി

പ്പാൻ നിനക്ക് അഭ്യാസം തന്നു. അതുകണ്ട് ഭയപ്പെട്ട് പലരും യഹോവായിൽ ആശ്രയിപ്പാൻ സംഗതിയായി. എന്നാൽ മകനേ, നീ ഇന്ന് നിന്റെ വേലയിൽ ദൈവത്തോടുള്ള വിശ്വസ്തതയിൽ തന്നെയാണോ നിൽക്കുന്നത്?

വേലക്കാരിൽ ദൈവം ആഗ്രഹിക്കുന്നത്, അവർ വിശ്വസ്തരായിരിക്കണം എന്നാണ്. വിശ്വസ്തതയോടെ നീ വേല ചെയ്തുവോ? വേല തികച്ചു എന്നു പറയുവാൻ, ഞാൻ എന്റെ വേല, കർത്താവേ ഇത്രയും കാലം വിശ്വസ്തതയോടെ ചെയ്തു എന്ന് പറയുവാൻ നിനക്ക് സാധിക്കുമോ?

ഞാനോ പ്രയോജനമില്ലാത്ത ദാസൻ. ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്ന് നിങ്ങളും പറയുവിൻ എന്ന് കർത്താവ് അന്ന് പഠിപ്പിച്ചു. എന്നാൽ ഇന്ന് ജീവിക്കുന്ന നാം എന്തുപറയണം? ഞാനോ പ്രയോജനമില്ലാത്ത ദാസൻ, ചെയ്യേണ്ടതുപോലും ചെയ്തിട്ടില്ല.

നാളിതുവരെ, ദൈവപൈതലേ, നീ നിവർത്തിക്കേണ്ട വേല ചെയ്തില്ല. നീ വിശ്വസ്തതയോടെ വേല ചെയ്തില്ല. ദൈവത്തോട് നീ വിശ്വസ്തനായി നിന്നില്ല. നീ ഇന്ന് കടന്ന് ചെന്നാൽ നല്ലവനും വിശ്വസ്തനുമായ ദാസനേ എന്നുള്ള വാക്കു കേൾക്കുകയില്ല. കൊള്ളരുതാത്ത ദാസനേ, ദുഷ്ടനും മടിയനുമായ ദാസനേ എന്നുള്ള വാക്കായിരിക്കുമോ നീ കേൾക്കുന്നത്?

മകനേ, പ്രിയമകളെ, ശാന്തമായി നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ. നേടേണ്ടതു നേടി, ഞാൻ സമ്പാദിക്കേണ്ടത് സമ്പാദിച്ചു. നിത്യതയ്ക്കു വേണ്ടിയുള്ള മുതൽക്കൂട്ട് ഞാൻ സമ്പാദിച്ചു. മരണത്തിന് അപ്പുറമുള്ള,

ശവക്കുഴിക്ക് അപ്പുറമുള്ള ലോകത്തേക്ക് ഞാൻ സ്വത്ത് നേടി എന്നു പറയുവാൻ ദൈവപൈതലേ, നിനക്ക് പ്രാഗത്ഭ്യം ഉണ്ടോ? ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

> "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു."
>
> 2 തിമൊ. 4:7–8

"കൂലി അവന്റെ കൈയ്യിലും പ്രതിഫലം അവന്റെ പക്കലും ഉണ്ട്." മകനേ കൂലി വാങ്ങുവാൻ നീ ഒരുങ്ങിയോ? പ്രതിഫലം വാങ്ങുവാൻ നീ തയ്യാറായോ? നിന്റെ പ്രതിഫലം പങ്കുവയ്ക്കുമ്പോൾ നിനക്കും കിട്ടുമോ പ്രതിഫലം? കിരീടം എടുത്തു വയ്ക്കുമ്പോൾ കിരീടം മകുടത്തിൽ ചൂടിക്കുമ്പോൾ മകനേ, നിനക്കും കിരീടം ലഭിക്കുമോ?

യജമാനൻ വരും! യജമാനനായ ക്രിസ്തു വരും. യജ മാനൻ വരും, അന്നേരത്ത് ഉണർവ്വുള്ളവരായി മുന്തിരി ത്തോപ്പിൽ പണിചെയ്യുന്നവരായി കാണുന്ന ദാസന്മാരത്രേ ധന്യന്മാർ. യജമാനനായ യേശു വരുമ്പോൾ യജമാന നായ യേശുവിന്റെ മുന്തിരിത്തോട്ടത്തിൽ വിശ്വസ്തത യോടെ വേല ചെയ്ത ദാസന്മാർ മാത്രമേ ധന്യന്മാരായി എണ്ണപ്പെടുകയുള്ളൂ. അവർ മാത്രമേ അനുഗൃഹീതരാ വുകയുള്ളൂ. അവരെ "താതൻ ഇരുത്തും മേശയ്ക്കായ്" പകലന്തിയോളം വിശ്വസ്തതയോടെ വേല ചെയ്ത ആ ദാസന്മാരെ പിതാവായ ദൈവം തന്റെ വിരുന്നു മേശയി ങ്കലേക്ക് ആനയിക്കും.

“താതൻ ഇരുത്തും മേശയ്ക്കായ്; പരികർമ്മിക്കും സുതൻ” അവരെ പുത്രൻ തമ്പുരാൻ ശുശ്രൂഷിച്ചു കൊണ്ടു നിൽക്കും. അവരെ സുതൻ പരികർമ്മിക്കും, ശുശ്രൂഷിക്കും. മാത്രമല്ല റൂഹ്ക്കുദിശാ പാറക്കലീത്ത മുടയുന്ന മുടി അവരുടെ മകുടത്തിൽ ചൂടിക്കും. പരിശുദ്ധാത്മാവ്, ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്, കിരീടം മെടഞ്ഞു അവരുടെ ശിരസ്സിൽ അണിയിക്കും.

ദൈവപൈതലേ, ആ മഹാഭാഗ്യത്തിന് നീ യോഗ്യനായോ? നിന്റെ ജീവിതം നീ വിശ്വസ്തതയോടെ ചിലവഴിച്ചുവോ? ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന് അപ്പൊസ്തലനായ പൗലോസ് പറയുന്നതുപോലെ ഒരു നല്ല പ്രാഗത്ഭ്യമുള്ള ജീവിതം നയിച്ചു എന്നുള്ള ഉറപ്പ്, കെട്ടുറപ്പ്, ഹൃദയ പ്രാഗത്ഭ്യം മകനേ, നിനക്കുണ്ടോ? മകളേ നിനക്കുണ്ടോ? നീ ശാന്തമായി ശോധന ചെയ്യുവിൻ.

ഏലിയാവിനെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തു കൊള്ളുവാൻ സ്വർഗ്ഗത്തിലെ ദൈവം ഭാവിച്ചു. എന്തോരു നല്ല അനുഗൃഹീതമായ വാക്യം. ഏലിയാവിനെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളുവാൻ ദൈവം ഭാവിച്ചു. ചുഴലിക്കാറ്റിൽ എടുത്തുകൊള്ളുവാൻ.

ഏലിയാവ് മരണം കാണാതെ എടുക്കപ്പെടുകയാണ്. എന്നാൽ ഏലിയാവോ, മരിക്കാൻ ആശിച്ച മനുഷ്യനാണ്. ബേർ–ശേബാ മരുഭൂമിയിൽകൂടി നിരാശയോടെ ഈസേബെലിന്റെ ഭീഷണികേട്ടു ഞടുങ്ങിക്കൊണ്ട് ഇനി എനിക്ക് ജീവിക്കണ്ട; മരിച്ചാൽ മതി എന്നു പറഞ്ഞു നടന്ന മനുഷ്യനാണ് ഏലിയാവ്. ആ ഏലിയാവിനെ അന്ന് ജീവിതം അവ

സാനിക്കാൻ സമ്മതിക്കാതെ ആയുസ്സ് നീട്ടിക്കൊടുത്തു. ഏലിയാവിനെ കാത്തു, ഏലിയാവിനെ സംരക്ഷിച്ച്, ഏലിയാവിനെ പരിപാലിച്ച്, ഏലിയാവിനെ പരിപോഷിപ്പിച്ച് ഇത്രത്തോളം എത്തിച്ചത് എന്തിന്? ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊള്ളുവാൻ.

മകനേ, ഇന്നു നിന്നെ നിരാശ വലയം ചെയ്യുന്നുണ്ട്. ദൈവപൈതലേ, ഇന്ന് നിനക്ക് ഭാരങ്ങളുണ്ട്. ഇന്ന് നിനക്ക് ആകുലങ്ങളുണ്ട്, ആവലാതികളുണ്ട്, പ്രശ്നങ്ങളുണ്ട്, പ്രതിസന്ധികളുണ്ട്. ഇന്ന് നിന്റെ ഹൃദയത്തിൽ കൊടിയ യാതനയും വേദനയും ഉണ്ട്. നിന്റെ ഹൃദയത്തിൽ ഉൾക്കിടിലങ്ങളുമുണ്ട്. നിന്റെ ഉള്ളിൽ വലിയ ആശങ്കയും ഭീതിയുമുണ്ട്.

മകനേ, ഭയപ്പെടരുത്, നിരാശപ്പെടരുത്, തളരരുത്, മടുത്തുപോകരുത്. ജീവനുള്ള ദൈവം നിനക്ക് വേണ്ടി ഏറ്റവും നല്ലത് മുൻകരുതിയിട്ടുണ്ട്. തളർന്ന് കിടക്കണ്ട. ദൈവപൈതലേ, നിന്നെ ചുഴലിക്കാറ്റിൽ പറപ്പിച്ചുകൊണ്ട് പോകുവാൻ നിത്യനായ ദൈവം സ്വർഗ്ഗത്തിലേക്ക് കൈക്കൊള്ളുവാൻ ഭാവിച്ചിരിക്കുകയാണ്. ഇതെന്തൊരു ഭാഗ്യമാണ്.

ദൈവമക്കളേ, ഈ ഭാഗ്യം നിങ്ങൾക്കു വേണമോ? സ്വർഗ്ഗീയ ഉന്നതങ്ങളിലേക്ക് പറക്കാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടോ? ജീവനുള്ള ദൈവത്തിന്റെ സ്വർഗ്ഗമഹാസൗഭാഗ്യത്തിലെത്തുവാൻ നിങ്ങളുടെ ഹൃദയം കൊതിക്കുന്നുണ്ടോ? എങ്കിൽ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. ക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വീണ്ടെടുപ്പ് അനുഭവിപ്പിൻ. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള കഴുകൽ പ്രാപിപ്പിൻ. ക്രിസ്തുവിന്റെ തിരുരക്തത്താലുള്ള ശുദ്ധീകരണം പ്രാപിപ്പിൻ. ഒരു പുതിയ

ജീവിതം തുടങ്ങുവിൻ.

നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. ദൈവത്തോട് വാക്കുപറയുവിൻ. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക. യേശുവേ നീ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. തീരുമാനിക്കുവിൻ.

## പതിനൊന്ന്

"യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ ഏലിയാവ് ഏലീശായോട് കൂടെ ഗിൽഗാലിൽ നിന്ന് പുറപ്പെട്ടു."

2 രാജാ. 2:1

ഏലിയാവ് ഗിൽഗാലിൽ നിന്ന് പുറപ്പെട്ടു. ഏലീശായും കൂടെയുണ്ട്. ഏലിയാവും ഏലീശയും ഒരുമിച്ച് ഗിൽഗാലിൽ നിന്ന് പുറപ്പെട്ടു. ഗുരുനാഥന്റെ കൂടെ ശിഷ്യനും ഉണ്ട്. യജമാനന്റെ കൂടെ ഭൃത്യനും ഉണ്ട്. ഒരുമിച്ച് ഗിൽഗാലിൽ നിന്നു പുറപ്പെട്ടു.

ആത്മാവിന്റെ സ്വർഗ്ഗീയ അനുഭൂതി പ്രാപിക്കണമെങ്കിൽ ഗിൽഗാലിൽ തുടങ്ങണം. ജീവിതം ഗിൽഗാലിന്റെ അനുഭവത്തിൽ തുടങ്ങണം. എന്താണ് ഗിൽഗാൽ കാണിക്കുന്നത്?

യോശുവായുടെ പുസ്തകം അഞ്ചാം അദ്ധ്യായത്തിന്റെ ഏഴാം വാക്യം വായിക്കുമ്പോഴാണ് ഗിൽഗാലിനെക്കുറിച്ചുള്ള

പ്രസ്താവം നാം കാണുന്നത്.

> "എന്നാൽ അവർക്ക് പകരം അവൻ എഴുന്നേല്പിച്ച പുത്രന്മാരെ യോശുവ പരിച്ഛേദന ചെയ്തു. അവരെ പ്രയാണത്തിൽ പരിച്ഛേദന ചെയ്യായ്ക കൊണ്ട് അവർ അഗ്രചർമ്മികളായിരുന്നു. അവർ സർവ്വ ജനത്തെയും പരിച്ഛേദന ചെയ്തു തീർന്ന ശേഷം അവർക്ക് സൗഖ്യമായതുവരെ അവർ പാളയത്തിൽ താന്താങ്ങളുടെ സ്ഥലത്ത് പാർത്തു. യഹോവ യോശുവയോട്, ഇന്ന് ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽ നിന്ന് ഉരുട്ടിക്കളഞ്ഞിരിക്കുന്നു എന്ന് അരുളിച്ചെയ്തു. അതുകൊണ്ട് ആ സ്ഥലത്ത് ഇന്നുവരെ ഗിൽഗാൽ (ഉരുൾ) എന്ന് പേർ പറയുന്നു."
>
> യോശുവ. 5:7–9

ഗിൽഗാൽ – നിന്ദമാറ്റിയ സ്ഥലം, ഗിൽഗാൽ – It is the place of beginning. ഗിൽഗാൽ ആരംഭത്തിന്റെ സ്ഥലമാണ്, നിന്ദമാറിയ സ്ഥലമാണ്, നിന്ദ ഒഴിവായ സ്ഥലമാണ്. ഗിൽഗാലിൽ നിന്നാണ് ഏലിയാവ് പുറപ്പെട്ടത്. ഏലീശാ കൂടെ പുറപ്പെട്ടു. എന്താണ് ആരംഭം കുറിച്ചത്? നിന്ദ ഒഴിവാക്കിയത് എന്താണ്?

ജനത്തെ യോശുവ പരിച്ഛേദന ചെയ്തു. മിസ്രയീമിൽ ഫറവോന്റെ അടിമത്വത്തിൽ കിടന്ന കാലം മുതൽ ഇന്നോളം പരിച്ഛേദന ഏല്ക്കാതിരുന്ന പുരുഷ പ്രജകളെ എല്ലാം പരിച്ഛേദന കഴിച്ചു. പരിച്ഛേദന എന്ന നിയമം ജീവനുള്ള ദൈവം വിശ്വാസികളുടെ പിതാവായ അബ്രഹാമിനു നൽകിയതായി ഉല്പത്തി പുസ്തകം പതിനേഴാം അദ്ധ്യായത്തിൽ നാം കാണു

ന്നുണ്ട്. പരുഷപ്രജയൊക്കെയും പരിച്ഛേദന ചെയ്യേണം എന്നുള്ള ദൈവീക നിയമം. എന്നാൽ കാലങ്ങൾ കാലങ്ങൾ കഴിഞ്ഞു പരിച്ഛേദനയില്ലാത്തവരായി യിസ്രായേൽ ജനം തീർന്നു. മിസ്രായീമിൽ നിന്ന് അവർ യാത്ര പുറപ്പെട്ട് കാലങ്ങൾ കാലങ്ങൾ വർഷങ്ങൾ പിന്നിട്ടു. അവർ ഇപ്പോൾ കനാനിൽ കാൽ കുത്തിയിരിക്കുകയാണ്.

കാനാനിൽ അവർ പ്രവേശിച്ചു. യെറീഹോവിന്റെ മതിലിന്റെ അരികത്ത് അവർ എത്തി. യോശുവ അവരെ പരിച്ഛേദന കഴിപ്പിച്ചു.

> "ഇന്ന് ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽ നിന്ന് ഉരുട്ടിക്കളഞ്ഞിരിക്കുന്നു എന്ന് അരുളിച്ചെയ്തു. അതുകൊണ്ട് ആ സ്ഥലത്തിന് ഇന്നുവരെ ഗിൽഗാൽ (ഉരുൾ) എന്ന് പേർ പറയുന്നു."
>
> യോശുവ. 5:9

ദൈവപൈതലേ, പരിശുദ്ധാത്മാവിനെ പ്രാപിക്കണമെങ്കിൽ നിന്റെ ജീവിത്തിൽ നിന്റെ നിന്ദ ഉരുട്ടിക്കളഞ്ഞ ഒരനുഭവം പ്രാപിക്കണം. എന്താണ് നിന്റെ നിന്ദ? നിന്റെ ജീവിതത്തിന്റെ പാപമാണ് നിന്റെ നിന്ദ. നിന്റെ ജീവിതത്തിൽ നരകാവകാശമാണ് നിന്റെ നിന്ദ. സാത്താൻ അവകാശം പറയുന്നതാണ് നിന്റെ നിന്ദ. ദൈവത്തിന്റെ മോഹനസൃഷ്ടിയായ മനുഷ്യന്റെ ജീവിതത്തിൽ പൈശാചികൻ അവകാശം പറയുന്നതാണ് ഏറ്റവും ഘോരമായ നിന്ദ.

ദൈവപൈതലേ, എല്ലാവരും പാപം ചെയ്തു. ദൈവതേജസ്സില്ലാത്തവരായി തീർന്നു. ദൈവതേജസ്സില്ലാത്ത മനുഷ്യനെ തേജസ്സുള്ളവനാക്കി മാറ്റുകയാണ് ദൈവം ചെയ്യു

ന്നത്, ക്രൂശിലെ മരണത്തിൽ കൂടി. ജീവനുള്ള ക്രിസ്തു ക്രൂശിൽ മരിച്ചതിനാൽ നമ്മുടെ നിന്ദമാറ്റി, നമ്മുടെ ശാപം മാറ്റി.

ഗലാത്യർക്കുള്ള ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് അതിനെ കുറിച്ച് ഇങ്ങനെയാണ് പറയുന്നത്.

> "മരത്തിൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ട വൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു. ന്യായപ്ര മാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലക്കു വാങ്ങി."
>
> ഗലാ. 3:13

ശാപം നമ്മിൽ നിന്ന് മാറ്റി, നിന്ദ തമ്മിൽ നിന്ന് മാറ്റി. അപമാനം നമ്മിൽ നിന്ന് മാറ്റി. നരകാവകാശം നമ്മിൽ നിന്ന് മാറ്റി. ഭീകരമായ നിത്യ ദണ്ഡനം നമ്മിൽ നിന്നുമാറ്റി, നരക യാതന നമ്മിൽ നിന്ന് മാറ്റി, സാത്താന്റെ അവകാശം നമ്മിൽ നിന്ന് മാറ്റി. സാത്താന്റെ സ്വാധീനം നമ്മിൽ നിന്ന് മാറ്റി. നിന്ദ ഉരുട്ടിക്കളഞ്ഞു. എങ്ങനെ? ക്രൂശിലെ മരണത്താൽ, ക്രൂശിലെ ത്യാഗമരണത്താൽ, ക്രൂശിൽ ചൊരിഞ്ഞ രക്ത ത്താൽ, തിരുരക്തത്താലുള്ള ദൈവീക സ്നേഹത്തിന്റെ സ്വർഗ്ഗീയ പ്രഭാപൂരം നമ്മുടെ മേൽ പൊഴിച്ച് അവൻ നമ്മുടെ നിന്ദ മാറ്റിക്കളഞ്ഞിരിക്കുന്നു.

സഹോദരങ്ങളെ, ഈ ഭാഗ്യം നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ? നിന്ദമാറി എന്നുള്ള ആ ഉറപ്പ് നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ? മകനേ, നിന്റെ മുഖത്ത് പൈശാചികൻ പുരട്ടിയിരുന്ന നിന്ദ, സാത്താൻ നിന്റെ മേൽ പതിപ്പിച്ചിരുന്ന നിന്ദ, ജീവനുള്ള ക്രിസ്തുവിന്റെ തിരുരക്തത്താൽ മായിച്ചു കളഞ്ഞു എന്ന്

നിനക്ക് ഉറപ്പ് കിട്ടിയോ?

ദൈവപൈതലേ നിന്റെ പാപത്തിന്റെ നിന്ദ ദൈവം മാറ്റി എന്ന് നിനക്ക് ധൈര്യം കിട്ടിയോ? പാപം യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെട്ടു എന്നുള്ള ഉറപ്പ് നിനക്ക് കിട്ടിയോ? ആ ഉറപ്പ് നിനക്ക് കിട്ടും, ഒന്നേ ഒന്നു മാത്രം, മേലിൽ പാപം ചെയ്യുകയില്ല എന്നുള്ള തീരുമാനം നിന്റെ ഹൃദയത്തിന്റെ അന്തരാളത്തിൽ നിന്നുവന്നാൽ.

ഉള്ളിന്റെ ഉൾത്തളങ്ങളിൽ നിന്ന് വ്യക്തമായ ഒരു തീരുമാനം – ഇനി യാതൊരു കാരണവശാലും ഞാൻ എന്നെത്തന്നെ അശുദ്ധമാക്കുകയില്ല. പാപത്തിന്റെ ഒരു കണിക പോലും എന്നിൽ വരികയില്ല എന്ന് നീ ഒരു തീരുമാനം എടുക്കുമ്പോൾ ആ നിമിഷം ക്രിസ്തുവിന്റെ തിരുരക്തം വന്ന് നിന്നെ കഴുകും. ആ തിരുരക്തം വന്ന് നിന്റെ നിന്ദമാറ്റും, ആ തിരുരക്തം വന്ന് നിന്റെ പാപ ശാപങ്ങൾ മാറ്റും. ആ തിരുരക്തം ശാപത്തിന്റെ ഭീകരതയിൽ നിന്ന് നിനക്ക് മോചനം തരും.

മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായി തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ രക്തം കൊടുത്തു വിലയ്ക്കു വാങ്ങി.

ദൈവപൈതലേ, ഇപ്പോൾ നിന്റെ ജീവിതത്തിൽ ഈ നിന്ദ മാറിപ്പോയി എന്നുള്ള ഉറപ്പ് നീ പ്രാപിച്ചിട്ടുണ്ടോ എന്ന് ശാന്തമായി ശോധന ചെയ്യുക. ഇപ്പോൾ നിന്നെത്തന്നെ നീ സമർപ്പിക്കുക. ആ തിരുരക്തം ഇപ്പോൾ നിനക്കുവേണ്ടി ഗുണകരമായി സംസാരിക്കുകയാണ്.

“പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ” എന്ന് പ്രാർത്ഥിച്ചുകൊണ്ട് കുരിശിന്മേൽ കിടക്കുന്ന ആ കർത്താവായ യേശുവിന്റെ തിരുരക്തം! ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകതരമായി സംസാരിക്കുന്ന പുണ്യാഹരക്തം.

മകനേ, നിന്നെ വീണ്ടെടുക്കുന്ന യേശുക്രിസ്തുവിന്റെ തിരുരക്തം. പുണ്യവാന്റെ പുണ്യരക്തം. ആ തിരുരക്തം ഇപ്പോൾ നിനക്ക് വേണ്ടി വാദിക്കുകയാണ്. ദൈവസന്നിധിയിൽ, പിതാവിന്റെ സന്നിധിയിൽ നിനക്ക് വേണ്ടി പക്ഷവാദം കഴിക്കുകയാണ്.

അപ്പാ, ഈ മകൻ അറിയാതെ ചെയ്തതാക കൊണ്ട് ഇവനോട് ക്ഷമിക്കണമേ, ഈ മകളുടെ ജീവിത്തിൽ വന്നുപോയ പാപങ്ങൾ ഇവളോട് പൊറുക്കേണമേ. തന്റെ തിരുരക്തം കാണിച്ചുകൊണ്ട് പിതാവിന്റെ സന്നിധിയിൽ മധ്യസ്ഥത വഹിക്കുന്ന ഏക മധ്യസ്ഥനായ ക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ ഒന്ന് കാണുമോ? ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഒന്നുകൊടുക്കുമോ? ഒരു പുതിയ ജീവിതം നിങ്ങൾ തുടങ്ങുമോ?

ഈ മഹാഭാഗ്യം ലഭിച്ച വിശുദ്ധന്മാർ ഏറെയേറെയാണ്. ക്ലോറൊഫോം കണ്ടുപിടിച്ച സർ ജയിംസ് സിംസൺ, യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വീണ്ടെടുപ്പിന്റെ മാധുര്യം അനുഭവിച്ച ദൈവദാസനായിരുന്നു. അദ്ദേഹം ജീവിതത്തിന്റെ ഒരു നല്ലഭാഗം ക്രിസ്തുവിന് വേണ്ടി തന്നെത്തന്നെ വേർതിരിച്ചു. അദ്ദേഹം ക്ലോറോഫോം കണ്ടുപിടിച്ചത് വലിയോരു കണ്ടുപിടുത്തമാണ്.

മനുഷ്യനെ മയക്കി അവനെ ബോധം കെടുത്തി ഓപ്പറേ

ഷൻ നടത്തുന്നതിന് അതിന് സഹായകമാകുന്നു അന സ്തേഷ്യ കൊടുക്കുന്നതിന് ഉതകുന്നതായ ക്ലോറോഫോം കണ്ടുപിടിച്ചത് വലിയോരു നേട്ടമാണെന്ന് അദ്ദേഹത്തിന്റെ സ്നേഹിതന്മാർ ഒരിക്കൽ അദ്ദേഹത്തെ പ്രശംസിച്ചു, അനു മോദിച്ചു, അഭിനന്ദിച്ചു പറഞ്ഞു.

സിംസൺ പറഞ്ഞു: ‘‘മനുഷ്യനെ മയക്കുന്ന ക്ലോറോഫോം കണ്ടുപിടിച്ചതല്ല എന്റെ ഏറ്റവും വലിയ കണ്ടു പിടുത്തം. എന്നാൽ എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെ ത്തിയതാണ് എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം.”

പ്രിയപ്പെട്ടവരെ, ഈ സിംസൺ കാലങ്ങൾ കഴിഞ്ഞു മരിക്കാറായി കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സ്നേഹിത ന്മാർ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് മരണ ശയ്യയിൽ കിടക്കുന്ന സിംസനെ നോക്കിക്കൊണ്ട് അവർ ആശ്വസി പ്പിച്ചു പറഞ്ഞു:

"You will soon be resting on his bosom'' നീ അധികം താമ സിയാതെ ക്രിസ്തുവിന്റെ മാറിൽ വിശ്രമിച്ചുകൊള്ളുമല്ലോ. നീ ക്രിസ്തുവിന്റെ സന്നിധാനത്തിലെത്തുമല്ലോ. മരണം വഴി യായി കടന്നുപോയാൽ നീ മഹാഭാഗ്യത്തിൽ എത്തുമല്ലോ.

ഉടനെ ഈ പ്രസിദ്ധ ശാസ്ത്രജ്ഞൻ മറുപടി പറഞ്ഞു: I don’t know as I can do that എനിക്ക് ഉറപ്പില്ല, എനിക്ക് അറി ഞ്ഞുകൂടാ. അങ്ങനെ ക്രിസ്തുവിന്റെ മാറിൽ എനിക്ക് അണഞ്ഞു വിശ്രമിക്കുവാൻ സാധിക്കും എന്ന അക്കാര്യം എനിക്ക് ഉറപ്പില്ല. – But I think I have a hold of the hem of His garment'' എന്നാൽ എനിക്ക് തോന്നുന്നു, അവന്റെ തിരുവ സ്ത്രത്തിന്റെ ഒരു തൊങ്ങലിൽ എനിക്കു പിടി കിട്ടിയിട്ടുണ്ട് എന്ന്.

ദൈവജനമേ, ആ തിരുരക്തത്തിന്റെ ഒരു സ്വാധീനം നിനക്ക് ലഭിച്ചുവോ? തിരുരക്തത്തിന്റെ സ്വാധീനം നിന്നെ ആകർഷിച്ചുവോ? ആ കർത്താവായ യേശുവിന്റെ തിരുരക്തം പുരണ്ട തിരുവസ്ത്രത്തിന്റെ തൊങ്ങൽ തൊടുവാൻ നിനക്കൊരു ഭാഗ്യം കിട്ടിയോ?

മകനേ, ഇപ്പോൾ നിന്നെത്തന്നെ സമർപ്പിക്കൂ, പാപത്തെ ഉപേക്ഷിക്കൂ, ജീവിതം ക്രിസ്തുവിനായി സമർപ്പിക്കൂ. പുതിയ തീരമുവാനം എടുക്കൂ.

## പന്ത്രണ്ട്

“യഹോവ ഏലിയാവെ ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊൾവാൻ ഭാവിച്ചിരിക്കുമ്പോൾ ഏലിയാവ് ഏലീശയോടുകൂടെ ഗിൽഗാലിൽ നിന്ന് പുറപ്പെട്ടു. ഏലിയാവ് ഏലീശയോട്: നീ ഇവിടെ താമസിച്ചുകൊൾക–യഹോവ എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു എന്നുപറഞ്ഞു. ഏലീശാ അവനോട് – യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നുപറഞ്ഞു. അങ്ങനെ അവർ ബേഥേലിലേക്ക പോയി.”

2 രാജാ. 2:1–2

അങ്ങനെ അവർ ഗിൽഗാലിൽ നിന്നു പുറപ്പെട്ടു ബേഥേലിലേക്ക് പോവുകയാണ്. എന്നെ യഹോവ ബേഥേലിലേയ്ക്ക് അയച്ചിരിക്കുകയാണ് എന്ന് ഏലിയാവ് ഏലീശയോട് പറഞ്ഞു. ഏലിയാവ് ഏലീശയെ നിരുത്സാഹപ്പെടുത്തുന്നതുപോലെ നമുക്കുതോന്നും.

നീ ഇവിടെ താമസിച്ചുകൊൾക, യഹോവ എന്നെ ബേഥേലിലേക്ക് അയച്ചിരിക്കുന്നു എന്നാണ് ഏലിയാവ് പറഞ്ഞത്.

നീ ഇവിടെ താമസിച്ചു കൊൾക. ഈ അനുഭവത്തിൽ നീ നിലനിൽക്ക. ഈ ഉരുളിന്റെ അനുഭവത്തിൽ, നിന്ദ ഉരുണ്ടുപോയ അനുഭവത്തിൽ, അഭിമാനം മാറിപ്പോയ അനുഭവത്തിൽ നീ നിന്നുകൊള്ളൂ എന്നാണ് ഏലിയാവ് പറയുന്നത്.

ആ അനുഭവത്തിൽ നിന്നാൽ പോരാ, എനിക്ക് ആഴത്തിലേക്ക് നീങ്ങണം. നീ എവിടെയെല്ലാം പോകുന്നോ അവിടെയെല്ലാം ഞാൻ നിന്നെ വിടാതെ കൂടും. നിന്റെ പിന്നാലെ ഞാൻ വരും. ഏലീശാ തീരുമാനം പറയുകയാണ്.

"യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല."

ദൈവമക്കളെ, ആത്മാവിന് വേണ്ടിയുള്ള ദാഹം, ആത്മാവിന് വേണ്ടിയുള്ള തീക്ഷ്ണത, ആത്മാവിന് വേണ്ടിയുള്ള ആർത്തി, ആത്മാവിന് വേണ്ടിയുള്ള കൊതി, പരിശുദ്ധാത്മാവിന് വേണ്ടിയുള്ള ഹൃദയത്തിന്റെ അഭിവാഞ്ഛ, അതിനുവേണ്ടിയുള്ള യാചന. ഏലീശാ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ഏലിയാവിന്റെ പിന്നിൽ നിന്ന് മാറാതെ പുറപ്പെടുകയാണ്.

ഗിൽഗാലിൽ നിന്ന് നേരെ പടിഞ്ഞാറോട്ട് പതിനഞ്ച് മൈൽ നടക്കുമ്പോഴാണ് ബേഥേലിൽ എത്തുക. ഈ പതിനഞ്ച് മൈൽ ഏലിയാവ് നടന്നപ്പോൾ ഏലീശാ വിടാതെ പിന്നാലെ നടക്കുകയാണ്.

ദൈവജനമേ, വിടാതെ നടക്കുന്നു. ദൈവപുരുഷനോട് ചേർന്നു ദൈവത്തിന്റെ മഹിമയുറ്റ പ്രവാചകനോട് ചേർന്നു,

ദൈവം സ്നേഹിക്കുകയും ദൈവം കരുതുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവാചകനോട് ചേർന്നു, ഗിൽഗാലിൽ നിന്ന് ബേഥേലിലേക്ക് ഏലീശായും പോവുകയാണ്.

ഗിൽഗാൽ എന്തിനെ കാണിക്കുന്നു? ഗിൽഗാൽ നിന്ദ മാറിയതിനെ കാണിക്കുന്നു. Circumsition – പരിച്ഛേദനയെ കാണിക്കുന്നു. ഗിൽഗാൽ – It is the place of beginning. അത് ആരംഭത്തെ കുറിക്കുന്നു.

“എന്നാൽ ബേഥേൽ, അത് എന്തിനെ കുറിക്കുന്നു? ബേഥേൽ - It is the place of altar . – അത് യാഗപീഠത്തെക്കുറിക്കുന്നു.

ബേഥേലിൽ യാഗപീഠമുണ്ട്. ബേഥേലിനെ കുറിച്ച് വായിക്കുന്നത് അവിടെ യാഗപീഠം പണിതു എന്നാണ്.

> “അവൻ ആ സ്ഥലത്ത് ബേഥേൽ എന്നുപേർ വിളിച്ചു.”
>
> ഉല്പ്പത്തി 28:19

> “യാക്കോബ് ബേർ–ശേബയിൽ നിന്നു പുറപ്പെട്ടു ഹാരാനിലേക്കുപോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിച്ചതുകൊണ്ട് അവിടെ രാപാർത്തു. അവൻ ആസ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്ത് തലയിണയായി വച്ച് അവിടെ കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു. ഇതാ ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി, അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരിക്കുന്നു. ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ

യഹോവ നിന്ന് അരുളിച്ചെയ്തു, ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു. നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടി പോലെയാകും, നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും. നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോട് കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത് ഈ രാജ്യത്തേക്ക് നിന്നെ മടക്കിവരുത്തും, ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തതു നിവർത്തിക്കും."

ഉല്പത്തി 28:10–15

അപ്പോൾ യാക്കോബ് ഉറക്കം ഉണർന്നു. യഹോവ ഈ സ്ഥലത്തുണ്ട് സത്യം. ഞാനോ അത് അറിഞ്ഞില്ല എന്നുപറഞ്ഞു. അവൻ ഭയപ്പെട്ടു. ഈ സ്ഥലം എത്ര ഭയങ്കരം! ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല. ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ എന്നുപറഞ്ഞു. യാക്കോബ് അതികാലത്ത് എഴുന്നേറ്റ് തലയിണയായി വച്ചിരുന്ന കല്ല് എടുത്ത് തൂണായി നിർത്തി. അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന് ബേഥേൽ എന്നു പേർ വിളിച്ചു.

ബേഥേൽ യാഗപീഠത്തിന്റെ സ്ഥലമാണ്. അത് യാഗത്തിന്റെ സ്ഥലമാണ്. It is the place of altar – അത് നേർച്ച നേർന്ന സ്ഥലമാണ്. അത് സമർപ്പണത്തിന്റെ സ്ഥലമാണ്. It is the place of commitment, it is the place of dedication, it is the

place of surrender – അത് സമർപ്പണത്തിന്റെ സ്ഥലമാണ്. അത് ജീവിതം നിത്യനായ ദൈവത്തിന്റെ പാദത്തിൽ ത്യാഗമായി, യാഗമായി അർപ്പിക്കുന്നതിന്റെ സ്ഥലമാണ്. യാഗാർപ്പണത്തിന്റെ സ്ഥമാണ് ബേഥേൽ.

ദൈവജനമേ, ഇന്ന് നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ ഒന്നുതിരിഞ്ഞുനോക്കൂ. നിങ്ങൾ എന്നെങ്കിലും ജീവിതം ദൈവത്തിന് സമർപ്പിച്ചിട്ടുണ്ടോ? നിങ്ങൾ നിങ്ങളെത്തന്നെ യാഗമായി അർപ്പിച്ചിട്ടുണ്ടോ? നിങ്ങളെത്തന്നെ ക്രിസ്തുവിന്റെ കുരിശിന്റെ ബലിവേദിയിൽ അർപ്പണം ചെയ്തിട്ടുണ്ടോ? ക്രിസ്തുവിന്റെ തിരുരക്തത്തിൽ നിങ്ങളെത്തന്നെ പ്രതിഷ്ഠിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ ആ മുറിഞ്ഞ പാദത്തിങ്കൽ നിങ്ങളെത്തന്നെ നിങ്ങൾ സമർപ്പിച്ചിട്ടുണ്ടോ? ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിങ്ങളെത്തന്നെ നിങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടോ? ആ സമർപ്പണത്തിന്റെ സ്ഥലമാണ് ബേഥേൽ. യാഗപീഠത്തിന്റെ സ്ഥലമാണ് ബേഥേൽ.

ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുവാൻ ബേഥേൽ നമ്മെ ആഹ്വാനം ചെയ്യുന്നു.

Circumsition കഴിഞ്ഞു. പരിച്ഛേദന കഴിഞ്ഞു. നിന്ദമാറി. ഇനി എന്തുചെയ്യണം? ഇനി ഒരു പുതിയ സമർപ്പണം എടുക്കണം. പഴയ മനുഷ്യനെ ഛേദിച്ചു കളഞ്ഞു. ഇതാ ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കണം. ഒരു പുതിയ സമർപ്പണം.

ഇതുവരേയും നടന്നതുപോലെ അല്ല, യാക്കോബിന്റെ അപ്പന്റെ അപ്പനായ അബ്രാഹാം പുറപ്പെട്ട മെസൊപ്പൊട്ടോമിയയിൽ നിന്നു. യൂഫ്രറ്റീസ് ടൈഗ്രീസ് നദി കടന്ന് യാത്ര

ചെയ്ത് അബ്രാഹാം കനാനിൽ എത്തി, അബ്രാഹാം പലസ്തീനിൽ എത്തി. പലസ്തീനിൽ നിന്ന് ഇപ്പോൾ അബ്രാഹാമിന്റെ മകന്റെ മകനായ യാക്കോബ് യാത്രപുറപ്പെട്ട് ഹാരാനിലേക്ക് പോവുകയാണ്. ഏതാണ്ട് അറുന്നൂറോളം നാഴിക യാത്ര ചെയ്യേണ്ടിയിരിക്കുന്നു.

ഹാരാനിലേക്ക് യാക്കോബ് ബദ്ധപ്പാടോടെ പോവുകയാണ്. മരണഭീതിയോടെ ഓടിപ്പോവുകയാണ്. സന്ധ്യയായി ഇരുൾ പരക്കുന്നു, കരിനിഴൽ വീശുന്നു, നേരിയ ശബ്ദം കേട്ടാൽ യാക്കോബ് പതറി ഉൾത്തുടിപ്പോടെ നിന്നുപോകും. പേടിച്ച് കിടിലംകൊണ്ട് നിന്നുപോകും. സഹോദരൻ ഏശാവ് എന്നെ കൊല്ലുവാൻ വരുന്നോ എന്ന ഭീതിയോടെ യാക്കോബ് നിന്നുപോകും. നേരം ഇരുണ്ടു ഇരുണ്ടു വരുന്നു. യാക്കോബിന് വയ്യാതായി. തളർന്ന് അവശനായി ബേർ–ശേബാ മരുഭൂമിയിൽ കൂടി യാത്ര ചെയ്യുന്ന ആ യുവാവ് അവിടെ ഒരു സ്ഥലത്ത് എത്തിയപ്പോൾ കല്ലെടുത്ത് തലയിണയായി വച്ച് അതിൽ കിടന്നു. അപ്പോൾ ഒരു സ്വപ്നം കണ്ടു.

അവൻ ജീവനുള്ള ദൈവത്തെ സ്വപ്നത്തിൽ കണ്ടു. ദൈവം ഗോവണി മേൽ ഇറങ്ങി നിൽക്കുന്നത് അവൻ കണ്ടു. ഗോവണിയിൽ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും അവൻ കണ്ടു.

ദൈവത്തെ കണ്ടു, ദൈവത്തിന്റെ സേനയെക്കണ്ടു, ദൈവത്തിന്റെ ദൂതന്മാരെ കണ്ടു, സ്വർഗ്ഗീയ ഗണങ്ങളെ കണ്ടു, സ്വർഗ്ഗീയ കാഴ്ച കണ്ടു, നിത്യനായ ദൈവത്തെ കണ്ടു. ആ ദൈവം, നിത്യനായീ ദെവം യാക്കോബിനോട് സംസാരിച്ചു. യാക്കോബിന് വാഗ്ദത്തങ്ങൾ കൊടുത്തു.

സ്നേഹിതരേ, നമ്മെ കാണുന്ന ദൈവം ഇപ്പോൾ നമ്മെ സന്ധിക്കും എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇപ്പോൾ നിങ്ങളെ കാണുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഇപ്പോൾ നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? നല്ല വാഗ്ദത്തങ്ങൾ നിങ്ങൾക്ക് തരികയാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അനുഗൃഹീതമായ സല്ക്കാലങ്ങൾ നിങ്ങൾക്കു തരുവാനായി ദൈവം നിങ്ങളെ പേർചൊല്ലി വിളിക്കുകയാണ് എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

യാക്കോബിനെ വിളിച്ചു വേർതിരിച്ചു യാക്കോബിന് അനുഗൃഹീതമായ വൻ വാഗ്ദത്തങ്ങൾ നൽകിയ നിത്യനായ ദൈവം മകനേ, ഇപ്പോൾ നിന്റെ അരികത്ത് വന്ന് നിനക്ക് സ്വർഗ്ഗീയ വാഗ്ദാനങ്ങൾ തരികയാണെന്ന് നീ വിശ്വസിക്കുന്നുവോ?

എങ്കിൽ നീ പറയും: "ഇത് യഹോവയുടെ ആലയമല്ലാതെ മറ്റൊന്നല്ല. യഹോവ ഈ സ്ഥലത്തുണ്ട് സത്യം. ഞാനോ അത് അറിഞ്ഞില്ല."

യാക്കോബ് അവിടെ ഒരു നേർച്ച നേർന്നു. യാക്കോബ് തലയിണയായി വച്ചിരുന്ന കല്ല് അത് നിവർത്തി വെച്ചു. അതിൽ എണ്ണ പകർന്നു യാക്കോബ് ദൈവത്തോട് വാക്കു പറഞ്ഞു. തന്നെത്തന്നെ യാഗമായി അർപ്പിച്ചു.

സങ്കീർത്തനം അമ്പതിന്റെ അഞ്ച് വായിക്കുമ്പോൾ കാണാം:

> "യാഗം കഴിച്ചു എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."

മകനേ, ദൈവത്തിന്റെ സന്നിധിയിൽ നിന്റെ ആളത്വം നീ യാഗമായി അർപ്പിച്ചുവോ? നിന്നെത്തന്നെ ബലിയായി നീ അർപ്പിച്ചുവോ? പാപത്തോട് നീ യാത്ര പറഞ്ഞുവോ? പഴയ മനുഷ്യനെ നീ ഉപേക്ഷിച്ചുവോ? പഴയ മനുഷ്യനെ ക്രൂശിക്കാൻ നീ വിട്ടുകൊടുത്തുവോ?

എങ്കിൽ നീ ഭാഗ്യശാലിയാണ്. പഴയ മനുഷ്യൻ നിന്നിൽ നിന്നുമാറി എന്നുള്ള ഉറപ്പ് നിനക്ക് കിട്ടിയോ ദൈവപൈതലേ?

ഉല്പത്തി പുസ്തകത്തിൽ ബേഥേൽ സമർപ്പണത്തെ കാണിക്കുന്നു. ബേഥേൽ യാഗത്തെ കാണിക്കുന്നു. ബേഥേൽ വിശുദ്ധീകരണത്തെ കാണിക്കുന്നു. ബേഥേൽ അഭിഷേകത്തെ കാണിക്കുന്നു.

ഉല്പത്തി പുസ്തകം മുപ്പത്തി അഞ്ചാം അദ്ധ്യായത്തിന്റെ ആരംഭ വാകൃത്തിൽ നിത്യനായ ദൈവം യാക്കോബിനോട് പറയുന്നുണ്ട്.

> “അനന്തരം ദൈവം യാക്കോബിനോട്: നീ പുറപ്പെട്ടു ബേഥേലിൽ ചെന്നു പാർക്ക, നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽ നിന്ന് നീ ഓടിപ്പോകുമ്പോൾ നിനക്ക് പ്രത്യക്ഷനായ ദൈവത്തിന് അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്ന് കല്പ്പിച്ചു.”

യാക്കോബ് ബേഥേലിൽ യാഗപീഠം ഉണ്ടാക്കി. യാഗത്തിന്റെ സ്ഥലമാണ് ബേഥേൽ.

ദൈവജനമേ, ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ ശോധന ചെയ്യൂ. യാഗമായി നിങ്ങളെത്തന്നെ അർപ്പിക്കൂ. ഒരു പുതിയ തീരുമാനം എടുക്കൂ. നാഥാ, നീ ക്രൂശിൽ എനി

ക്കുവേണ്ടി തന്നെത്തന്നെ യാഗമായി അർപ്പിച്ചതുപോലെ ഞാൻ എന്നെത്തന്നെ യാഗമായി നിന്റെ പാദപീഠത്തിൽ അർപ്പിക്കുന്നു.  എന്നെ നീ കൈക്കൊള്ളണമേ.  ഈ യാഗം നീ സ്വീകരിക്കണമേ, ഈ യാഗം നീ പൂർത്തീകരിക്കണമേ, ഈ യാഗം നീ യാഥാർത്ഥ്യമാക്കേണമേ.

നാഥാ, എന്നെ നീ കൈക്കൊള്ളണമെ, എന്റെ ഈ ചെറിയ വഴിപാട് നീ കൈക്കൊള്ളണമേ, ഈ നിസ്സാരമായ നേർച്ച നീ കൈക്കൊള്ളണമേ, ഈ നിസ്സാരമായ യാഗം നീ സ്വീകരിക്കണമേ, ഈ ഏറ്റവും എളിയ സമർപ്പണത്തെ നീ അംഗീകരിച്ച് എന്നെ നീ മുദ്ര അണിയിക്കണമേ, നിന്റെ തിരുരക്തത്തിന്റെ അടയാളം എനിക്ക് തരണമേ, എന്നെ അനുഗ്രഹിക്കണമേ, തിരുനാമം മഹത്വപ്പെടുത്തണമേ.

## പതിമൂന്ന്

"അങ്ങനെ അവർ ബേഥേലിലേക്ക് പോയി. ബേഥേലിലെ പ്രവാചക ശിഷ്യന്മാർ ഏലീശ്യുടെ അടുക്കൽ പുറത്തു വന്നു അവനോട് : യഹോവ ഇന്നു നിന്റെ യജമാനനെ നിന്റെ തലയ്ക്കൽ നിന്നു എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ എന്നുചോദിച്ചു. അതിന് അവൻ : അതേ, ഞാൻ അറിയുന്നു. നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നുപറഞ്ഞു."

2 രാജാ. 2:3

ബേഥേലിലെ പ്രവാചക ശിഷ്യന്മാർ ഏലീശയെ കണ്ടപ്പോൾ അവനോട് പറഞ്ഞു: നിനക്കറിയാമോ, ദൈവം ഞങ്ങൾക്ക് ഒരു കാര്യം വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. നമ്മുടെ യജമാനനായ ഈ ഏലിയാ പ്രവാചകനെ ദൈവം എടുത്തുകൊള്ളാൻ പോവുകയാണ്. ബേഥേലിലെ പ്രവാചക ശിഷ്യന്മാർ ഏലീശയുടെ അടുക്കൽ പുറത്തുവന്ന് അവനോട് : യഹോവ ഇന്നു നിന്റെ യജമാനനെ നിന്റെ തലയ്ക്കൽ നിന്നു

എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ എന്നുചോദിച്ചു."

ഞങ്ങൾക്ക് അറിവു കിട്ടി. ഞങ്ങൾക്ക് വെളിപ്പാടു കിട്ടി, ഞങ്ങൾക്ക് പ്രവചനം കിട്ടി, ഞങ്ങൾക്ക് ദൈവം വെളിപ്പെടുത്തിത്തന്നു. ഏലിയാവിനെ ദൈവം എടുത്തുകൊള്ളാൻ പോകുന്നു എന്ന്. നിനക്കറിയാമോ അക്കാര്യം. നീ വെറുതെ പിറകെ നടക്കണ്ടാ. ഏലിയാ പ്രവാചകന്റെ പിറകെ ഇനി നടന്നിട്ട് ആവശ്യമില്ല.

ഏലിയാ പ്രവാചകന്റെ പിറകെ നടന്നാലും ഏലിയാവിനെ ദൈവം എടുക്കും, നീ ഒറ്റപ്പെട്ടു പോകും. നീ ഈ ഭൂമിയിൽ ഉപേക്ഷിക്കപ്പെടും. ഏലിയാവ് പറന്ന് മുകളിലേയ്ക്ക് പോകും. അതുകൊണ്ട് നീ ഇനിയും മുന്നോട്ട് പോകണ്ടാ, ഇനിയും പ്രവാചകന്റെ പിന്നാലെ നീ നടക്കണ്ട, ഏലീശായെ ബേഥേലിലെ പ്രവാചകശിഷ്യന്മാർ നിരുത്സാഹപ്പെടുത്തുകയാണ്.

എന്നാൽ ഏലീശാ പറഞ്ഞു: അതെ, ഞാൻ അറിയുന്നു. എനിക്കറിയാം, ഏലിയാ പ്രവാചകനെ ദൈവം എടുത്തുകൊള്ളാൻ പോവുകയാണെന്ന്. നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കാനുള്ള ദാഹോഷ്മളമായ മുന്നേറ്റത്തിൽ തടസ്സങ്ങൾ പലതും ഉണ്ടാകും. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ അതിദാഹത്തോടെ അത്യന്തം എരിവോടെ, തീക്ഷ്ണതയോടെ മുന്നോട്ടുപോകുമ്പോൾ പലരും തടഞ്ഞു എന്നുവരും. പലരും തടുത്തു എന്നുവരും. നീ ഇനിയും മുന്നോട്ടുപോകേണ്ട കാര്യം ഇല്ല എന്ന് പലരും നിരുത്സാഹപ്പെടുത്തിക്കൊണ്ട് ഉപദേശങ്ങളും പ്രബോധനങ്ങളും തന്നു എന്നുവരും.

മകനേ, പക്ഷേ നീ തളരരുത്, നീ വിടാതെ കൂടിക്കൊൾക, വിടാതെ പിൻപറ്റിക്കൊൾക.  ദൈവപൈതലേ, നിന്റെ ജീവിതത്തിൽ നിത്യനായ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കാനുള്ള അദമ്യമായ ദാഹത്തോടെ തന്നെ നീ മുന്നോട്ടു പൊയ്ക്കൊള്ളുക.

ബേഥേലിലെ പ്രവാചക ശിഷ്യന്മാർ തടഞ്ഞെങ്കിലും നിരുത്സാഹപ്പെടുത്തിയെങ്കിലും ഏലീശാ അല്പംപോലും തോറ്റു നിന്നില്ല.  ഏലീശാ അല്പംപോലും നിരുത്സാഹപ്പെട്ടില്ല. "അതേ, ഞാൻ അറിയുന്നു നിങ്ങൾ മിണ്ടാതിരിപ്പിൻ" എന്ന് ഏലീശാ പറഞ്ഞു.

പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള ദാഹത്തിന്റെ മുന്നേറ്റത്തിൽ തടസ്സങ്ങൾ വന്നാലും അതുകണ്ട് നാം മടുത്തുപോകരുത്.  തടസ്സങ്ങൾ വരുമ്പോൾ നാം പിന്മാറിപ്പോകരുത്.  നമ്മുടെ ഹൃദയം തണുത്തുപോകരുത്.  നമ്മുടെ ഉത്സാഹം മങ്ങിപ്പോകരുത്.  നമ്മുടെ ഉണർവ്വ് മയങ്ങിപ്പോകരുത്.  നാം ഉത്സാഹത്തോടെ മുന്നോട്ടു പൊയ്ക്കൊള്ളൂ.

> "ഏലിയാവ് അവനോട്: ഏലീശയേ, നീ ഇവിടെ താമസിച്ചു കൊൾക, യഹോവ എന്നെ യെരീഹോവിലേയ്ക്ക് അയച്ചിരിക്കുന്നു എന്നുപറഞ്ഞു. അതിന് അവൻ : യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നുപറഞ്ഞു. അങ്ങനെ അവർ യെരീഹോവിലേയ്ക്ക് പോയി."
>
> 2 രാജാ. 2:4

ഗിൽഗാലിൽ നിന്നു പതിനഞ്ചു മൈൽ പടിഞ്ഞാറോട്ടു ചെല്ലുമ്പോൾ ബേഥേൽ ആണ്.  എന്നാൽ ബേഥേലിൽ നിന്നു

പന്ത്രണ്ടുമൈൽ പിറകിലേയ്ക്ക് കിഴക്കോട്ടു പോകുമ്പോഴാണ് യെരീഹോ. അഥവാ ഗിൽഗാലിൽ നിന്നു മുന്നുമൈൽ പടിഞ്ഞാറോട്ടു സഞ്ചരിച്ചാൽ യെരീഹോവിൽ എത്താം.

എന്നാൽ യെരീഹോവിൽ നിൽക്കാതെ നേരെ ബേഥേലിലേക്കു പോയ പ്രവാചകൻ പിന്നേയും പിറകോട്ടു നടക്കുകയാണ്. പന്ത്രണ്ട് മൈൽ പിറകോട്ട് നടക്കുകയാണ്. ആദ്യം പതിനഞ്ചുമൈൽ പടിഞ്ഞാറോട്ട്, പിന്നെ പന്ത്രണ്ട് മൈൽ പിറകോട്ട്.

ഏലീശാ വിടുന്നില്ല. ഏലീശാ പിറകേ നടക്കുകയാണ്, തളരാതെ നടക്കുകയാണ്, മടുത്തുപോകാതെ നടക്കുകയാണ്, ക്ഷീണിച്ചുപോകാതെ നടക്കുകയാണ്.

ഏലിയാവ് പറഞ്ഞു: "ഏലീശയേ, നീ ഇവിടെ താമസിച്ചുകൊൾക, യഹോവ എന്നെ യെരീഹോവീലേയ്ക്ക് അയച്ചിരിക്കുന്നു" എന്നു പറഞ്ഞു. അതിന് അവൻ "യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല" എന്നു പറഞ്ഞു.

യെരീഹോ എന്തിനെ കാണിക്കുന്നു? യെരീഹോ വിജയത്തെ കാണിക്കുന്നു. പിടിച്ചടുക്കുന്നതിനെ കാണിക്കുന്നു. ശത്രുവിനെ ദേശം കൈയ്യടക്കുന്നതിനെ കാണിക്കുന്നു. യെരീഹോ യുദ്ധത്തിന്റെ ജയത്തെ കാണിക്കുന്നു. It is the place of battle.

ഒന്ന് – ഗിൽഗാൽ – It is the place of beginning . അത് ആരംഭത്തെ കുറിക്കുന്നു. അത് പരിച്ഛേദനയെ കുറിക്കുന്നു. Circumsition –നെ കുറിക്കുന്നു.

രണ്ട് – ബേഥേൽ എന്തിനെക്കുറിക്കുന്നു? It is the place

of altar. അത് യാഗപീഠത്തെ കുറിക്കുന്നു. അത് സമർപ്പണത്തെ കുറിക്കുന്നു. അത് പ്രതിഷ്ഠയെ കുറിക്കുന്നു. അത് ജീവിതം ക്രിസ്തുവിനായി യാഗം അർപ്പിക്കുന്നതിനെ കുറിക്കുന്നു.

മൂന്ന് – യരീഹൊ. അത് യുദ്ധങ്ങളെക്കുറിക്കുന്നു. യുദ്ധത്തിലെ ജയത്തെ കുറിക്കുന്നു. ശത്രുവിനെ കീഴടക്കുന്നതിനെ കുറിക്കുന്നു. ശത്രുവിനോടുള്ള പോരാട്ടത്തെക്കുറിക്കുന്നു. Captured – വിജയത്തെ കുറിക്കുന്നു. പിടിച്ചടക്കുന്നതിനെക്കുറിക്കുന്നു.

യോശുവയുടെ പുസ്തകം ആറാം അദ്ധ്യായം ഇരുപതാം വാക്യം വായിക്കുമ്പോൾ യെരീഹോവിനെ കീഴടക്കിയത് നമുക്ക് കാണുവാൻ സാധിക്കും. ശത്രുവിനെ കീഴടക്കി വേണം ഇനിയും മുന്നോട്ട് പോകാൻ. നിന്റെ ജീവിതത്തിൽ വ്യക്തമായ ഒരു വേർതിരിവ് വന്നു, ജാതീയമായ നിന്ദ മാറിപ്പോയി, പാപം മാറിപ്പോയി, പാപം വിട്ടുപോയി, നീ ദൈവസന്നിധിയിൽ സമർപ്പണം എടുത്തു, നിന്നെത്തന്നെ യാഗമായി അർപ്പിച്ചു. തീർന്നില്ല, ഇനിയും നിനക്കൊരു യുദ്ധമുണ്ട്.

യുദ്ധത്തിൽ നീ ജയിക്കണം. പരിശുദ്ധാത്മാവിന്റെ ഇരട്ടിപങ്കു നീ പ്രാപിക്കുവാൻ യെരീഹോവിന്റെ അനുഭവം നീ പ്രാപിക്കണം. യുദ്ധത്തിൽ ജയിക്കണം. ശത്രു സൈന്യത്തോട് യുദ്ധം ചെയ്ത് നീ ജയിക്കണം. ശത്രുവിനോടുള്ള പോരാട്ടത്തിൽ ജയം പ്രാപിക്കണം. ശത്രുവിനോടുള്ള പോരാട്ടത്തിന്റെ ആയുധങ്ങൾ വാളും കുന്തവും അല്ല, ശത്രുവിനോടുള്ള പോരാട്ടത്തിന്റെ ആയുധം സ്തുതിയാണ്. സ്തോത്രമാണ് ആയുധം, ദൈവത്തിനുള്ള ആരാധനയാണ് ആയുധം, ദൈവത്തെ സ്തുതിക്കുകയാണ് ആയുധം.

ദൈവത്തെ സ്തുതിക്കുന്ന ആയുധം കയ്യിൽ ഏന്തിക്കൊണ്ട് ദൈവത്തെ സ്തുതിക്കുന്ന ശബ്ദത്തിന്റെ മധുരിമ നാവിൽ പേറിക്കൊണ്ട് ദൈവജനം യെരീഹോവിനെ ചുറ്റി നടക്കുകയാണ്. ഒന്നാം ദിവസം ഒരു പ്രാവശ്യം ചുറ്റിനടന്നു. രണ്ടാം ദിവസം ഒരു പ്രാവശ്യം ചുറ്റി നടന്നു. ആറു ദിവസവും ഓരോ പ്രാവശ്യം ചുറ്റി നടന്നിട്ട് അവർ പാളയങ്ങളിലേക്ക് മടങ്ങി.

യെരീഹോ കോട്ടയുടെ മുകളിൽ നിന്നുകൊണ്ട് യെരീഹോ നിവാസികൾ പരിഹസിച്ചു. ഒറ്റ ആയുധം പോലും കയ്യിൽ ഇല്ലാതെ നിശബ്ദരായി, ശാന്തമായി നടക്കുന്ന ദൈവജനത്തെക്കണ്ട് യെരീഹോ നിവാസികൾ പരിഹസിക്കുകയും, ആക്ഷേപിക്കുകയും നിന്ദിക്കുകയും ചെയ്തു.

എന്നാൽ ഏഴാം ദിവസം ഒരു പ്രാവശ്യം ചുറ്റി, ദൈവം കല്പിച്ചു രണ്ടാം പ്രാവശ്യം ചുറ്റി, ഏഴു പ്രാവശ്യം ചുറ്റി, ഏഴാമത്തെ പ്രാവശ്യം ചുറ്റിയപ്പോൾ യഹോവയ്ക്കുവേണ്ടി ആർപ്പിട്ടു ജനം ദൈവത്തെ സ്തുതിച്ചു. ജനം ദൈവത്തെ ആർപ്പോടെ ആഘോഷത്തോടെ സ്തുതിച്ചു. ആരാധന ഉയർന്നു. സ്തുതിയുടെ ശബ്ദം ഉയർന്നപ്പോൾ, ദൈവീക ആരാധന ഉയർന്നപ്പോൾ, സ്തുതിയും സ്തോത്രവും ഉയർന്നപ്പോൾ അപ്പോൾ കോട്ട മതിൽ താഴോട്ടു താഴോട്ടു ഇടിഞ്ഞിടിഞ്ഞ് അത് മണ്ണിലേക്ക് താണുതാണുപോയി.

കോട്ടമതിലിന്റെ മുകളിൽ വീടുവച്ചു പാർപ്പാൻ തക്കവണ്ണം അത്ര ബൃഹത്തും മഹത്തും ആയിരുന്ന വിപുലസന്നാഹമുണ്ടായിരുന്ന ആ കോട്ട തകർന്നടിഞ്ഞു വീണ് ഉടയുകയല്ല ചെയ്തത്. അത് ഭൂമിയിലേക്ക് താണുതാണുപോയി. കോട്ട ഇല്ലാതായി കോട്ട നിശ്ശേഷം തകർന്നു. യെരീഹോ

കോട്ട നാമാവശേഷമായി.

ദൈവജനമേ, ദൈവത്തിന്റെ മക്കൾക്കു പോകുവാൻ വഴി തുറക്കുന്നതാണ് യെരീഹോവിന്റെ അനുഭവം. ദൈവമക്കൾക്കുവേണ്ടി ദൈവം വിഘ്നങ്ങളെ തകർക്കുന്നതാണ് യെരീഹോവിന്റെ അനുഭവം. ദൈവമക്കൾക്കു പോകുന്നതിനുവേണ്ടി നിത്യനായ ദൈവം തടസ്സങ്ങൾ മാറ്റുന്നതാണ് യെരീഹോവിന്റെ അനുഭവം.

ശത്രു നിരയുടെ നേരെ കയറിച്ചെല്ലുവാനുള്ള വഴികൾ ദൈവം തുറന്നു തരുന്നതാണ് യെരീഹോവിന്റെ അനുഭവം. ഗിൽഗാലിൽ തുടങ്ങി നിന്ദ മാറി, ബേഥേലിൽ എത്തി യാഗപീഠ ഒരുക്കി, യെരീഹോവിൽ എത്തി ശത്രുനിരയെ കയ്യടക്കി, ശത്രുവിനെ പിടിച്ചു, ശത്രുവിന്റെ ദേശം പിടിച്ചു, ശത്രുവിന്റെ സമ്പത്തു പിടിച്ചു, ശത്രുവിനെ തോൽപിച്ചു.

ദൈവജനമേ, ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. ജയിക്കുവാൻ, ജയവീരനായ ക്രിസ്തുവിനോട് ചേർന്ന് നിൽക്കുവിൻ. ജയിപ്പിക്കുന്നവനോട് ചേർന്ന് നിൽക്കുവിൻ. പാപത്തിന്റെ മേൽ ജയം കൊണ്ടാടുവിൻ, പൈശാചീകന്റെ മേൽ ജയഘോഷം കൊണ്ടാടുവിൻ, പാമ്പുകളേയും തേളുകളേയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു എന്നല്ലയോ നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നത്.

ശത്രുവിന്റെ തല ചവിട്ടി മെതിക്കുവാനുള്ള അധികാരം നിത്യനായ ദൈവം നമുക്ക് തന്നിരിക്കുകയാണ്. ഭൂതങ്ങൾ നമുക്ക് കീഴടങ്ങുകയാണ്. പൈശാചിക സേനകൾ വിഭ്രമിച്ചു പലായനം ചെയ്യുകയാണ്.

ദൈവപൈതലേ, നിന്നെത്തന്നെ സമർപ്പിക്കൂ. ജയവീരനാകൂ, ജയമെടുക്കൂ. പാപത്തെ ജയിച്ചു കീഴടക്കിക്കൊണ്ട് സാത്തനെ തോല്പിച്ചു കീഴടക്കിക്കൊണ്ട് മുന്നേറൂ. അപ്പോൾ ഇരട്ടി പങ്കു ശക്തി, ആത്മാവിന്റെ ഇരട്ടി പങ്ക് നിനക്കു ലഭിക്കും. അനുഗ്രഹത്തിന്റെ സമൃദ്ധി നിനക്കു ലഭിക്കും. നിന്നെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ.

## പതിനാല്

"ഏലിയാവ് അവനോട്, ഏലീശയെ നീ ഇവിടെ താമസിച്ചു കൊൾക, യഹോവ എന്നെ യെരീഹോവിലേയ്ക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു. അതിന് അവൻ യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നുപറഞ്ഞു. അങ്ങനെ അവർ യെരീഹോവിലേയ്ക്കുപോയി. യെരീഹോവിലെ പ്രവാചക ശിഷ്യന്മാർ ഏലീശയുടെ അടുക്കൽ വന്ന് അവനോട് : യഹോവ ഇന്നു നിന്റെ യജമാനനെ നിന്റെ തലയ്ക്കൽ നിന്നു എടുത്തുകൊള്ളും എന്നു നീ അറിയുന്നുവോ എന്നുചോദിച്ചു, അതിന് അവൻ : അതേ ഞാൻ അറിയുന്നു, നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു. ഏലിയാവ് അവനോട് : നീ ഇവിടെ താമസിച്ചുകൊൾക, യഹോവ എന്നെ യോർദ്ദാങ്കലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു; അതിന് അവൻ : യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നു പറ

ഞ്ഞു. അങ്ങനെ അവർ ഇരുവരും കൂടെപ്പോയി.”

2 രാജാ. 2 : 4–6

“പ്രവാചക ശിഷ്യന്മാരിൽ അമ്പതുപേർ ചെന്നു അവർക്കെതിരെ ദൂരത്തുനിന്നു. ഏലിയാവും ഏലീശായും യോർദ്ദാന്നരികെ നിന്നു. അപ്പോൾ ഏലിയാവ് തന്റെ പുതപ്പ് എടുത്തുമടക്കി വെള്ളത്തെ അടിച്ചു. അത് അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു, അങ്ങനെ അവർ ഇരുവരും ഉണങ്ങിയ നിലത്തുകൂടി അക്കരയ്ക്കു കടന്നു.”

2 രാജാ. 2:7–8

യോർദ്ദാനിലേക്ക് പോവുകയാണ്. ഗിൽഗാലിൽ നിന്ന് ബേഥേലിലേയ്ക്ക് ബേഥേലിൽ നിന്ന് യെരീഹോവിലേയ്ക്ക് യെരീഹോവിൽ നിന്ന് യോർദ്ദാനിലേയ്ക്ക്.

ഗിൽഗാലിൽ നിന്ന് പതിനഞ്ച് മൈൽ പടിഞ്ഞാറോട്ട് ബേഥേലിലേയ്ക്ക്. ബേഥേലിൽ നിന്ന് തിരിഞ്ഞു പിറകോട്ടു, കിഴക്കോട്ട് പന്ത്രണ്ട് മൈൽ യെരീഹോവീലേയ്ക്ക്. യെരീഹോവിൽ നിന്ന് വീണ്ടും കിഴക്കോട്ട് അഞ്ചുമൈൽ യോർദ്ദാനിലേയ്ക്ക്. എന്നു പറഞ്ഞാൽ ഗിൽഗാലിൽ നിന്ന് കേവലം രണ്ടു മൈൽ മാത്രം കിഴക്കോട്ടു പോകുമ്പോൾ യോർദ്ദാനായി.

അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. പതിനഞ്ചു മൈൽ ആദ്യം പടിഞ്ഞാറോട്ട്, പിന്നെ പന്ത്രണ്ട് മൈൽ പിറകോട്ട്. പിന്നെ വീണ്ടും ഒരു അഞ്ച് മൈൽകൂടി പിറകോട്ട്, അങ്ങനെ തുടങ്ങിയ ഇടത്തു നിന്നു കേവലം രണ്ടുമൈൽ

കിഴക്കുമാറി യോർദ്ദാങ്കൽ അവർ എത്തി.

മടുത്തുപോകാം, ആർക്കും മടുത്തുപോകാം. ഈ യാത്ര മടുപ്പിക്കുന്ന യാത്രയാണ്. അങ്ങോട്ടുപോയി തിരികെ ഇങ്ങോട്ടു നടക്കുന്നു. ലക്ഷ്യമില്ലാത്ത യാത്രപോലെ തോന്നാം. ദൈവത്തിന്റെ പരിശുദ്ധാത്മാവിനുവേണ്ടിയുള്ള ദാഹത്തോടെയുള്ള നടപ്പ് മനുഷ്യർക്ക് പരിഹാസ്യമായി തോന്നാം.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ ദാഹിക്കുന്ന ദൈവപൈതലിന്റെ ഉദ്വേഗവും ആവേശവും പലപ്പോഴും പലർക്കും അത് നിന്ദ്യമായി തോന്നാം, പരിഹാസ്യമായി തോന്നാം. ഹാസ്യാത്മകമായി തോന്നാം, പലരും കൈകൊട്ടിചിരിച്ചു എന്നുവരാം, പരിഹസിച്ചു ചുച്ഛിച്ചു കളിയാക്കി എന്നുവരാം.

എന്നാൽ ദൈവപൈതലേ, നിരാശപ്പെടേണ്ട, ഏലീശാ നിരാശപ്പെട്ടില്ല. ഏലീശാ മടുത്തു പോയില്ല. യെരീഹോവിൽ നിന്ന് അഞ്ചുമൈൽ കിഴക്കോട്ട് ഏലിയാവ് പോയപ്പോൾ കൂടെ ഏലീശാ പോകുകയാണ്. യെരീഹോവിലെ പ്രവാചക ശിഷ്യന്മാരും ഈ ഏലീശായെ തടുത്തു നോക്കി, ഏലീശായെ മടുപ്പിച്ചുനോക്കി. യജമാനനെ, ഇന്നു പ്രവാചകനായ ഏലിയാവിനെ ദൈവം നിങ്കൽ നിന്ന് എടുത്തുകൊള്ളും എന്ന് നീ അറിയുന്നുവോ എന്ന് ചോദിച്ചു. ഞങ്ങൾക്കങ്ങനെ വെളിപ്പെട്ടു കിട്ടിയിട്ടുണ്ട്. നിനക്കത് അറിയാമോ എന്നുചോദിച്ചു.

ഉവ്വ്, ഞാൻ അറിയുന്നു, നിങ്ങൾ മിണ്ടാതിരിപ്പിൻ എന്ന് ഏലീശാ അവരോട് പറഞ്ഞു. നീ പോരേണ്ടാ, നീ യെരീഹോവിൽ തന്നെ നിന്നുകൊള്ളൂ എന്ന് ഏലിയാവ് പറഞ്ഞു.

യഹോവയാണ, നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു.

“ഏലീയാവ് അവനോട്: നീ ഇവിടെ താമസിച്ചുകൊൾക, യഹോവ എന്നെ യോർദ്ദാങ്കലേക്ക് അയച്ചിരിക്കുന്നു എന്നു പറഞ്ഞു. അതിന് അവൻ : യഹോവയാണ, നിന്റെ ജീവനാണ, ഞാൻ നിന്നെ വിടുകയില്ല എന്നു പറഞ്ഞു. അങ്ങനെ അവർ ഇരുവരും കൂടെപ്പോയി.

ഗിൽഗാൽ – It is the place of Beginning. അത് ആരംഭത്തിന്റെ സ്ഥലമാണ്. നിന്ദമാറിയ സ്ഥലമാണ്.

ബേഥേൽ – It is the place of Altar. അത് യാഗപീഠത്തിന്റെ സ്ഥലമാണ്. ആരാധനയുടെ സ്ഥലമാണ്.

യെരീഹോ – It is the place of Battle,. യുദ്ധങ്ങളുടെ സ്ഥലമാണ്. വിജയത്തിന്റെ സ്ഥലമാണ്.

യോർദ്ദാൻ – It is the place of Death. അത് മരണത്തിന്റെ സ്ഥലമാണ്.

അത് ''Crucifiction'' ന്റെ സ്ഥലമാണ്. ക്രൂശീകരണത്തിന്റെ സ്ഥലമാണ്. പഴയ മനുഷ്യൻ മരിക്കുന്നതിനെ ചിത്രീകരിക്കുകയാണ്. പഴയ മനുഷ്യൻ മരിക്കുന്നതിനെ അത് രൂപകാത്മക ഭാഷയിൽ ദൃഷ്ടാന്തവൽക്കരിക്കുകയാണ്.

ദൈവജനമേ, പഴയ മനുഷ്യൻ മരിച്ച് ഒരു പുതിയ മനുഷ്യൻ അക്കരെ ഉയർത്തെഴുന്നേൽക്കുകയാണ്. ക്രൂശീകരണവും ഉയർത്തെഴുന്നേൽപും നടക്കുകയാണ്.

നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനെ പ്രാപിക്ക

ണമെങ്കിൽ പഴയ മനുഷ്യൻ ക്രൂശിക്കപ്പെടണം. ഗലാത്യലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് അതിനെക്കുറിച്ച് പറയുന്നുണ്ട്.

> "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."
>
> ഗലാ. 2:20

എന്റെ പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു എന്നു പറയുന്നു. എന്റെ self, എന്റെ സ്വയം ക്രൂശിക്കപ്പെട്ടു. എന്റെ ego ക്രൂശിക്കപ്പെട്ടു, ഞാൻ എന്ന ഞാൻ ക്രൂശിക്കപ്പെട്ടു. ഇതാ ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

വീണ്ടും അപ്പസ്തലൻ പറയുന്നു.

> ''ക്രിസ്തു യേശുവിന്നുള്ളവൻ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു."
>
> ഗലാ. 5:24

സ്വയം ക്രൂശിക്കപ്പെടുന്നു. ജഡം ക്രൂശിക്കപ്പെടുന്നു. മൂന്നാമത് ഒന്നുകൂടി ക്രൂശിക്കപ്പെടുന്നു. ലോകം ക്രൂശിക്കപ്പെടുന്നു.

> "എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു."
>
> ഗലാ. 6:14

ലോകം ക്രൂശിക്കപ്പെട്ടിരിക്കുന്നു. അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പഴയ മനുഷ്യൻ മരിക്കുകയാണ്. കൊരിന്ത്യർക്കെഴുതിയ രണ്ടാമത്തെ ലേഖനത്തിൽ നാം കാണുന്നു.

> “എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയിർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.”
>
> 2 കൊരി. 5:14–15

എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ, കർത്താവായ യേശു എല്ലാവർക്കും വേണ്ടി മരിച്ചിരിക്കെ, നാം എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു. ഉയർത്തവനായിട്ടു തന്നെ ജീവിക്കേണ്ടതിന്നു അവൻ നമുക്കെല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു എന്നാണ് അപ്പൊസ്തലൻ പറയുന്നത്.

അതേ, പഴയ മനുഷ്യൻ ക്രൂശിക്കപ്പെടുന്നു. ജഡം ക്രൂശിക്കപ്പെടുന്നു, ലോകം ക്രൂശിക്കപ്പെടുന്നു, സ്വയം ക്രൂശിക്കപ്പെടുന്നു. ഒരു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കുന്നു. പഴയ മനുഷ്യൻ മരിച്ചു. പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കുന്നു. അതാണ് യോർദ്ദാൻ നൽകുന്ന പാഠം.

യോർദ്ദാനിലേക്ക് അടുത്തു ചെന്നപ്പോൾ വെള്ളം കര

കവിഞ്ഞൊഴുകുകയാണ്. യോർദ്ദാനാറ് കര കവിഞ്ഞൊഴുകുന്ന നദിയാണ്. ഏലിയാവ് നിന്നു. ഏലിയാവ് എന്തു ചെയ്തു? ഏലിയാവിന്റെ കയ്യിലെ പുതപ്പ് എടുത്ത് വെള്ളത്തെ അടിച്ചു. പരിശുദ്ധാത്മാവിന്റെ അത്ഭുത ശക്തി അവിടെ പ്രവഹിച്ചു.

പരിശുദ്ധാത്മാവിന്റെ അത്ഭുതശക്തി സ്രഷ്ടാവിന്റെ സ്വർഗ്ഗീയ ശക്തി അവിടെ പ്രവഹിച്ചു. വെള്ളം രണ്ടുവശത്തേക്കും പിരിഞ്ഞു. പനമ്പു തെറുക്കുന്നതുപോലെ, പായ തെറുക്കുന്നതുപോലെ രണ്ടു വശത്തേക്കും വെള്ളം പിരിഞ്ഞു അകന്നു.

പെരുവെള്ളം ദൈവമക്കളുടെ മുന്നിൽ വഴിമാറി. കാരണം, ദൈവമക്കളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അധിവസിക്കുന്നു. തടസ്സം മാറും. മകനെ, നിന്റെ മുന്നിലുള്ള തടസ്സം മാറും, എല്ലാം പനമ്പുപോലെ തെറുത്തുമാറും, എല്ലാം പായ്പോലെ തെറുത്തുനീങ്ങും. ഒന്നേ വേണ്ടൂ, പരിശുദ്ധാത്മാവിന്റെ നിറവ് നിനക്കുണ്ടായിരിക്കണം.

പരിശുദ്ധാത്മാവിന്റെ നിറവിൻ ദൈവത്തെ സ്തുതിപ്പാൻ നിനക്ക് കഴിഞ്ഞിരിക്കണം. യോർദ്ദാനിലെ വെള്ളം, പെരുവെള്ളം പിരിഞ്ഞുമാറി. ദൈവമക്കൾ അക്കരയ്ക്ക് കടന്നു. യോർദ്ദാന്റെ മറുകര കടന്നു. മരണ യോർദ്ദാൻ കടന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ യോർദ്ദാന്റെ അനുഭവം നീ പ്രാപിച്ചിട്ടുണ്ടോ? പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു എന്ന അനുഭവം നീ പ്രാപിച്ചിട്ടുണ്ടോ? ഒരു പുതിയ മനുഷ്യനായിട്ട് ഞാൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്നു പറയുവാൻ നിനക്ക് കഴിയുമോ? പഴയ മനുഷ്യനെ അവന്റെ പ്രവൃത്തി

കളോടു കൂടെ ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിച്ചു കൊള്ളുവിൻ എന്ന് അപ്പൊസ്തലനായ പൗലോസ് എഫെസ്യ ലേഖനം നാലാം അദ്ധ്യായത്തിന്റെ 22 മുതൽ 24 വരെയുള്ള വാക്യത്തിൽ പറയുന്നുണ്ട്.

പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞു കളയുവിൻ എന്ന്, പഴയ മനുഷ്യനെ ക്രൂശിപ്പിൻ എന്ന്. റോമർ ലേഖനം ആറാം അദ്ധ്യായത്തിലും അതുതന്നെ പറയുന്നു. പഴയ മനുഷ്യൻ മരിച്ചു. പഴയ മനുഷ്യനെ അടക്കി പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു എന്ന് അപ്പൊസ്തലൻ അവിടെ പറയുന്നു.

ദൈവജനമേ, ഒരു കാര്യം കൃത്യമായിട്ട് ഓർക്കുവിൻ, പഴയ മനുഷ്യൻ മരിച്ചു പുതിയ മനുഷ്യൻ ഉയിർത്തെഴു ന്നേൽക്കുന്ന born again experience ഇല്ലെങ്കിൽ സ്വർഗ്ഗരാജ്യ ത്തിൽ നീ പ്രവേശിക്കുകയില്ല. നീ വീണ്ടും ജനനം പ്രാപി ക്കുന്നില്ലെങ്കിൽ, പുതുതായി ജനിച്ചില്ല എങ്കിൽ, ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്ന് നമ്മുടെ കർത്താവ് പറഞ്ഞിരിക്കുന്നു.

വീണ്ടും ജനനത്തിന്റെ അനുഭവം, ഒരു പുതിയ സൃഷ്ടിയാകുന്ന അനുഭവം, അതിനായി നിന്നെത്തന്നെ സമർപ്പിക്കുവിൻ. പാപത്തെ ഉപേക്ഷിപ്പിൻ, യോർദ്ദാൻ കടക്കുവിൻ. ആത്മാവിൽ പഴയതെല്ലാം മരിച്ചു എന്ന് അനുഭവിച്ചുകൊണ്ട് ഒരു പുതിയ മനുഷ്യനായി ജീവി ക്കുവിൻ.

> “ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു: പഴയതു കഴിഞ്ഞുപോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു. അതി

ന്നൊക്കെയും ദൈവം തന്നേ കരാണ ഭൂതൻ.”

2 കൊരി. 5:17–18

ഒരു പുതിയ സൃഷ്ടിയായി, ഒരു പുതിയ മനുഷ്യനായി, കോപം മാറി, വാശി മാറി, വഴക്ക് മാറി, മദ്യപാന ദുശ്ശീലങ്ങൾ മാറി, കൊള്ളരുതായ്മകൾ മാറി, വൈരാഗ്യങ്ങൾ മാറി, പകയും വിദ്വേഷവും മാറി, പ്രതികാര ചിന്തകൾ മാറി, ദ്രവ്യാഗ്രഹം മാറി, അഹങ്കാരം മാറി, സ്വാർത്ഥത മാറി, പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു പുതിയ മനുഷ്യൻ ഉയർത്തെഴുന്നേൽക്കുന്ന മഹാശോഭനവും ഭാഗ്യവുമായ അനുഭവത്തിലേക്ക് ഓരോരുത്തരും കടന്നുവരുവിൻ.

## പതിനഞ്ച്

"അവൻ സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു, അങ്ങനെ ഏലീയാവ് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേക്ക് കയറി. ഏലീശാ അതുകണ്ടിട്ട് : എന്റെ പിതാവേ, എന്റെ പിതാവേ, ഇസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു, പിന്നെ അവനെ കണ്ടില്ല; അപ്പോൾ അവൻ തന്റെ വസ്ത്രം പിടിച്ചു രണ്ടു ഖണ്ഡമായി കീറിക്കളഞ്ഞു. പിന്നെ അവൻ ഏലിയാവിന്മേൽ നിന്നു വീണ പുതപ്പ് എടുത്ത് മടങ്ങിച്ചെന്നു യോർദ്ദാന്നരികെ നിന്നു. ഏലിയാവിന്മേൽ നിന്നു വീണ പുതപ്പുകൊണ്ട് അവൻ വെള്ളത്തെ അടിച്ചു: ഏലിയാവിന്റെ ദൈവമായ യഹോവ എവിടെ എന്നു പറഞ്ഞു."

2രാജാ. 2:11–14

ഏലിയാവിനെ ദൈവം ചുഴലിക്കാറ്റിൽ എടുക്കുകയാണ്

സ്വർഗ്ഗത്തിലേക്ക്. നിത്യനായ ദൈവം ഏലിയാവിനെ തന്റെ ജീവസാന്നിധ്യത്തിലേക്ക് സ്വീകരിക്കുകയാണ്, കൈക്കൊള്ളുകയാണ്.

ഏലിയാവ് ചുഴലിക്കാറ്റിൽ എടുക്കപ്പെടുന്നതിന് മുമ്പ് ഏലീശായോടു ചോദിച്ചു: “നീ എന്റെ പിന്നാലെ ഇങ്ങനെ വരുന്നത് എന്തിന്? ഞാൻ നിങ്കൽ നിന്ന് എടുത്തുകൊള്ളപ്പെടും മുമ്പെ ഞാൻ നിനക്ക എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക” എന്നു പറഞ്ഞു.

ഏലീശാ പറഞ്ഞു: എനിക്ക് ഒന്നേ ഒന്നുമാത്രം മതി, നിന്റെ ആത്മാലിൽ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടെ എന്നു പറഞ്ഞു. അതിന് അവൻ : നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്. ഞാൻ നിങ്കൽ നിന്ന് എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെയുണ്ടാകും, അല്ലെന്ന് വരികിൽ ഉണ്ടാകയില്ല എന്നു പറഞ്ഞു. അവർ സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ അഗ്നിരഥവും അഗ്ന്യശ്വങ്ങളും വന്ന് അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലീയാവ് ചുഴലിക്കാറ്റിൽ സ്വർഗ്ഗത്തിലേയ്ക്ക് കയറി. ഏലീശാ അതുകണ്ടിട്ട് – എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളികളും എന്നു നിലവിളിച്ചു.

ഏലിയാവിനെ ഏലീശാ കാണുന്നത് യിസ്രായേലിന്റെ തേരും തേരാളികളും ആയിട്ടാണ്. യിസ്രായേൽ ദേശത്തെ മഹാസൈന്യ സന്നാഹം, അതിനു തുല്ല്യമായിട്ടാണ് ഏലിയാവ് എന്ന ഏക പ്രവാചകനെ ഏലീശാ കാണുന്നത്.

ഏലിയാവ് എന്ന ആ ഒരു പ്രവാചകൻ, യിസ്രായേൽ ദേശത്തെ ആ മഹാസൈന്യം, നിസ്തൂലവും ബഹുലവുമായ

ആ മഹാസൈന്യം മുഴുവനും– അതിന് തുല്യമായിട്ടാണ് ഏലിയാവിനെ ഏലീശാ കാണുന്നത്. "യിസ്രായേലിന്റെ തേരും തേരാളികളും–ഏലിയാവിനെ അങ്ങനെയാണ് കാണുന്നത്.

പിൽക്കാലത്ത് ഏലീശായെ അങ്ങനെയാണ് രാജാവ് കണ്ടു വിളിക്കുന്നത്. യോവാശ് രാജാവ് ഏലീശായുടെ മുഖത്തിൽ മീതെ കുനിഞ്ഞു കരഞ്ഞുകൊണ്ടു പറഞ്ഞു.

> "എന്റെ പിതാവേ, എന്റെ പിതാവേ യിസ്രായേലിന്റെ തേരും തേരാളികളുമായുള്ളോവേ എന്നു പറഞ്ഞു."
>
> 2 രാജാ. 13:14

ഏലീശാ പ്രവാചകനേയും അങ്ങനെ തന്നെയാണ് രാജാവ് കണ്ടത്. ദേശത്തെ മഹാസൈന്യം പോലെ ദേശത്തിന്റെ കാവൽക്കാരാണ് പ്രവാചകന്മാർ. ദേശത്തെ മഹാസൈന്യം ദേശത്തെ ശത്രുവിൽ നിന്ന് സംരക്ഷിക്കുന്നതു പോലെ ദേശത്തെ കാവൽ ചെയ്യുന്ന കാവൽക്കാരാണ് പ്രവാചകന്മാർ.

യിസ്രായേലിന്റെ തേരും തേരാളികളുമായി ഏലിയാവിനെ ഏലീശാ കണ്ടു. എന്നാൽ ഏലീശയെക്കുറിച്ച് യിസ്രായേലിന്റെ തേരും തേരാളികളും എന്നു, മഹാസൈന്യത്തിന് തുല്യമായി, യോവാശ് രാജാവ് കണ്ടു, കരഞ്ഞുകൊണ്ട് പറഞ്ഞു. "എന്റെ പിതാവേ, എന്റെ പിതാവേ, യിസ്രായേലിന്റെ തേരും തേരാളിയുമായുള്ളോവേ" എന്ന് വിളിച്ചു പറഞ്ഞു."

ദൈവജനമേ, ദേശത്തിന്റെ കാവൽക്കാരായി നിൽക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? ജീവനുള്ള ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്ന കാവൽക്കാരായി നിൽക്കാൻ

നിങ്ങൾക്ക് താല്പര്യമുണ്ടോ? ദേശത്തിന്റെ നേരെ വാൾ വരുമ്പോൾ, വാൾ വരുന്നു എന്ന് വിളിച്ചു പറഞ്ഞ്, ജനത്തെ ഓർമ്മപ്പെടുത്തി, ജനത്തിന് വരുന്ന മഹാനാശം തടുക്കുവാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? സമയം വിളിച്ചറിയിക്കാൻ അതിനുള്ള കാവൽക്കാരായി നിൽക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ?

യെരൂശലേമിന്റെ മതിലിന്മേൽ കാവൽക്കാരെ ആക്കിയിരുന്നു. അവർ യാമം യാമം തോറും സമയം വിളിച്ചു അറിയിക്കേണ്ടിയിരുന്നു. അതുപോലെ ദേശത്തിന്റെ കാവൽക്കാരായി നിൽപാൻ നിങ്ങൾക്ക് താൽപര്യം ഉണ്ടോ? (യെശയ്യാ 62:6, 21:11, 52:8 – യിരമ്യ. 6:17 – യെഹ.3:17, 33:2,7– ഉത്തമഗീതം 5:7)

ത്യാഗം സഹിച്ച് ദൈവത്തിന്റെ ശുശ്രൂഷകരായി നിന്നാൽ, ദൈവജനത്തേയും ദേശത്തേയും കാവൽ ചെയ്യുന്ന മഹാസൈന്യത്തിന് തുല്യമായി ദൈവം നിങ്ങളെ മാനിക്കും, ദൈവം നിങ്ങളെ പരിപാലിക്കും. ദൈവം നിങ്ങളെ ഉപയോഗിക്കും. ദൈവം നിങ്ങളിൽ അമിതബലം പകരും. “ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ.”

കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവാൻ ദൈവം നമുക്ക് കൃപതരും. ഏലിയാവ് ചുഴലിക്കാറ്റിൽ എടുക്കപ്പെട്ടു. അന്തിമകാലം ഏലിയാവ് ചുഴലിക്കാറ്റിൽ പറന്ന് ഉയരുകയാണ്.

ദൈവപൈതലേ, നീയും ക്രിസ്തുവിന്റെ ഒരു വിശുദ്ധനായി നിന്നാൽ ഒരുനാൾ കർത്താവായ യേശു വീണ്ടും വരുമ്പോൾ, കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ

അവന്റെ മദ്ധ്യാകാശത്തിലെ എഴുന്നള്ളത്തിൽ നീയും പറന്ന് ഉയരും.

നീ വിശുദ്ധനായി ഈ ഭൂമിയിൽ ജീവിച്ചെങ്കിൽ, ക്രിസ്തുവിന്റെ തിരുരക്തത്തിൽ കഴുകപ്പെട്ടവനായി, നീ യാഗമർപ്പിച്ചവനായി, നീ ശത്രുവിനെ ജയിച്ചവനായി, ശത്രുവിനോടുള്ള പോരാട്ടത്തിൽ ജയം പ്രാപിച്ചവനായി, നീ വിശുദ്ധീകരണം അനുഭവിച്ചവനായി, ദൈവാത്മാവിനെ പ്രാപിച്ചവനായി പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടവനായി. ദൈവപൈതലേ, നീ ഒരു വിശുദ്ധനായി ജീവിച്ചു കടന്നുപോയി എങ്കിൽ മകനേ, നീ കർത്താവിന്റെ രണ്ടാമത്തെ വരവിൽ കല്ലറയിൽ നിന്ന് ഉയർത്തെഴുന്നേറ്റ് വരികയും വിശുദ്ധന്മാർ പറന്നുയരുന്ന ആ കൂട്ടത്തിൽ നീയും പറന്നുയരുകയും ചെയ്യും.

അല്ല, നീ ഭൂമിയിൽ ജീവനോടുകൂടി ഇരിക്കുമ്പോഴാണ് കർത്താവായ യേശു വീണ്ടും വരുന്നതെങ്കിൽ യേശുവിന്റെ ആ ഗംഭീര കാഹള ധ്വനി കേട്ടുകൊണ്ട് കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുമ്പോൾ മകനേ, നീ രൂപാന്തരം പ്രാപിച്ചു, ആത്മശരീരം പ്രാപിച്ചു, നീ വിശുദ്ധന്മാരുടെ നിരയിൽ പറന്നുയരും. മദ്ധ്യാകാശത്തിൽ യേശുവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും.

മൃതരെ ജീവിപ്പിപ്പാൻ എഴുന്നെള്ളുന്ന രാജാവ് മുകിലഴകിന്മേൽ ആഘോഷിതനായിടുന്നു. ആകാശ മേഘങ്ങളുടെ ശോഭയിന്മേൽ രാജാധിരാജൻ എഴുന്നെള്ളി വരുന്നു. അന്ന് നീതിമാന്മാർ മാത്രം, നയവാന്മാർ മാത്രം. തൻ മുൻകൊമ്പിൻ നാദം കേട്ടിട്ട്, തന്റെ വരവിന്റെ മുൻപുള്ള കാഹളനാദം കേട്ടിട്ട്, അങ്കി അണിഞ്ഞ് എതിരേല്പാനായി പറന്നുയരും.

ദൈവപൈതലേ, അതാണ് നമ്മുടെ മഹത്വകരമായ പ്രത്യാശ. ഇന്നിവിടെ കണ്ണുനീരുണ്ട്, ഇന്നിവിടെ ദുരിതം ഉണ്ട്, ഇന്നിവിടെ യാതന ഉണ്ട്, ഇന്നിവിടെ വേദന ഉണ്ട്, ഇന്നിവിടെ പ്രശ്നങ്ങളുണ്ട്, ഇന്നിവിടെ പ്രതിസന്ധികളുണ്ട്. എന്നാൽ മകനേ, പ്രിയമകളേ, ഈ കഷ്ടതയില്ലാത്ത നാട്ടിലേക്ക് നിന്നെ സ്വീകരിപ്പാൻ നിന്റെ നാഥൻ മടങ്ങിവരും.

അവൻ സ്വർഗ്ഗസന്തോഷത്തിലേയ്ക്കും, സ്വർഗ്ഗതേജസ്സിലേയ്ക്കും, സ്വർഗ്ഗമഹത്വത്തിലേയ്ക്കും നിന്നെ കൈക്കൊള്ളുവാൻ വീണ്ടും വരും. അവൻ വരുമ്പോൾ മദ്ധ്യാകാശത്തിലേയ്ക്ക് പറന്നുയരാം.

ഏലിയാവ് ചുഴലിക്കാറ്റിൽ പറന്നുയർന്നതുപോലെ നമുക്കും പറന്നുയരാം. പ്രിയപ്പെട്ടവരേ, വിശുദ്ധരായിക്കൊള്ളൂ. വിശുദ്ധന്മാർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാണ്. അവർ അത്രേ ഭാഗ്യവാന്മാർ.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു എന്ന് വെളിപ്പാടു പുസ്തകം ഇരുപതാം അദ്ധ്യായം ആറും ഏഴും വാക്യങ്ങൾ പറയുന്നു.

ദൈവജനമേ, ഇപ്പോൾ നിങ്ങൾ ശ്രദ്ധിക്കൂ. ഒന്നാമത്തെ പുനരുത്ഥാനത്തിൽ വിശുദ്ധന്മാരുടെ ആ നിരയിൽ എനിക്കു നിൽക്കാൻ സാധിക്കുമോ? അതിനായി ഞാൻ ഒരു വിശുദ്ധൻ ആയോ? ഇല്ലെങ്കിൽ പ്രിയമകനേ, പ്രിയമകളേ, ഇപ്പോൾത്തന്നെ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുപ്പ് നീ പ്രാപിക്കൂ. ക്രിസ്തുവിന്റെ രക്തത്താലുള്ള കഴുകൽ പ്രാപിക്കൂ. ഇപ്പോൾ തന്നെ നിന്റെ ആയുസ്സ് ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഏല്പിക്കൂ. തിരുരക്തത്താലുള്ള വീണ്ടെടുപ്പും വിശുദ്ധീകരണവും അനുഭവിച്ചുകൊണ്ട് നീ ഒരു പുതിയ

സൃഷ്ടിയായി തീരൂ.

> “ഞാൻ കള്ളനെപ്പോലെ വരും. തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ.”
>
> വെളി. 16:15

ഏലിയാവ് പറന്ന് ഉയർന്നു. എന്നാൽ കർത്താവായ യേശു ഐഹീക ജീവിത കാലത്ത് പരസ്യ ശുശ്രൂഷാവേള യിൽ താബോർ മലയിലേക്ക് കയറിപ്പോയി. അവിടെ മോശയും ഏലിയാവും യേശുവിന്റെ അരികിലേക്ക് ഇറങ്ങി വന്നു.

മേഘത്തിൽ എടുക്കപ്പെട്ട ഏലിയാവ്, മോശയും ഒരു മിച്ച് യേശുവിന്റെ സന്നിധിയിലേക്ക് ഇറങ്ങിവന്നു. മോശയും ഏലിയാവും യേശുവിന്ന് വരുന്ന കഷ്ടാനുഭവത്തെ കുറിച്ച് സംസാരിച്ചുകൊണ്ട് താബോർ മലയിൽ ഇരുന്നു. പത്രോസും യാക്കോബും യോഹന്നാനും കൂടെ ഉണ്ടായിരുന്നു. അവരോ ഒരു വലിയ മയക്കം ബാധിച്ചവരായി അവർ അവിടെ ഇരു ന്നുപോയി.

സഹോദരങ്ങളെ, എന്നാൽ ഈ ഏലിയാവ് ഇനിയും അന്തിക്രിസ്തുവിന്റെ ഭരണകാലത്ത് വീണ്ടും വരും. എതിർ ക്രിസ്തുവിന്റെ ഭരണകാലത്ത് അതിന്റെ ആ ഏഴുവർഷ ത്തിന്റെ ഒടുവിലത്തെ മൂന്നര വർഷത്തിൽ ഈ ഏലിയാവും മോശയും വീണ്ടും വരും.

അന്ന് ഈ ഏലിയാവിനേയും മോശയേയും രണ്ടു വ്രത ന്മാരായി നാം തിരുവചനത്തിൽ വായിക്കുന്നു. (വെളിപാട്

പുസ്തകം പതിനൊന്നാം അദ്ധ്യായം) ഈ വ്രതന്മാരെ അന്തിക്രിസ്തു കൊല്ലും, യെരൂശലേമിന്റെ വീഥിയിൽ അവരുടെ ശവശരീരം കിടക്കും.

സകല ഗോത്രക്കാരും സകല ദേശക്കാരും സകല ഭാഷക്കാനും എല്ലാവരും ആ ശരീരം മൂന്ന് ദിവസം കാണും. മാത്രമല്ല ടെലിവിഷന്റെ പ്രയോജനം അപ്പോഴാണ് നടക്കുന്നത്. രണ്ടായിരം വർഷം മുമ്പ് ടെലിവിഷനെക്കുറിച്ച് ശാസ്ത്രബോധമില്ലാത്ത കാലത്ത് പരിശുദ്ധാത്മാവ് രേഖപ്പെടുത്തി വച്ചു, ടെലിവിഷനിൽ. അതിൽകൂടി സകല ലോകരാഷ്ട്രങ്ങളിലും ഏലിയാവിന്റെയും മോശയുടെയും ശരീരം, യെരുശലേം നഗരത്തിന്റെ തെരുവീഥിയിൽ കിടക്കുന്നത് കാണും എന്ന്.

എന്നാൽ അവർ ഉയർത്തെഴുന്നേറ്റ് വീണ്ടും ആ സ്വർഗ്ഗ സന്നിധിയിലേക്ക് എടുക്കപ്പെടും എന്നും തിരുവചനം പറയുന്നു.

ദൈവപൈതലേ, നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ കർത്താവായ യേശുവിന്റെ അരുമ മണവാട്ടിയായി നിന്നാൽ ക്രിസ്തു മദ്ധ്യാകാശത്തിൽ വരുമ്പോൾ നമുക്ക് പറക്കാം, നമുക്ക് തിരുസന്നിധിയിൽ പറന്നെത്താം. നമുക്ക് ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ഇവിടെവെച്ച് പ്രാപിക്കാം. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രാപിച്ച്, ദൈവത്തിന്റെ ശക്തി പ്രാചിച്ച്, ദൈവത്തിന്റെ അത്ഭുതകൃപകൾ പ്രാചിച്ച്, ആത്മാവിന്റെ ഫലങ്ങൾ പ്രാപിച്ച് ദൈവത്തിന് മഹത്വം കരേറ്റാം. ഒരു പുതിയ ജീവിതം നമുക്ക് തുടങ്ങാം.

പ്രിയപ്പെട്ടവരെ, ആത്മനിറവിന്റെ ജീവിതം, ആത്മാഭിഷേകത്തിന്റെ ജീവിതം, സ്വർഗ്ഗീയമഹാസൗഭാഗ്യാനുഭവത്തിന്റെ

ജീവിതം, സന്തോഷത്തിന്റെ ജീവിതം, സൗഭാഗ്യാനുഭവ സമ്പൂർണ്ണമായ ജീവിതം, വിശുദ്ധിയുടെ ജീവിതം, കർത്താവായ യേശുവിന്റെ സ്നേഹത്താൽ നിറഞ്ഞ ജീവിതം, വിശ്വാസത്തിൽ അടിഉറച്ച ജീവിതം, പ്രത്യാശയിൽ നിറഞ്ഞിരിക്കുന്ന ജീവിതം, നമുക്ക് ഈ ഭൂമിയിൽ നയിക്കാം.

നമ്മുടെ നാഥന്റെ വേല തികയ്ക്കാം, പരിശുദ്ധാത്മാവിനെ പ്രാപിക്കാം. നമുക്ക് പുതിയ സമർപ്പണം എടുക്കാം. നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹവാനേ, മഹാകാരുണ്യവാനായ സ്വർഗ്ഗീയ പിതാവേ, ഏലിയാവിന്റെ ചരിത്രം ഞങ്ങൾ പഠിച്ചു. ഏലിയാവിനെക്കുറിച്ച് ഞങ്ങൾ വായിച്ചു. ഏലിയാ പ്രവാചകനെപ്പോലെ യിസ്രായേലിന്റെ തേരും തേരാളികളുമായി നിൽക്കുവാൻ ദേശത്തിന്റെ സൈന്യസന്നാഹമായി നിൽക്കുവാൻ ഞങ്ങൾക്കും ഭാഗ്യം തരണമേ, ഞങ്ങളെ വിശുദ്ധീകരിക്കേണമേ, ഞങ്ങളെ അനുഗ്രഹിക്കേണമേ, ഞങ്ങളെ വാഴ്ത്തണമേ, സ്വർഗ്ഗീയ സന്നിധാനത്തിലേക്ക് ചേർക്കപ്പെടുവാൻ യോഗ്യരാക്കി തീർക്കണമേ.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 A M |
| ശനി | സൂര്യ ടിവി | : 6.30 A M |
| ഞായർ | ജീവൻ ടിവി | : 6.30 A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 A M – 2.00 P M | മേച്ചങ്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30P M – 5.00P M | |
| മൂന്നാം ഞായറാഴ്ച | 12.30P M – 5.00P M | |
| എല്ലാ തിങ്കളാഴ്ചയും | 6.00P M – 8.00P M | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00A M – 1.00P M | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00A M – 8.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30A M – 9.00P M | |